Reg. No. M. 2293

ഓരോപ്രതി 2ണ

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 27 | 1129 ധനു 29—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ജനുവരി 13 | ലക്കം 20

## സാമൂഹ്യപ്രവർത്തനത്തിൽ അൽമായനേതൃത്വം.

(മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി, സി. എസ്. എ. ഡയറക്ടർ)

ദേശീയസ്വാതന്ത്ര്യം ലഭിച്ചതോടുകൂടി ഇന്ത്യ ഒരു പുതിയ കാലഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കയാണല്ലോ. ഈ സന്ദർഭത്തിൽ കോടിക്കണക്കിനുള്ള ഇന്ത്യക്കാരുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനത്തിനു വേണ്ടി വിപുലമായ പല പരിവർത്തനങ്ങളും ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. സാമൂഹ്യപ്രവർത്തനം ഒരു നവചൈതന്യത്തോടുകൂടെ രാജ്യമൊട്ടുക്കു വ്യാപിച്ചുവരുന്നു. സാമാന്യജനങ്ങളുടെ സാമൂഹ്യനില ഉയർത്തുന്നതിനു ദൃഢനിശ്ചയത്തോടുകൂടി പല ശ്രമങ്ങളും ചെയ്യപ്പെടുന്നു. എല്ലാ പൗരന്മാർക്കും സാമ്പത്തികവും സാമൂഹ്യവുമായ ക്ഷേമം ഉറപ്പാക്കുക എന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ ലക്ഷ്യങ്ങളിൽ ഒന്ന്. അതിൽ എല്ലാവർക്കും വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്ന മൗലികാവകാശങ്ങളിൽ പലതും, അതിൽ അന്തർലീനമായിരിക്കുന്ന നിർദ്ദേശകതത്വങ്ങളും സാമൂഹ്യസുവ്യവസ്ഥിതിയെ ദേശീയ വികസനത്തിന്റെ അന്ത്യമായി ചൂണ്ടിക്കാണിക്കുന്നു. അതനുസരിച്ച് ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ അഭിവൃദ്ധിക്കായി വിപുലമായതോതിൽ പല പദ്ധതികളും ആസൂത്രണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അവയെ കഴിയുന്നവേഗത്തിൽ പ്രവൃത്തിപഥത്തിൽ വരുത്തുവാൻ ഗവമ്മേണ്ടുകൾ ഭീമമായ സംഖ്യകൾ ചിലവഴിക്കുകയും ചെയ്യുന്നു.

### ഈ പരിതസ്ഥിതിയിൽ കത്തോലിക്കരുടെ നില

ദേശീയമായി ഇത്ര പ്രധാനവും അടിയന്തിരവുമായ ഈ പരിതസ്ഥിതിയിൽ ഈ രാജ്യത്തിലെ കത്തോലിക്കാപൗരന്മാർ സാമൂഹ്യപ്രവർത്തനത്തിൽ തീവ്രമായി സഹകരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. എന്തുകൊണ്ടെന്നാൽ, തങ്ങളുടെ സഹോദരന്മാരുടെ ക്ഷേമത്തെ കാംക്ഷിക്കയും പൊതുനന്മയ്ക്കായി പ്രവർത്തിക്കയും ചെയ്യുവാൻ ഈ രാജ്യത്തിലെ കത്തോലിക്കർ മററുള്ളവരെക്കാൾ കൂടുതൽ കടപ്പെട്ടിരിക്കുന്നു.

സാമൂഹ്യപ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുവാനും നേതൃത്വം നൽകുവാനും കത്തോലിക്കരെ പ്രേരിപ്പിക്കുന്ന ന്യായങ്ങൾ പലതുണ്ട്. അവയിൽ പ്രഥമവും പ്രധാനവുമായതു നമ്മുടെ വിശുദ്ധമതം നമ്മുടെമേൽ ചുമത്തുന്ന പരിപാവനധർമ്മമായ ഉപവിയുടെ അഥവാ പരസ്നേഹത്തിന്റെ നിയമമാണ്. “നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക” എന്ന കല്പന എല്ലാ ക്രിസ്ത്യാനികൾക്കും ബാധകമാണ്. ഈ കല്പനയും ക്രിസ്തുനാഥൻ നമുക്കു നൽകിയിട്ടുള്ള ഉൽകൃഷ്ടമാതൃകയും അനുസരിച്ച് ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രമല്ല, ഭൗതികജീവിതത്തിന്റെ പരിധിയിലും, പരസ്നേഹമാണ് ഒരു ക്രിസ്ത്യാനിയെ മററുള്ളവരിൽനിന്നു വേർതിരിച്ചു കാണിച്ചിട്ടുള്ളതും കാണിക്കേണ്ടതുമായ അടയാളം.

മനുഷ്യന്റെ ആത്മാവിനെയും ശരീരത്തെയും ഒന്നായി ബന്ധിക്കുന്ന സാരവത്തായ ഐക്യമത്രെ രണ്ടാമത്തെ കാരണം. മനുഷ്യൻ ആദ്ധ്യാത്മികവും ഭൗതികവുമായ ഒരു ജീവിയാണ്. ശരീരത്തെ ഉപയോഗിച്ചുകൊണ്ടാണ് അവൻ സന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ പ്രവൃത്തികൾ ചെയ്യുന്നതു്. അവന്റെ ജീവിതകാലമത്രയും ശരീരവും ആത്മാവും വേർപിരിയാത്തവിധം സംയോജിച്ചിരിക്കുന്നു. അതുകൊണ്ടു മനുഷ്യന്റെ ആദ്ധ്യാത്മിക സംതൃപ്തിക്കു ശാരീരികജീവന്റെ ആവശ്യങ്ങൾ നിവർത്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യജീവിതത്തിൽ ഇപ്രകാരം ആത്മാവും ശരീരവും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് സഭ മാതാവു് മനുഷ്യന്റെ ശാരീരികാവശ്യങ്ങളിലും താല്പര്യം പ്രദർശിപ്പിക്കുന്നതു്. എല്ലാമനുഷ്യരുടേയും നിത്യരക്ഷയാണ് സഭയുടെനേരിട്ടുള്ള ജോലിയെങ്കിലും, അവൾ മാനവസമുദായത്തിന്റെ ദുരിതനിവാരണത്തിനും ഭൗതികാഭിവൃദ്ധിക്കുമായി സർവ്വദാ ഉൽബോധനംകൊണ്ടും പ്രവർത്തനംകൊണ്ടും പ്രയത്നിച്ചിട്ടുണ്ടു്. മഹസ്സ്മരണസ്സ് അർഹനായ പതിമൂന്നാം ലെയോ പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, “സഭ തന്റെ മക്കളുടെ ഭൗതികതാല്പര്യങ്ങളെ അവഗണിക്കത്തക്കവിധം അത്രയ്ക്ക് അവരുടെ ആദ്ധ്യാത്മികനന്മയിൽ മാത്രം ശ്രദ്ധപതിക്കുന്നുവെന്നു ആരും തെററിദ്ധരിക്കരുതു്. ദരിദ്രർ അവരുടെ ദാരിദ്ര്യത്തിനും ദുരവസ്ഥയ്ക്കും മേലായി ഉയർന്നു് അവരുടെ ജീവിതസ്ഥിതി നന്നാക്കണമെന്നു അവൾ ആഗ്രഹിക്കയും അതിനായി പരിശ്രമിക്കയും ചെയ്യുന്നു. അൽമായർ സാമൂഹ്യപ്രവർത്തനത്തിൽ പങ്കുകൊള്ളുന്നതുകൊണ്ടു സഭയുടെ ഈ ആഗ്രഹവും ജോലിയും നിറവേററുകയത്രെ ചെയ്യുന്നതു്.



മൂന്നാമതായി, ബഹുലക്ഷങ്ങളെ വഴിതെററിക്കുന്ന അബദ്ധസിദ്ധാന്തങ്ങളും ആശയങ്ങളും സർവ്വത്ര പ്രചരിക്കുന്ന ഇക്കാലത്തു കത്തോലിക്കാസഭയുടെ സാമൂഹ്യതത്വങ്ങൾകൊണ്ടു് അവയോടു നാം പോരാടേണ്ടതു അത്യാവശ്യമാണ്. എങ്കിൽമാത്രമേ ഒരു രാഷ്ട്രത്തിനു സാമൂഹ്യരംഗത്തുണ്ടാകുന്ന നേട്ടങ്ങൾ ജനങ്ങളുടെ സന്മാർഗ്ഗത്തിനും ആദ്ധ്യാത്മികനന്മയ്ക്കും യാതൊരുവിധത്തിലും ഹാനികരമാകാതിരിക്കയുള്ളു. ഈ പ്രസ്താവന നമ്മുടെ രാജ്യത്തെ സംബന്ധിച്ചു തികച്ചും അന്വർത്ഥമാണ്. ഇവിടെ സാമൂഹ്യപ്രവർത്തനത്തിന്റെ സിംഹഭാഗം അകത്തോലിക്കരാണു നടത്തുന്നതു്. തന്മൂലം കമ്മ്യൂണിസംപോലെയുള്ള അബദ്ധസിദ്ധാന്തങ്ങൾക്കും ജനനനിയന്ത്രണം, കുടുംബസംവിധാനം, തുടങ്ങിയ അസന്മാർഗ്ഗികപ്രസ്ഥാനങ്ങൾക്കും അവർ അടിപ്പെട്ടുപോകുവാൻ ഇടയുണ്ടു്. ആകയാൽ ഈദൃശവിപത്തുകൾക്കെതിരായി തങ്ങളുടെ സ്വരം ഉയർത്തുകയും, കത്തോലിക്കാദർശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അനുയോജ്യമായവിധത്തിൽ സാമൂഹ്യപ്രവർത്തനത്തെ നേരായ മാർഗ്ഗത്തിലേക്കു് തിരിച്ചുവിടുകയും ചെയ്യുവാൻ അൽമായകത്തോലിക്കർ കടപ്പെട്ടിരിക്കുന്നു. സഭയുടെ സിദ്ധാന്തങ്ങൾ മനുഷ്യസമുദായത്തിന്റെ ന്യായമായ ക്ഷേമത്തിനും ശ്രേയസ്സിനും ഉപകരിക്കുന്ന സാർവ്വത്രികതത്വങ്ങളാണെന്നു് ആരും സമ്മതിക്കുമല്ലോ.

അവസാനമായി സാമൂഹ്യരംഗത്തു സഭ സമാർജ്ജിക്കുന്ന നേട്ടങ്ങളെ ആശ്രയിച്ചായിരിക്കും മിക്കവാറും ഈ രാജ്യത്തു് അവളുടെ ഭാവി സ്ഥിതിചെയ്യുന്നതെന്നു നാം ഓർക്കണം. സഭയ്ക്കു് അഭിമുഖീകരിക്കേണ്ടിവരാവുന്ന ഭാ

* (ജനുവരിമാസം 10-ാംതിയതി ആചരിക്കപ്പെടുന്ന 1954-ലെ “സാമൂഹ്യനീതിദിനം” പ്രമാണിച്ചു സി. എസ്. എ. ഡയറക്ടറായ വരാപ്പുഴമെത്രാപ്പോലീത്താ തിരുമേനി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവന)

വിവിഷമതകളുടെ അത്യുഗ്രലക്ഷണങ്ങൾ ഇപ്പോൾത്തന്നെ നാം കണ്ടുതുടങ്ങിയിട്ടുണ്ട്. രാജ്യത്തിന്റെ നന്മയ്ക്ക് ഉപകരിക്കുന്ന എല്ലാ സംരംഭങ്ങളിലും കത്തോലിക്കർ മുന്നണിയിൽത്തന്നെ നിലകൊള്ളുന്നുണ്ടെന്നു നമുക്കു കാണിക്കാൻ സാധിക്കാത്തപക്ഷം—സാമൂഹ്യമായ ഉൽക്കർഷത്തിനും പുരോഗതിക്കുമായുള്ള തീക്ഷ്ണതയിൽ നാം അദ്വിതീയരാണെന്നു കാണിക്കാത്തപക്ഷം—ദേശീയകാര്യങ്ങളുടെ നിയന്ത്രണത്തിൽ നാം ത്യാജ്യകോടിയിൽ തള്ളപ്പെടും. അങ്ങനെ നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യസാമ്പത്തികവ്യവസ്ഥിതി രൂപവൽക്കരിക്കുന്നതിൽ നമുക്കു യാതൊരു പങ്കും ഉണ്ടായിരിക്കുന്നതുമല്ല.

ഇപ്പോൾ നമ്മുടെ നാട്ടിൽ ഏർപ്പെടുത്തിയിട്ടുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ കഴിയുന്ന തീക്ഷ്ണതയോടെ സഹകരിക്കുന്നതിനു കത്തോലിക്കാസമുദായത്തെ പ്രേരിപ്പിക്കുന്ന ചില ന്യായങ്ങളും തത്വങ്ങളുമത്രേ മുകളിൽ പ്രസ്താവിച്ചതു്. രാജ്യത്തിൽ സർവ്വത്ര വ്യാപിച്ചിട്ടുള്ള സാമൂഹ്യവും സാമ്പത്തികവുമായ ദുരവസ്ഥ ഏതാദൃശസഹകരണത്തെ അത്യന്താപേക്ഷിതമാക്കിത്തീർക്കുന്നു. ചിരകാലമായി ദാരിദ്ര്യത്തിന്റെയും സാമ്പത്തികാരിഷ്ടതയുടെയും പിടിയിൽ കിടന്നു വലയുന്ന ഒരു രാജ്യമാണ് നമ്മുടേതു്. ഈ ദയനീയസ്ഥിതിയിൽനിന്നു നമ്മുടെ ജനങ്ങളെ ഉദ്ധരിക്കുന്നതിനു ദീർഘകാലത്തേക്കു സുധീരമായ ശ്രമം ചെയ്യേണ്ടിവരും.

### സമർത്ഥന്മാരും ശിക്ഷണം ലഭിച്ചവരുമായ നേതാക്കന്മാരെ ആവശ്യമുണ്ട്

ഇത്രയും പറഞ്ഞതിൽനിന്നു് ഇക്കാലത്തു് സാമൂഹ്യപ്രവർത്തനത്തിൽ കത്തോലിക്കർ, വിശിഷ്യാ കത്തോലിക്കാ അത്മായർ നേതൃത്വം വഹിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നുണ്ട്. എന്നാൽ അതേസമയംതന്നെ സാമൂഹ്യപ്രവർത്തനം പണ്ടത്തെപ്പോലെ ഇന്നു് അത്ര എളുപ്പമുള്ള ഒരു കാര്യമല്ല. പണ്ടുകാലങ്ങളിൽ പ്രചാരത്തിലിരുന്ന പരോപകാരപ്രവർത്തനരീതികളും സംഘടനകളും ഒറ്റപ്പെട്ടുള്ള യത്നങ്ങളും ഇപ്പോൾ തീരെ മതിയാകയില്ല. ആധുനികലോകത്തിലെ പല പ്രശ്നങ്ങളെയും അഭിമുഖീകരിപ്പാൻ അവ അപ്രാപ്തങ്ങളാണ്. സാമൂഹ്യപ്രശ്നങ്ങൾ അടിക്കടി കൂടുതൽ വിഷമതരങ്ങളായി തീർന്നുകൊണ്ടിരിക്കുന്നു. സർവ്വവ്യാപകമായ ഒരു ബന്ധത്താൽ ഒരു രാഷ്ട്രം മറ്റെല്ലാ രാഷ്ട്രങ്ങളുമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. എവിടെയെങ്കിലും ഒരു സാമ്പത്തികത്തകർച്ച സംഭവിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങൾ വിസ്തൃതങ്ങളും ഒരുപക്ഷേ ലോകവ്യാപകങ്ങളും ആയിത്തീരും. ഒരു പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ, ഗ്രാമമോ പോലെ സമുദായത്തിലെ ഒരു ചെറിയ ഘടകംതന്നെ വളരെ ഉൾപ്പിരിവുകൾ ഉള്ള ഒരു സാമൂഹ്യഘടനയായി തീർന്നിട്ടുണ്ട്. അമ്പരപ്പിക്കുന്ന നാനാത്വങ്ങളോടുകൂടിയ മനുഷ്യസമുദായത്തിന്റെ ഈ സ്ഥിതിവിശേഷത്തിൽ സാമൂഹ്യപ്രവർത്തനത്തിന്റെ നേതൃത്വം വഹിക്കുന്നവർ പ്രത്യേക കഴിവുകളും വിശേഷസാമർത്ഥ്യവും വിശേഷജ്ഞാനവും ശിക്ഷണവും ഉള്ളവരായിരിക്കണം. രാജ്യത്തിൽ പല സ്ഥലങ്ങളിലും ഇപ്പോൾ സ്ഥാപിതമായിക്കൊണ്ടിരിക്കുന്ന ശിക്ഷണകേന്ദ്രങ്ങളിൽനിന്നു് അഭ്യസനം ലഭിക്കാവുന്നതാണ്.

സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെടുന്ന ഒരു കത്തോലിക്കനു് ആവശ്യമുള്ള സാങ്കേതികജ്ഞാനവും ശിക്ഷണവും മതേതരസ്ഥാപനങ്ങളിൽനിന്നു് അവനു സമ്പാദിക്കാവുന്നതാണ്. എന്നാൽ അകത്തോലിക്കരായ തന്റെ സഹപ്രവർത്തകർക്കു് ഇല്ലാത്ത ചില ഗുണവിശേഷങ്ങളും അവനുണ്ടായിരിക്കണം. ഒരു കത്തോലിക്കനെന്ന കാരണംകൊണ്ടുതന്നെ നമ്മുടെ പരിപാവനമതം ഉദ്ബോധിപ്പിക്കുന്ന തത്വങ്ങളും ആദർശങ്ങളും മററു കാര്യങ്ങളിൽ എന്നപോലെ സാമൂഹ്യപ്രവർത്തനത്തിലും അനുഷ്ഠിക്കുവാൻ അവൻ കടപ്പെട്ടിരിക്കുന്നു. മതേതരസ്ഥാപനങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള അറിവും ശിക്ഷണവുംകൊണ്ടു അവൻ തൃപ്തിപ്പെടരുതു്. ഇതിനുപുറമെ കത്തോലിക്കാസാമൂഹ്യസിദ്ധാന്തങ്ങളെക്കുറിച്ചു പരിപൂർണ്ണജ്ഞാനം സമ്പാദിക്കുവാനും, കത്തോലിക്കാ സാമൂഹ്യാദർശങ്ങളുടെ ചൈതന്യത്താൽ തന്റെ പ്രവർത്തനത്തെ സജീവമാക്കുവാനും അവൻ ശ്രമിക്കണം. ക്രിസ്തീയപരസ്നേഹത്തിന്റെ തീക്ഷ്ണതയാൽ അവൻ ഉജ്ജ്വലിക്കണം. തന്റെ ജോലിക്കു മിതമായ ഒരു പ്രതിഫലം സ്വീകരിക്കാമെങ്കിലും, സ്വന്തലാഭം ഉദ്ദേശിച്ചല്ല അവൻ പ്രവർത്തനത്തിൽ ഏർപ്പെടേണ്ടതു്. പ്രത്യുത ക്രിസ്തുവാണു തന്റെ ആദർശമെന്നും, അവിടുന്നു നമ്മെ സ്നേഹിച്ചതുപോലെ സകല മനുഷ്യരേയും സ്നേഹിപ്പാൻ നമ്മോടു കല്പിച്ചിട്ടുണ്ടെന്നും ഓർത്തുകൊണ്ടു് ത്യാഗത്തിന്റെയും സേവനത്തിന്റെയും ആദർശങ്ങളിൽ പ്രേരിതനായിട്ടാണ് അവൻ പ്രവർത്തിക്കേണ്ടതു്. സർവ്വോപരി അവൻ ഒരു കത്തോലിക്കനാകയാൽ തന്റെ സഹപ്രവർത്തകരുടെ ഇടയിൽ അവൻ ജോലിചെയ്യുമ്പോൾ അവർക്കു തന്റെ നിർദ്ദോഷമായ ജീവിതവും സ്വഭാവവുംകൊണ്ടു ഒരു മാതൃകയായി വർത്തിക്കണം. സാമൂഹ്യപ്രവർത്തനംപോലെയുള്ള ഒരു രംഗത്തു സാമാന്യജനങ്ങളെ ആദ്ധ്യാത്മികവും ധാർമ്മികവുമായ നന്മയിലേക്കു് ആകർഷിക്കുന്നതിനും അവരുടെ വിശ്വാസാദരങ്ങൾ സമാർജ്ജിക്കുന്നതിനും പററിയ ഒരു ധാർമ്മികശക്തിയായി അവൻ പ്രശോഭിക്കണം. നേതൃത്വത്തിന്റെ രഹസ്യം ഇതാണ്. ഇക്കാര്യത്തിൽ മററു പ്രവർത്തകരെക്കാൾ മെച്ചമായ ഒരു നിലയാണ് കത്തോലിക്കാപ്രവർത്തകനുള്ളതു്.

### പ്രവർത്തനത്തിനുള്ള അവസരങ്ങൾ

കത്തോലിക്കർക്കു് വിശേഷിച്ചും പററിയ ഒരു പ്രവർത്തനരംഗം നമ്മുടെ നാട്ടിൽ ഇതാ തുറക്കപ്പെട്ടിരിക്കുന്നു. സമുദായത്തിൽ ജീവിക്കുന്നതിനും സമസൃഷ്ടികളോടു ഇടപെടുന്നതിനും അങ്ങനെ അവന്റെ പരമാന്ത്യലബ്ധിക്കായി ജീവിതത്തിലെ ചുററുപാടുകളെ വിനിയോഗിക്കുന്നതിനുംവേണ്ടി ദൈവം മനുഷ്യനെ ഒരു സാമൂഹ്യജീവിയായി സൃഷ്ടിച്ചിരിക്കയാൽ, സമുദായത്തിന്റെ ഭൗതികവും ധാർമ്മികവുമായ പുരോഗതിക്കായി പ്രവർത്തിക്കുന്നതു ശ്ലാഘനീയമായ ഒരു ജോലിയത്രെ. നമ്മുടെ ഈ രാജ്യത്തു സമുദായം ദയനീയമാംവിധം അധഃപതിച്ചിരിക്കയാൽ, അരിഷ്ടതയിൽനിന്നു് അതിനെ മോചിപ്പിക്കുവാൻ കഴിയുന്നവേഗം തീവ്രപരിശ്രമം ചെയ്യുന്നതിനു നാം കടപ്പെട്ടിരിക്കുന്നു. ഈ കടമ നിറവേററുവാൻ ദൃഢപ്രതിജ്ഞയോടുകൂടെ നാം പ്രവർത്തിക്കണം. ഇതു ഇന്നത്തെ ഒരു വലിയ ആവശ്യമാണ്. ഒന്നുകിൽ നമ്മുടെ രാജ്യത്തു് നിലവിലുള്ള വിവിധ സാമൂഹ്യസംഘടനകളിൽ അംഗങ്ങളായി ചേർന്നു സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടു് അവയുടെ നയപരിപാടികളെ നമുക്കു നിയന്ത്രിക്കാവുന്നതാണ്. അല്ലെങ്കിൽ നമ്മുടെ സ്വന്തം സംഘടനകൾ രൂപവൽക്കരിക്കണം. അങ്ങനെ ചെയ്യുമ്പോൾ കത്തോലിക്കാസഭയുടെ നേതൃത്വത്തിലാണ് നാം പ്രവർത്തിക്കുന്നതെന്നു് ഓർത്തുകൊണ്ടു് എല്ലാ വർഗ്ഗീയചിന്തകളും അകററി നിറുത്തേണ്ടതുമാണ്. സാമൂഹ്യപ്രവർത്തനം ഒരു പ്രത്യേകവിധത്തിൽ കത്തോലിക്കരായ അൽമായർക്കു യോജിച്ചതാണെന്നു് എടുത്തുപറയേണ്ടിയിരിക്കുന്നു. വൈദികർ ഇതിൽ പങ്കുകൊള്ളുന്നതും നിയന്ത്രിക്കുന്നതും വളരെ ഉപകാരപ്രദമായിരിക്കും. എന്തുകൊണ്ടെന്നാൽ പതിനൊന്നാം പീയൂസ് പാപ്പാ പ്രസ്താവിച്ചിട്ടുള്ളതുപോലെ സാമൂഹ്യപ്രശ്നം ഒരു സാന്മാർഗ്ഗികപ്രശ്നംതന്നെയാണ്. എന്നിരുന്നാലും ഇതു അൽമായരുടെ ഒരു പ്രത്യേകരംഗമാണെന്നു വ്യക്തമാണ്.

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം സാമൂഹ്യരംഗത്തു അവർ അനുഷ്ഠിക്കുന്ന സേവനം ഒരു പ്രേഷിതത്വം—കത്തോലിക്കാസാമൂഹ്യപ്രവർത്തനത്തിന്റെ പ്രേഷിതത്വം—ആയി പരിഗണിക്കപ്പെടുന്നതാണ്. കത്തോലിക്കാപ്രവർത്തനമാകുന്ന വലിയ പ്രേഷിതത്വം കഴിഞ്ഞാൽ ഇതിനാണ് ഒന്നാംസ്ഥാനം നൽകേണ്ടതു്. കത്തോലിക്കാപ്രവർത്തനം മനുഷ്യവർഗ്ഗത്തിൽ ആദ്ധ്യാത്മികചൈതന്യം ഉളവാക്കുന്നതിനും അങ്ങനെ "എല്ലാ വസ്തുക്കളെക്കാൾ ഉപരിയായി ദൈവത്തെ സ്നേഹിക്കുക" എന്ന കല്പനയുടെ അനുഷ്ഠാനം വഴിയായി ദൈവരാജ്യം വിസ്തൃതമാക്കുവാനും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കത്തോലിക്കാ സാമൂഹ്യപ്രവർത്തനമോ എന്നാൽ "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്ന പ്രമാണത്തിന്റെ അനുഷ്ഠാനംവഴിയായി, സകല മനുഷ്യരുടേയും ഭൗതികവും സാമൂഹ്യവുമായ അഭിവൃദ്ധിക്കായി ശ്രമിക്കുന്നു. ഈ പ്രേഷിതത്വത്തിലാണ് കത്തോലിക്കരായ അൽമായർ ഇപ്പോൾ ശ്രദ്ധ പതിക്കേണ്ടതു്. മുൻപറഞ്ഞപോലെ മററു സംഘടനകളിൽ സഹകരിച്ചുകൊണ്ടോ അഥവാ സ്വന്തം സംഘടനകൾ രൂപവൽക്കരിച്ചുകൊണ്ടോ അവർക്കു പ്രവർത്തിക്കാവുന്നതാണ്. അതുമൂലം മഹനീയമായ ഒരു ജോലി നിർവ്വഹിക്കയും മററു ജനവിഭാഗങ്ങളുടെയും അനന്തരതലമുറകളുടെയും കൃതജ്ഞതാദരങ്ങൾ നമുക്കു സമാർജ്ജിക്കയും ചെയ്യാം. കത്തോലിക്കാ അൽമായരുടെ ഇടയിൽനിന്നു സാമൂഹ്യ പ്രവർത്തനത്തിന്റെ ധാരാളം നേതാക്കന്മാർ മുന്നോട്ടുവരട്ടെ! ഈ മഹനീയജോലി ചെയ്യുവാൻ ദൈവം അവർക്കു ശക്തിയും നിദേശനവും നൽകുകയും ചെയ്യട്ടെ.

വിദേശവീഥി

# സോവ്യററ് സുപ്രീംകോടതി കമ്മ്യൂണിസ്റ്റ് പാട്ടിയുടെ കോടാലിക്കൈ

ലവറന്തി ബെറിയായേയും, മന്ത്രിമാരും ഉന്നതസ്ഥാനികളുമായ മററു് 6 പേരേയും സോവ്യററ് സുപ്രീംകോടതിയുടെ ഒരു പ്രത്യേക സെഷനിൽ, ഡിസംബർ 18-ാം 23-ാം തിയതികൾക്കുള്ളിൽ തുടരെ നടത്തിയ വിചാരണയുടെ ഫലമായി ഏററവും വലിയ രാജ്യദ്രോഹക്കററം ചെയ്തവരെന്നു സ്ഥാപിച്ചു് മരണത്തിനുവിധിച്ചു തൽക്ഷണം അവരെ വെടിവച്ചു കൊല്ലുകയുംചെയ്തു.

ബെറിയായുടെ കഥ—[illegible]

ബെറിയ സ്റ്റാലിന്റെ വലംകൈയായിരുന്നു. മന്ത്രിസഭയിലെ ഡപ്യൂട്ടിചെയർമാൻ, ഉപപ്രധാനമന്ത്രി, കമ്മ്യൂണിസ്റ്റ് പാർട്ടി ഹൈക്കമാൻറിലെ അംഗം എന്നീ ഉദ്യോഗങ്ങൾ വഹിച്ചിട്ടുണ്ട്. സോവ്യററ് രാഷ്ട്രീയ പോലീസിന്റെയും ആഭ്യന്തരസംരക്ഷണസംഘടനയുടേയും മേധാവിയായിരുന്നു. സ്റ്റാലിന്റെ മരണശേഷം സോവ്യററ് ഭരണംഏറെറടുത്ത 3 പേരിൽ 2-ാമനുമായിരുന്നു. സോവ്യററ് എൻസൈക്ലോപ്പീഡിയായിൽ ബെറിയായെ ചിത്രീകരിച്ചിരിക്കുന്നതു് സോവ്യററ് രാഷ്ട്രത്തിലെ ഏററവും മികച്ച നേതാക്കന്മാരിൽ ഒരുവനായിട്ടാണ്. 1945-ജൂണിൽ യു. എസ്. എസ്. ആറിലെ മാർഷൽ എന്ന സ്ഥാനം അദ്ദേഹത്തിനു ലഭിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ജനങ്ങൾക്കുംവേണ്ടി ചെയ്ത സേവനങ്ങൾക്കു സമ്മാനമായി "ഓർഡേഴ്സ് ഓഫ് ലനിൻ" മുതലായ 5 ബഹുമതിമുദ്രകൾ അദ്ദേഹത്തിനു നൽകപ്പെട്ടു. ഇങ്ങനെയുള്ള ബെറിയായെയാണ് "വിദേശമുതലാളിത്തത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി സോവ്യററ് രാഷ്ട്രത്തെ അട്ടിമറിക്കുവാൻ" ശ്രമിച്ചു എന്ന കുററം ആരോപിച്ചു കഴിഞ്ഞ ജൂലൈ 10-ാംനു ഉദ്യോഗത്തിൽനിന്നു ബഹിഷ്കരിക്കുകയും അറസ്റ്റുചെയ്യുകയുമുണ്ടായതു്. സെപ്ററംബർ ഒക്ടോബർ മാസങ്ങളിൽ ലോകത്തിലെ പത്രങ്ങളിൽ ഊഹാപോഹങ്ങൾ പൊന്തിയിരുന്നു, ബെറിയ റഷ്യയിൽനിന്നു് ഒളിച്ചോടി രക്ഷപെട്ടെന്നു്. ആ കിംവദന്തികളെപ്പററി നിഷേധരൂപത്തിൽ മോസ്ക്കോയിൽനിന്നു് യാതൊരു വാക്കും ശബ്ദിച്ചുകേട്ടില്ല. ഏററവും വലിയ രാജ്യദ്രോഹക്കററത്തിനു്- അദ്ദേഹത്തെ സുപ്രീംകോടതി വിചാരണ ചെയ്യാൻപോകുന്നു എന്നു് ഒരറിയിപ്പുമാത്രം അവസാനത്തിൽ മോസ്ക്കോയിൽനിന്നുണ്ടായി. തന്റെ അധികാരത്തിന്റെ നാളുകളിൽ താൻ ആഫീസുനടത്തിയിരുന്ന ആ കാരാഗൃഹത്തിൽത്തന്നെ ബെറിയ അറസ്റ്റിനുശേഷം തടവുകാരനായി പാർപ്പിക്കപ്പെട്ടിരുന്നുവെന്നാണു വിചാരിക്കേണ്ടതു്. കഴിഞ്ഞ ആറുമാസക്കാലമായി ബെറിയായും കൂട്ടുപ്രതികളും, അവർ അധികാരത്തിലായിരുന്നപ്പോൾ പ്രയോഗിച്ചിട്ടുള്ള മാതിരി, ഭയങ്കരങ്ങളായ പോലീസ് പരിശോധനസമ്പ്രദായങ്ങൾക്കു് തീർച്ചയായും വിധേയരാക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായി അവർ ഒരിക്കലും ചെയ്യാൻ ഇടയില്ലാത്ത പാതകങ്ങൾ ചെയ്തതായി അവർ ഏററുപറഞ്ഞു. സുപ്രീംകോടതിയിൽ വിചാരണ ആരംഭിച്ചപ്പോൾത്തന്നെ ബെറിയായേയും കൂട്ടുപ്രതികളേയും മരണശിക്ഷയ്ക്കു വിധിക്കണമെന്നു് മോസ്ക്കോപത്രങ്ങൾ ആവശ്യപ്പെട്ടിരുന്നു. വലിയ രാജ്യദ്രോഹവും മററു പാതകങ്ങളും തങ്ങൾ ചെയ്തെന്നു പ്രതികൾ സമ്മതിച്ചതായി പബ്ലിക് പ്രോസിക്യൂട്ടർ പ്രസ്താവിച്ചതനുസരിച്ചു് ബഹുജനയോഗങ്ങൾകൂടി അവരെ ഏററവും കഠിനമായി ശിക്ഷിക്കണമെന്നു ആവശ്യപ്പെട്ട വിവരങ്ങൾ പത്രങ്ങൾ റിപ്പോർട്ടുചെയ്തിരുന്നു. പ്രവ്ദാപത്രം മുഖപ്രസംഗത്തിൽ പ്രസ്താവിച്ചു, ബെറിയായുടേതുപോലുള്ള ഗൂഢാലോചനകൾ മേലിൽ നടക്കാതിരിക്കാൻവേണ്ടി പാർട്ടിയും ഗവമ്മെൻറും തീരുമാനങ്ങൾ ചെയ്തിട്ടുണ്ടെന്നു്. "സോവ്യററ് സോഷ്യലിസ്റ്റ് നിയമങ്ങൾ ഉറപ്പായി നടപ്പിൽ വരുത്തുവാനും, ആഭ്യന്തരവകുപ്പു് മന്ത്രിപദമുൾപ്പെടെ സോവ്യററ് ഭരണചക്രത്തിന്റെ സകല വിഭാഗങ്ങളിലും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിരന്തരവും ക്രമീകൃതവുമായ നിയന്ത്രണം ഏർപ്പെടുത്തുവാനും പാർട്ടിയും ഗവമ്മെൻറും വിധിനിർണ്ണായകങ്ങളായ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്." ബെറിയായുടേയും കൂട്ടുപ്രതികളുടേയും ബഹിഷ്കരണവും വധവും സോവ്യററ് ഭരണസമ്പ്രദായത്തിന്റെ പാരമ്പര്യമനുസരിച്ചുതന്നെ നടന്നിട്ടുള്ളതാണ്. കമനേവ്, സിനൊവീവ്, ബുക്കറിൻ, റാഡെക്ക് മുതലായി ലനിന്റെ കാലംമുതൽ ഒന്നാംകിടയിലിരുന്ന സോവ്യററ് നേതാക്കന്മാരോടുചെയ്ത സ്വേച്ഛാധിപത്യപരമായ കടുംകൈയാണ് ബെറിയായോടും ചെയ്തതു്. മരണശിക്ഷ പാർട്ടിയും ഗവമ്മെണ്ടും നേരത്തേ നിശ്ചയിച്ചുകഴിഞ്ഞിരുന്നു. സുപ്രീംകോടതി വിചാരണ വെറും അഭിനയംമാത്രം. ലോകരുടെ കണ്ണിൽ പൊടിയിടാൻമാത്രമാണ് അതുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. ഇപ്പോഴത്തെ സോവ്യററ് ഭരണഘടനയിൽ പാർട്ടിക്കും ഗവമ്മെൻറിനും സുപ്രീംകോടതിയുൾപ്പെടെയുള്ള നീതിന്യായവകുപ്പിൽ കൈകടത്തുവാൻ കഴിവും അനുമതിയും നൽകിയിട്ടുണ്ടെന്നുള്ള വസ്തുതതന്നെ ഇതിനു തെളിവാണ്.

### സോവ്യററ് നീതിന്യായവകുപ്പ് സ്വതന്ത്രമല്ല

സോവ്യററ് നീതിന്യായവകുപ്പിന്റെ ലക്ഷ്യം "നീതിന്യായവകുപ്പുനിയമം" (Law on Judiciary) എന്ന സംഹിതയുടെ 2-ാം 3-ാം ആർട്ടിക്കിളിൽ നിർവ്വചനം ചെയ്തിരിക്കുന്നതനുസരിച്ചു്, യു. എസ്. എസ്. ആറിലെ സാമുദായികവും രാഷ്ട്രീയവുമായ സംഘടനയും, സോഷ്യലിസ്ററ് സാമ്പത്തികവ്യവസ്ഥിതിയും, സോഷ്യലിസ്റ്റ് വസ്തുക്കളും, പൗരന്മാരുടെ വ്യക്തിപരവും രാഷ്ട്രീയവും വസ്തുസംബന്ധവുമായ അവകാശങ്ങളും താല്പര്യങ്ങളും, രാഷ്ട്രത്തിന്റെ വകയായ സ്ഥാപനങ്ങളുടേയും കൃഷിവ്യവസായാദിസംരംഭങ്ങളുടേയും മററും അവകാശങ്ങളും താല്പര്യങ്ങളും സകലവിധ ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കുകയാണ്. അപ്രകാരംതന്നെ സോവ്യററ് നിയമങ്ങൾ സകലസ്ഥാപനങ്ങളും സംഘടനക

ളും ഉദ്യോഗസ്ഥന്മാരും പൗരന്മാരും കണിശമായും ഏററവും വിശ്വസ്തമായും അനുഷ്ഠിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുന്നതും നീതിന്യായവകുപ്പിൻെറ മുഖ്യതലയമാകുന്നു. ഇപ്രകാരം എഴുതപ്പെട്ടിട്ടുണ്ടെങ്കിലും സോവ്യററ് യൂണിയനിലെ നീതിന്യായവകുപ്പ് മിക്കവാറും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാര്യമാകുന്നു. പാർട്ടിയുടെ താല്പര്യങ്ങളും ആഭ്യന്തരഗണനകളും അതിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. ആകയാൽ നീതിന്യായവകുപ്പ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കമ്മ്യൂണിസ്റ്റുകളുടേയും താല്പര്യങ്ങളെ സംരക്ഷിക്കുവാനാണ് സ്ഥിതിചെയ്യുന്നതും പ്രവർത്തിക്കുന്നതും. നീതിന്യായവകുപ്പുമന്ത്രിയായിരുന്നറിക്കോവിൻേറയും (Rychkov) സുപ്രീം സോവ്യററിൻെറ പ്രസിഡിയത്തിൻെറ പ്രസിഡൻറ് സ്ഥാനം വഹിച്ചിരുന്നകലിനിൻേറയും (Kalinin) സാക്ഷ്യങ്ങൾ ഇതിനു തെളിവാണ്:

"സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ നിർമ്മാണത്തെ ശക്തിപ്പെടുത്തുകയും, ഒക്ടോബറിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ പിടിച്ചടക്കലുകളെ സംരക്ഷിക്കുകയും ചെയ്യുന്നതിൽ തൊഴിലാളിവർഗ്ഗസ്വേച്ഛാധിപത്യത്തിനുള്ള പ്രധാനവും മൂർച്ചയേറിയതുമായ ആയുധമാകുന്നു സോവ്യററ് നീതിന്യായവകുപ്പ്. തന്മൂലം സകല ജൂഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടേയും സകല പ്രാദേശിക പാർട്ടിഘടകങ്ങളുടേയും കർത്തവ്യം, നീതിന്യായവകുപ്പിലെ ഘടകങ്ങളെ ശരിയായി സംവിധാനംചെയ്യുകയും അവയുടെ പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുകയും സോഷ്യലിസത്തിൻേറയും പാർട്ടിയുടേയും പാർട്ടിയിൽപെടാത്ത ബോൾഷെവിക്കുകളുടേയും കാര്യത്തിൽ സേവനം ചെയ്യാൻ സന്നദ്ധരും നവീനരും സത്യസന്ധരുമായ ആളുകളെ ജൂഡിഷ്യൽ ഘടകങ്ങളിലേക്കു തിരഞ്ഞെടുക്കുകയും പ്രവേശിപ്പിക്കുകയും ചെയ്യുകയാണ്." (റിക്കോവ്).

"സുപ്രീംകോടതി കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സെൻട്രൽ കമ്മിററിയുടേയും യു. എസ്. എസ്. ആറിലെ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിററിയുടേയും ദൃഷ്ടികൾക്കു കീഴ്പ്പെട്ടിരിക്കുന്നു; അതിൻെറ തീരുമാനങ്ങൾ പാർട്ടിയുടെ പദ്ധതിക്കു പരിപൂർണ്ണമായും യോജിച്ചിരിക്കുന്നു. ജഡ്ജി ഒരു നല്ല മാർക്സിസ്റ്റും, തത്വവാദിയും, പരിചയസമ്പന്നനായ പ്രായോഗികപ്രവർത്തകനും, സംസ്കാരവും സാഹിത്യവും കൈവന്നിട്ടുള്ളവനുമാണെങ്കിൽ, അയാളുടെ വിധികളും തീരുമാനങ്ങളും 99ശതമാനവും രാഷ്ട്രീയമായ പ്രാധാന്യം ഉള്ളവയായിരിക്കുമെന്നും, സോവ്യററ് നിയമങ്ങളുടെ പ്രചരണത്തിനുള്ള ഉത്തമമായ മാർഗ്ഗമായിരിക്കുമെന്നും, പാർട്ടിയുടെ നിർദ്ദേശങ്ങൾക്കു പ്രചരണോപാധിയായിരിക്കുമെന്നും ഉറപ്പിച്ചുപറയാൻ കഴിയും. ജഡ്ജി ഒരു പൊട്ടമാർക്സിസ്റ്റാണെങ്കിൽ, പാർട്ടിതീരുമാനങ്ങൾ അറിയാൻപാടില്ലാത്തവനാണെങ്കിൽ, പ്രാദേശികസംഘടനകളാൽ നയിക്കപ്പെടുവാൻ സ്വയം അനുവദിക്കപ്പെടുന്നവനാണെങ്കിൽ, അയാൾ നല്ല ജഡ്ജിയല്ല." (കലിനിൻ)

സോവ്യററ യൂണിയനിൽ നീതിന്യായവകുപ്പിനുള്ള സ്ഥാനമെന്താണെന്നു ഏററവും പ്രാമാണികങ്ങളായ ഈ സാക്ഷ്യങ്ങളിൽനിന്നു പട്ടാപ്പകൽപോലെ തെളിയുന്നുണ്ടല്ലോ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉദ്ദേശങ്ങൾ സാധിക്കുവാൻ പാർട്ടിക്കുവേണ്ടി പ്രചരണം നടത്താനുള്ള ഉപകരണമാണതു്. തന്മൂലം കമ്മ്യൂണിസ്റ്റുകളുടെ നാട്ടിൽ നീതിയുടേയും നിയമത്തിൻേറയും നടത്തിപ്പ് നിഷ്പക്ഷമായിരിക്കുക അസാദ്ധ്യമാകുന്നു.

### ജഡ്ജിയുടെ അനുഭവസാക്ഷ്യം

നീതിന്യായവകുപ്പിൻെറ പ്രവർത്തനത്തിൽ ഇടപെടുവാൻ നിയമദൃഷ്ടിയിൽ യാതൊരധികാരവുമില്ലാത്ത ആളുകളും ഏജൻസികളും ജഡ്ജിമാരെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുക എന്നതാണ് ഏററവും കഷ്ടമായ അവസ്ഥ. ജനകീയജഡ്ജി (People's Judge) എന്ന ഉദ്യോഗം വഹിച്ചിരുന്ന ഇവനോവ് (Ivanov) തനിക്കനുഭവപ്പെട്ട ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിലൊന്നിങ്ങനെയാണ്:–

"രണ്ട് അയൽക്കാർ തമ്മിൽ പിണങ്ങി. അവരിൽ ഒരാളായ ലൂക്കിയാനോവ് എന്ന പുരുഷൻ (ഒരു മന്ത്രിവകുപ്പിലെ ജനറൽ മാനേജർ) ബൊഡ്രോവാ എന്ന സ്ത്രീയെ (ഒരു ചെറിയ കോഓപ്പറേററീവിലെ ബുക്ക്കീപ്പർ) അവമാനിച്ചു. അവൾ അയാളുടെ പേരിൽ കേസ്സുകൊടുത്തു. വിചാരണ തനിക്കെതിരാകാതിരിക്കാൻവേണ്ടി അയാൾ ജഡ്ജിയെ സമീപിച്ചു. ഉദ്യോഗസംബന്ധമായ തൻെറ നിലയേയും ഗവമ്മെൻറ് വൃത്തങ്ങളിൽ തനിക്കുള്ള സ്വാധീനബന്ധങ്ങളേയും അയാൾ ജഡ്ജിയെ ധരിപ്പിച്ചു. കേസ്സ് തെളിവില്ലാത്തതായി തള്ളിക്കളയണമെന്നു് ക്ലേശംകൂടാതെ ആവശ്യപ്പെട്ടു." തുടർന്ന് ഇവനോവ് പറയുന്നു "അയാളുടെ ശ്രമം വിഫലമായതേയുള്ളു" എന്നും അയാളെ വിസ്തരിച്ച് ശിക്ഷിച്ചുവെന്നും. എന്നാൽ ജഡ്ജിയെ ഈവിധം ഭീഷണിപ്പെടുത്തുവാൻ അയാൾചെയ്ത ശ്രമത്തിനെതിരായി എന്തു നടപടിയാണ് സ്വീകരിക്കപ്പെട്ടതെന്ന ചോദ്യം പിന്നെയും ശേഷിക്കുന്നു. ഇന്ത്യയിലാണെങ്കിൽ, മറേറതു ഡെമോക്രാററിക്ക് രാജ്യങ്ങളിലുമാണെങ്കിൽ, അയാളുടെ പ്രവൃത്തി കോടതിയോടു കാണിച്ച നിന്ദനമായി ഗണിക്കപ്പെടുകയും അയാളെ ഗൗരവമായവിധത്തിൽ ശിക്ഷിക്കുകയും ചെയ്യുമായിരുന്നു. ഗവമ്മെൻറുദ്യോഗസ്ഥനാകയാൽ അയാൾക്കെതിരായി ഡിപ്പാർട്ടുമെൻററായും നടപടി നടത്തുമായിരുന്നു. സോവ്യററുയൂണിയനിൽ ഇങ്ങനെയുള്ള ഭീഷണികളൊന്നും ഫലിക്കാത്തതുകൊണ്ട് അവിടെ ജഡ്ജിമാർ സ്വതന്ത്രരാണെന്നു കാണിക്കുവാൻ ഒരു ദൃഷ്ടാന്തമായിട്ടാണ് ഈ സംഭവം ജഡ്ജി ഇവനോവ് ചൂണ്ടിക്കാണിക്കുന്നതു്. എന്നാൽ ജഡ്ജിമാരുടെ സ്വതന്ത്രനിലയേയല്ല, അവരുടെമേൽ ഗവമ്മെൻറുദ്യോഗസ്ഥന്മാർക്കും പാർട്ടിയംഗങ്ങൾക്കും ചെലുത്താൻ കഴിയുന്ന സ്വാധീനശക്തിയുടെ ദൃഷ്ടാന്തമായിട്ടാണ് യഥാർത്ഥത്തിൽ ഇതുപോലുള്ള സംഭവങ്ങളെ ഗണിക്കേണ്ടതെന്നു സ്പഷ്ടമാണല്ലോ. ഇവനോവിൻെറ തുടർന്നുള്ള വാക്കുകൾ ഈ ആശയത്തെ സ്ഥിരീകരിക്കുന്നതാണ്. "മന്ത്രിവകുപ്പുകളിലെ ചില ഉദ്യോഗസ്ഥന്മാരും, കേന്ദ്രഭരണത്തിലെ മേധാവികളും ഒരു ഉപ യുദ്ധകേന്ദ്രം ടതിയുടെമേൽ ഭേമം ചെലുത്തുവാൻ ശ്രമിച്ച മന്ത്രിവകുപ്പിനെതിരായ കോടതിവിധി അനാശാസ്യമായ വഴക്കം സൃഷ്ടിക്കുമെന്നും ഗവർമ്മെൻറ് സ്ഥാപനത്തിൻെറ അന്തസ്സിനു് ഹാനികരമായിരിക്കുമെന്നും ഞങ്ങളെ ധരിപ്പിച്ച് സ്വാധീനപ്പെടുത്തുവാൻ അവർ ഫോൺവഴി ഞങ്ങളോടു് സംസാരിച്ചിട്ടുണ്ട്." ഉന്നതസ്ഥാനികളായ ഗവർമ്മെൻറുദ്യോഗസ്ഥന്മാർ, മന്ത്രിമാർപോലും, അവർക്കനുകൂലമായി വിധിപ്രസ്താവിക്കുവാൻ ജഡ്ജിമാരുടെമേൽ ഇപ്രകാരം അനർഹമായി സ്വാധീനം ചെലുത്തുവാൻ ശ്രമം നടക്കുന്ന രാജ്യത്തു് നീതിന്യായവകുപ്പിനു് എന്തു സ്വാതന്ത്ര്യമാണുള്ളതു്? ജഡ്ജി ഇവനോവ് ഈ ഭേമങ്ങളും ഭീഷണികളും വിഫലങ്ങളാക്കിത്തീർത്തിട്ടുണ്ടായിരിക്കാം. എന്നാൽ എല്ലാ ജഡ്ജിമാരും അങ്ങനെ ചെയ്യുന്നവർ ആയിരിക്കണമെന്നില്ലല്ലോ.

ഈ വസ്തുതകളുടേയും സാക്ഷ്യങ്ങളുടേയും വെളിച്ചത്തിൽ യു. എസ്. എസ്. ആറിലെ ജഡ്ജിമാരുടെ സ്വതന്ത്രനിലയെപ്പററി സ്ററാലിൻ ഭരണഘടനയിലെ 112-ാം ആർട്ടിക്കിളിൽ കൊള്ളിച്ചിരിക്കുന്ന താഴെ കാണുന്ന വ്യവസ്ഥ യാഥാർത്ഥ്യത്തിൻെറ കണികപോലും ഇല്ലാത്തതാണെന്നു സ്പഷ്ടമാകുന്നുണ്ട്. "(യു. എസ്. എസ്. ആറിൽ) ജഡ്ജിമാർ സ്വതന്ത്രരും നിയമത്തിനു മാത്രം വിധേയരുമാകുന്നു." അല്ല, അവർ സ്വതന്ത്രർ അല്ല. നിയമത്തിനു മാത്രമല്ല അവർ വിധേയരായിരിക്കുന്നതു്. നീതിന്യായവകുപ്പിൻെറ ഈ അടിമത്തത്തിൽനിന്നു സുപ്രീംകോടതിപോലും ഒഴിവാക്കപ്പെട്ടിട്ടില്ലെന്നു് മുകളിൽ ഉദ്ധരിച്ച ഒരു സാക്ഷ്യത്തിൽ കണ്ടുവല്ലോ. അതിനെപ്പററി കൂടുതൽ വിവരങ്ങൾ അടുത്തതിൽ.

---

ബ. അൽഫോൻസമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

എന്നു്,

Mrs. Thresiamma Joseph
Shoranoor

---

# മരിയവത്സരം


(J. P. V.)

മരിയഭക്തർക്കു് പുളകംചാർത്തുന്ന ഒരു പുണ്യവത്സരമാണിതു്. 1854-ൽ ഭാഗ്യസ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പ കന്യകാമറിയത്തിൻെറ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ഇപ്പോൾ ഭാഗ്യമോടെ വാണരുളുന്ന 12-ാം പീയൂസ് മാർപ്പാപ്പ പ്രസ്തുത പ്രഖ്യാപനത്തിൻെറ ശതവത്സരപൂർത്തി പ്രമാണിച്ചു് 1954 ഒരു മരിയവത്സരമായി പ്രഖ്യാപനം ചെയ്തിരിക്കുന്നു.

തിരുസഭയുടെ പാരമ്പര്യപാനത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിരുന്ന ഒരു തത്വമാണ് മറിയത്തിൻെറ അമലോത്ഭവം. വേദപാരംഗതന്മാരുടെ പ്രബലമായ അഭിപ്രായങ്ങൾ എന്നാളും അതിനനുകൂലമായിരുന്നു. വിശ്വാസികൾ എക്കാലവും മറിയത്തിൻെറ അമലോത്ഭവാഭിധാനത്തെ പ്രശ്രയപൂർവ്വം പ്രകീർത്തിച്ചിരുന്നു. ഇപ്രകാരം തിരുസഭയിൽ പ്രായോഗികമായി സാർവ്വത്രികമായ അംഗീകരണവും ആദരവും സമാർജ്ജിച്ചിരുന്ന അമലോത്ഭവതത്വത്തെയാണ് നൂറുവർഷം മുമ്പ്, 'അന്നു' തിരുസഭാതലവനായിരുന്ന 9-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഔദ്യോഗികമായി, അപ്രമാദമായ അവിടുത്തെ പരമാധികാരം പ്രയോഗിച്ച് അദ്ധ്യവസാനം ചെയ്ത ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതു്. വിശ്വാസികൾ ആനന്ദഭരിതരായി. മറിയത്തിൻെറ അമലോത്ഭവകീർത്തനങ്ങൾ അന്തരീക്ഷത്തിൽ മുഖരിതമായി. ഭക്തസംഘടനകളും ഭക്തിപ്രകടനങ്ങളും വർദ്ധമാനമായി. അനുഗ്രഹദാനങ്ങളും നിരവധിയായി. ലൂർദ്ദിൽ ദൈവാംബിക പ്രത്യക്ഷപ്പെട്ടു. "ഞാൻ അമലോത്ഭവമാകുന്നു" എന്ന പ്രഖ്യാപനമുണ്ടായി. അനുഗ്രഹതീർത്ഥം അവിടെ നിർഗ്ഗളം പ്രവഹിക്കുന്നു. ഫാത്തിമായിൽ ഈ അമ്മ വീണ്ടും സമാഗതയായി. ആധുനികലോകത്തിനു് രക്ഷാകരസന്ദേശം അവിടെ ഉദീരണം ചെയ്യപ്പെട്ടു. വീണ്ടും അനുഗ്രഹവർഷം സമാരബ്ധമായിരിക്കുന്നു.

## മരിയവത്സരപ്രഖ്യാപനം

സുസ്മരണീയമായ ഈ ശതവത്സരപൂർത്തിയവസരം മൗനമായി കടന്നുപോകുന്നതിനു് അനുവദിക്കാൻ മരിയഭക്തശിരോമണിയായ ഇന്നത്തെ പോപ്പുരാജനു സാധിച്ചില്ല. അനുയോജ്യമായവിധം അതാചരിക്കപ്പെടണമെന്നു് അവിടുന്നഭിലഷിച്ചു. "ഫുൾജൻസ് കൊറോണാ" എന്ന ഉജ്ജ്വലമായ ചാക്രികലേഖനംമൂലം അവിടുന്നു ലോകത്തെ ആഹ്വാനംചെയ്തു. മരിയഭക്തർ ഉത്തേജിതരായി. 1953 ഡിസമ്പർ 8-ാംതീയതി അത്യാഡംബരപൂർവ്വകമായ പരിപാടികളോടുകൂടി ഈ ജൂബിലിവർഷം സമുൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. റോമയിലുള്ള നാലു പേപ്പൽ മഹാബസ്ലിക്കാകളിൽ പരിശുദ്ധ കന്യകാമറിയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതും വിശുദ്ധ ലൂക്കാ വരച്ചതായ മറിയത്തിൻെറ തിരുസ്വരൂപം നിക്ഷേപിക്കപ്പെട്ടിട്ടുള്ളതുമായ "മരിയ മജോരെ" എന്ന ദേവാലയമാണ് ഉൽഘാടനപരിപാടികൾക്കു തിരഞ്ഞെടുക്കപ്പെട്ടതു്. മനോഹരമായ ഈ ബസ്ലിക്കായിൽവച്ചു് മാർപ്പാപ്പാ തിരുമേനി 20 കർദ്ദിനാളന്മാരുടേയും, അനേകം വൈദികാദ്ധ്യക്ഷന്മാരുടേയും വൈദികരുടേയും, പേപ്പൽ അകമ്പടിവ്യൂഹത്തിൻേറയും, സിവിൽ അധികാരിപ്രമുഖന്മാരുടേയും, ലക്ഷോപലക്ഷം വരുന്ന ജനസഞ്ചയത്തിൻേറയും മദ്ധ്യത്തിൽ പ്രസ്തുത കർമ്മം നിർവഹിച്ചു.



"മരിയ മജോരെ" ബസ്ലിക്കാദേവാലയം.
ഇവിടെവച്ചാണ് "മരിയവത്സരം" ഉൽഘാടനം ചെയ്യപ്പെട്ടതു്.

"മരിയ മജോരെ" ബസ്ലിക്കാ വത്തിക്കാൻ രാജ്യാതിർത്തിക്കു പുറത്താണു് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് മാർപ്പാപ്പാ ഔദ്യോഗികമായ പരിപാടികൾക്കു മാത്രമേ സാധാരണ അവിടെ എഴുന്നെള്ളാറുള്ളു. 54 കൊല്ലം മുമ്പു് നവപുരോഹിതനായ എവുജിൻ പച്ചെല്ലി—ഇന്നത്തെ 12-ാം പീയൂസ്—ഈ ബസ്ലിക്കായിലെ ബോർഗീസ് കപ്പേളയിലാണു് നവപൂജ അർപ്പിച്ചതു്. അവിടുന്നു മാർപ്പാപ്പായായതിൽ പിന്നെ ഇതു മൂന്നാമത്തെ പ്രാവശ്യമാണ് പ്രസ്തുത ബസ്ലിക്കാ സന്ദർശിക്കുന്നതു്. അതുകൊണ്ടു് "മരിയമജോരെ"യിലേക്കുള്ള എഴുന്നെള്ളത്തു വൈദികവും സിവിലുമായ പ്രകടനങ്ങളുടെ സമ്മേളനാവസരമായിരുന്നു.

പരിശുദ്ധ പിതാവ് അകമ്പടിവ്യൂഹത്താൽ പരിസേവിതനായി വൈകുന്നേരം 5 മണിക്കു വത്തിക്കാൻവിട്ട് ബസ്ലിക്കായിലേക്കെഴുന്നെള്ളി. ആദ്യമായി തിരുമനസ്സുകൊണ്ട് സന്ദർശിച്ചതു് "പിയാസാ ദി സ്പാഞ്ഞാ" എന്ന സ്ഥലത്തു മറിയത്തിൻെറ അമലോത്ഭവപ്രഖ്യാപനസ്മാരകമായി പണികഴിച്ചിട്ടുള്ള സ്തംഭത്തിങ്കലേക്കാണ്. അതാണ് അവിടെ ആചരിക്കപ്പെടുന്ന മുറ. 175 അടി പൊക്കമുള്ള ആ മനോഹരസ്തംഭത്തിൻെറ ഉച്ചിയിൽ അനുഗ്രഹദായികയായ അമലോത്ഭവമറിയത്തിൻെറ ആകർഷകമായ പ്രതിമ നിലകൊള്ളുന്നു. എല്ലാം കൊല്ലവും ഡിസമ്പർ 8-ാം തീയതി ഈ സ്തംഭത്തിങ്കൽ ഒരു പുഷ്പാർച്ചന പരിപാടിയുണ്ട്. മരിയഭക്തർ പുഷ്പമാല്യങ്ങളും പൂച്ചെണ്ടുകളും നൂറുനൂറായി ആ മാതൃപാദങ്ങളിൽ അർപ്പിക്കും. ഇക്കൊല്ലം പരിശുദ്ധ മാർപ്പാപ്പാ തിരുമേനിയാണ് ഈ അവസരത്തിൽ ആദ്യമായി വിമലാംബയെ പ്രാർത്ഥിച്ചു പുഷ്പമാല്യവും പൂച്ചെണ്ടും സമർപ്പിച്ചതു്. അനന്തരം മാർപ്പാപ്പാ ബസ്ലിക്കായിൽ പ്രവേശിച്ച് പേപ്പൽ അൾത്താരയുടെ മുമ്പിൽ മുട്ടുകുത്തി.

## മരിയവത്സര പ്രാർത്ഥന

അത്യുന്നത കർദ്ദിനാൾ മിക്കാറാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയുടെ വാഴ്വ് ആരംഭിച്ചു. അതിനിടയ്ക്കാണ് പരിശുദ്ധ പിതാവ് മരിയവത്സര പ്രാർത്ഥന ചൊല്ലി മരിയവത്സരം ഉൽഘാടനം ചെയ്തതു്. പരിശുദ്ധ പിതാവുതന്നെ ഈ അവസരത്തിലേക്കു് പ്രത്യേകം രചിച്ചതാണ് പ്രസ്തുത പ്രാർത്ഥന. അവിടുന്നു് ഏററം ഭക്തിജന്യമായ വിധത്തിൽ അതു ചൊല്ലുകയും ജനലക്ഷങ്ങൾ ഭക്ത്യുജ്ജ്വലരായി അനുപദം അതേറുചൊല്ലുകയും ചെയ്തു.

"ഈശോയുടെ വിമലയായ മാതാവും ഞങ്ങളുടെ അമ്മയുമായ മറിയമേ, നിൻെറ സ്വർഗ്ഗീയസൗന്ദര്യത്തിൻെറ പ്രഭാവിശേഷത്താൽ ആകർഷിക്കപ്പെട്ടും ലോകത്തിൻെറ അകുലചിന്തകളാൽ ആവഹിക്കപ്പെട്ടും ഞങ്ങൾ ഞങ്ങളെത്തന്നെ നിൻെറ തൃക്കരങ്ങളിൽ ഭരമേല്പിക്കുന്നു. ഞങ്ങളുടെ

തീക്ഷ്ണമായ ആഗ്രഹങ്ങൾക്കു ഒരു പശാന്തിയും, നാനാഭാഗത്തുനിന്നും ഞങ്ങളുടെമേൽ ആഞ്ഞടിക്കുന്ന കൊടുംകാററുകളിൽ സുരക്ഷിതമായ തുറമുഖവും നിന്റെ സ്നേഹംനിറഞ്ഞ ഹൃദയത്തിൽ കണ്ടെത്തുമെന്നു ഞങ്ങൾ ശരണപ്പെടുന്നു.

"ഞങ്ങളുടെ പാപങ്ങൾമൂലം ഞങ്ങൾ നികൃഷ്ടരും അനന്തമായ ദുരിതങ്ങളിൽ മുഴുകിയിരിക്കുന്നവരുമാകുന്നു. എങ്കിലും നിന്റെ ജനനത്തിന്റെ ആദ്യവിനാഴികമുതൽ സ്വർഗ്ഗാരോപണശേഷം അഖിലലോകത്തിന്റെയും രാജ്ഞിയായി ദൈവം നിന്നെ മുടിധരിപ്പിച്ചതുവരെ അവിടുന്നു നിന്നെ അലങ്കരിച്ച നിസ്തുലമായ വിശിഷ്ടദാനങ്ങളുടെ സമൃദ്ധിയെ ഞങ്ങൾ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു.

"വിശ്വാസത്തിന്റെ നിർമ്മലമായ ഉറവയെ, നിത്യസത്യങ്ങൾകൊണ്ടു് ഞങ്ങളുടെ ബോധത്തെ കഴുകി വെടിപ്പാക്കേണമെ.

"സകല പരിശുദ്ധിയുടേയും സൗരഭ്യമുള്ള ലില്ലിപ്പുഷ്പമേ, നിന്റെ സ്വർഗ്ഗീയ സൗരഭ്യംകൊണ്ടു് ഞങ്ങളുടെ ഹൃദയങ്ങളെ ഹഠാദാകർഷിക്കേണമേ.

"പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തിയവളേ, ഞങ്ങളുടെ ആത്മാവിനെ ദൈവത്തിനു വെറുപ്പുള്ളതും നരകത്തിനു് അടിമയുമാക്കിത്തീർക്കുന്ന പാപത്തെപ്പററി ഞങ്ങളിൽ ആഴമായ വെറുപ്പുളവാക്കേണമെ.

"ദൈവത്തിന്റെ സ്നേഹഭാജനമേ, നിനക്കു പ്രതിഷ്ഠിച്ചിരിക്കുന്ന ഈ വത്സരത്തിൽ ഓരോ ഹൃദയത്തിൽനിന്നും ഉയരുന്ന തീവ്രമായ നിലവിളി നീ കേൾക്കേണമെ.

"വേദനപ്പെടുന്ന ഞങ്ങളുടെ മുറിവുകളെ നീ ദർശിക്കേണമെ. ദുഷ്ടന്മാരെ നീ മാനസാന്തരപ്പെടുത്തേണമെ. പീഡിതരുടേയും സങ്കടപ്പെടുന്നവരുടേയും കണ്ണീരിനെ നീ തുടയ്ക്കേണമെ. ദരിദ്രന്മാരേയും എളിയവരേയും നീ ആശ്വസിപ്പിക്കേണമെ. വിദ്വേഷത്തെ ശമിപ്പിക്കേണമെ. കാർക്കശ്യത്തെ മധുരമുള്ളതാക്കേണമെ. യുവജനങ്ങളിൽ ശുദ്ധതയാകുന്ന കുസുമത്തെ നീ ഭദ്രമായി കാത്തുകൊള്ളേണമെ. തിരുസഭയെ സംരക്ഷിക്കേണമെ. ക്രിസ്തീയ നന്മയാൽ എല്ലാ മനുഷ്യരും ആകർഷിക്കപ്പെടുവാൻ നീ ഇടയാക്കുകയും ചെയ്യേണമെ.

"സ്വർഗ്ഗത്തിൽ ഇമ്പകരമായി മാറൊലികൊള്ളുന്ന നിന്റെ തിരുനാമത്തിൽ, മനുഷ്യരെല്ലാം സഹോദരന്മാരാണെന്നും ജാതികളെല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്നും അവരറിയുന്നതിനിടയാകട്ടെ. സാർവ്വത്രികവും യഥാർത്ഥവുമായ സമാധാനത്തിന്റെ സൂര്യൻ ലോകമഹാകുടുംബത്തിൽ പ്രകാശിക്കുകയും ചെയ്യട്ടെ.

"ഏററം മാധുര്യമുള്ള അമ്മേ, ഞങ്ങളുടെ എളിയ പ്രാർത്ഥനകളെ നീ സ്വീകരിക്കേണമേ "മറിയമേ, നീ സൗന്ദര്യപൂർണ്ണയാകുന്നു. ഞങ്ങളുടെ ജനത്തിന്റെ മഹത്വവും ആനന്ദവും ബഹുമാനവും നീതന്നെയാകുന്നു" എന്നു ഈ ഭൂമിയിൽ നിന്റെ അൾത്താരകൾക്കു ചുററും നിന്നു ഞങ്ങൾ പാടുന്ന സ്തോത്രഗീതം, നിന്നോടുകൂടി ആനന്ദിച്ചുകൊണ്ടു് നിന്റെ സ്വർഗ്ഗസിംഹാസനത്തിനുമുമ്പിൽ നിനാലപിക്കുന്നതിനുള്ള അനുഗ്രഹം നീ ഞങ്ങൾക്കു വാങ്ങിത്തരേണമെ. ആമ്മേൻ."

ഈ ജപത്തിനു് ഈ മരിയവത്സരത്തിൽ പ്രത്യേകദണ്ഡവിമോചനങ്ങൾ കല്പിച്ചു നൽകിയിട്ടുണ്ടു്. ഈ വർഷത്തിൽ എല്ലാ ശനിയാഴ്ചകളിലും ജൂബിലി സമാപനദിവസമായ ഡിസമ്പർ 8-ാം തീയതിയും സാധാരണവ്യവസ്ഥകൾ നിറവേററുകയും ഈ ജപം ചൊല്ലുകയും ചെയ്താൽ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാം. അനുതപ്തമായ ഹൃദയത്തോടും ഭക്തിയോടുംകൂടി അതു ജപിക്കുന്ന ഓരോ പ്രാവശ്യവും അഞ്ചുവർഷത്തെ ദണ്ഡവിമോചനം ലഭിക്കാവുന്നതാണു്.

## പരിശുദ്ധപിതാവിന്റെ പ്രക്ഷേപണിപ്രസംഗം

മരിയവത്സരത്തിന്റെ ഉൽഘാടനകർമ്മങ്ങൾക്കുശേഷം പരിശുദ്ധപിതാവു വത്തിക്കാനിൽ തിരിച്ചെത്തിയ ഉടനെ ഈ ആചരണത്തിന്റെ ലക്ഷ്യത്തെ വിശദീകരിച്ചു ലോകത്തോടായി ഒരു പ്രക്ഷേപണിപ്രസംഗംചെയ്തു.



"തിന്മയുടെമേൽ നന്മവിരാജിക്കുന്ന ആ ദിവസം സമാഗതമാകും. എന്നാൽ—അത്യഗാധമായ സങ്കടത്തോടുകൂടിയാണു് നാം ഇതുപ്രസ്താവിക്കുന്നതു്—ദൈവത്തെ മനഃപൂർവ്വം അവഗണിക്കുകയും അവസാനനിമിഷംവരെ അനുതാപരഹിതരായി നിലകൊള്ളുകയും ചെയ്യുന്ന സകലരും "നിത്യാഗ്നിയിലേക്കു ശപിച്ചു തള്ളപ്പെട്ടു" കൺമറയുന്ന ആ ദിവസംവരാതെ നിവൃത്തിയില്ല.

"സമരം തുടന്നുകൊണ്ടിരിക്കുകയാണു്. സമരത്തിന്റെ പ്രത്യാഘാതം എന്തായിരിക്കുമെന്നു ആർക്കും പ്രവചിക്കാൻ സാദ്ധ്യമല്ല. കാരണം, മനുഷ്യന്റെ സന്മനോഭാവം അവതാളത്തിലാണു്. ഏതാനും സമരമുഖങ്ങളിൽ "ശത്രു" മുന്നേറിക്കഴിഞ്ഞിരിക്കുന്നു; നഷ്ടപ്പെട്ട ഈ രംഗങ്ങൾ വീണ്ടെടുക്കേണ്ടതു് അനിവാര്യമാണു്. മാനവഹൃദയങ്ങളിലും ലോകത്തിൽ ഒന്നാകെയും ക്രിസ്തു വീണ്ടും അവിടുത്തെ ആധിപത്യം സ്ഥാപിക്കത്തക്കവണ്ണം ശത്രുവിനാൽ കൈയടക്കപ്പെട്ട മനുഷ്യാത്മാവുകളെ വീണ്ടെടുക്കുക എന്നാണു് ഇതിന്റെ അർത്ഥം.

"നിങ്ങളെല്ലാവരും ഒന്നൊഴിയാതെ നമ്മുടെ സ്വരം കേൾക്കുമെന്നുറപ്പുള്ളതുകൊണ്ടാണു് നാം നിങ്ങളെ വീണ്ടും ആഹ്വാനം ചെയ്യുന്നതു്. വിജയറാണിയായ മറിയത്തിന്റെ കൺകടാക്ഷത്തിൽ നിങ്ങൾ അണിനിരക്കുവിൻ. രണാങ്കണത്തിൽ മുന്നേറുന്നതിനും, ത്യാഗകൃത്യങ്ങളെ ഏറെറടുക്കുന്നതിനും, വീരോചിതമായ പ്രവർത്തനങ്ങൾക്കു സന്നദ്ധമായിരിക്കുന്നതിനും തക്കവണ്ണം നിങ്ങൾ കവചിതരായിരിപ്പിൻ." എന്നിപ്രകാരമായിരുന്നു പ്രസ്തുതപ്രസംഗത്തിൽ പരിശുദ്ധപിതാവു ശക്തിയുക്തം ആഹ്വാനംചെയ്തതു്. പ്രസംഗത്തിന്റെ ആരംഭത്തിൽ 'ഫുൾജെൻസ് കൊറോണാ' എന്ന അവിടുത്തെ തിരുവെഴുത്തിനെ അനുസ്മരിച്ചുകൊണ്ടു്, ദൈവത്തിന്റെയും മാനവവംശത്തിന്റെയും ബദ്ധശത്രുക്കൾ ലോകത്തെ കീഴ്പ്പെടുത്തുന്നതിനും ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും മനുഷ്യഹൃദയങ്ങളെ ഒന്നാകെ നിശ്ശേഷം അകററുന്നതിനുംവേണ്ടി നിസ്തന്ദ്രം ഒരുക്കുന്ന ഭയാനകമായ കുരുക്കുകളെപ്പററി പരാമർശിക്കുകയും നിശിതമായി അവയെ അവഹേളിക്കുകയുംചെയ്തു.

തിരുമേനി തുടർന്നു: "ചിലരുണ്ടു്, നിർഭാഗ്യരായ ചിലരുണ്ടു്; ഈ നശീകരപ്രവൃത്തിയിൽ ഉപകരണങ്ങളാവുകയാണു് അവരുടെ ജോലി.

"ഇന്നൊരു ഏററുമുട്ടൽ നടന്നുകൊണ്ടിരിക്കുകയാണു്. അനുദിനം അതു വ്യാപ്തിയിലും ഭീകരതയിലുംവർദ്ധമാനമായിക്കൊണ്ടുമിരിക്കുന്നു അതുകൊണ്ടു് എല്ലാ ക്രിസ്ത്യാനികളും, പ്രവർത്തനോന്മുഖരായ കത്തോലിക്കർ പ്രത്യേകിച്ചും, അവർക്കു അനുവദനീയമായ സമരായുധങ്ങൾ പ്രയോഗിച്ചു് അവരുടെ മാതാവായ തിരുസ്സഭയുടെ വിജയത്തിനുവേണ്ടി, വേണ്ടിവന്നാൽ മരണംവരെയും ഉറച്ചുനിന്നു അടരാടേണ്ടതു് അവരുടെ കർത്തവ്യമാണു്.

"മനുഷ്യരുടെ ഭവനങ്ങളെ നശിപ്പിക്കുകയും വ്യക്തികളെ നിഹനിക്കുകയും ചെയ്യുന്ന ഒരു രാജ്യാന്തരയുദ്ധമല്ല ഇതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പ്രത്യുത, നന്മയും തിന്മയും തമ്മിലുള്ള സമരമാണു് നമ്മുടെ പ്രതിപാദ്യവിഷയം.

"വിദ്വേഷം സ്നേഹത്തിനെതിരായും, സ്വാർത്ഥത സാമൂഹ്യനീതിക്കെതിരായും, സ്വേച്ഛാധിപത്യം സ്വാതന്ത്ര്യത്തിനെതിരായും, അക്രമങ്ങൾ സ്വൈര്യജീവിതത്തിനെതിരായും പടവെട്ടുന്നതായ—നന്മതിന്മകൾ ഏററുമുട്ടുന്നതായ—ഈ യുദ്ധത്തിൽ അതിന്റെ അവസാനഘട്ടത്തെപ്പററി നാം ആശങ്കപ്പെടാനില്ല. ദൈവത്തിന്റെ പ്രമാദരഹിതമായ വാഗ്ദാനങ്ങൾതന്നെയാണു് അതിനുറപ്പു്."

## മരിയസഖ്യങ്ങളുടെ കർത്തവ്യം

ഈ മരിയവത്സരം ലോകത്തെ ഒന്നാകെ സ്പർശിക്കുന്ന ഒരു മഹൽപ്രസ്ഥാനമാണെങ്കിലും അതു മരിയസഖ്യാംഗങ്ങളേയും മരിയഭക്തരേയും പ്രത്യേകം ബാധിക്കുന്നതാണെന്നു സുവ്യക്തമാണല്ലോ. ഈ വത്സരത്തിന്റെ ഫലപ്രദമായ ആചരണത്തിനു മാർഗ്ഗദർശകമായ ചില വൻപരിപാടികൾ ഇതിനകം രൂപമെടുത്തുകഴിഞ്ഞിട്ടുണ്ടു്. മരിയഭക്തിയെ സ്പർശിക്കുന്ന ഏതൊരു പരിപാടിയുടെയും പരമലക്ഷ്യം പ്രാർത്ഥനയും പ്രായശ്ചിത്തവുംവഴി, കന്യകാമറിയം ലോകത്തിനു നൽകിയിട്ടുള്ള രക്ഷാകരമായ ദിവ്യസന്ദേശം അനുദിനജീവിതത്തിൽ പ്രായോഗികമാക്കുകയും തന്മൂലം ക്രിസ്തീയചൈതന്യം ജനതയിൽ ഉത്തേജിപ്പിക്കുകയുമായിരിക്കണം.

## റോമിലെ മരിയൻകാൺഗ്രസ്സ്

മരിയവത്സരത്തിന്റെ ഒരു സാർവ്വദേശീയപരിപാടിയായി അടുത്ത സെപ്റ്റംബർമാസത്തിൽ റോമയിൽവച്ചു ഒരു ആഗോളമരിയൻകോൺഗ്രസ്സ് നടത്തുന്നതിനു പരിശുദ്ധപിതാവു അനുമതി നൽകിയിട്ടുണ്ടു്. അതിനുള്ള സജ്ജീകരണങ്ങൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണു്. പല രാജ്യങ്ങളും വമ്പിച്ച തീർത്ഥസംഘങ്ങളായി അതിൽ സംബന്ധിക്കുന്നതിനു ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഇററലി, ഫ്രാൻസ്, ജർമ്മനി, മുതലായ രാജ്യങ്ങളിൽനിന്നു വരുന്ന തീർത്ഥകഗണത്തിൽ 5000 വീതം ആളുകൾ ഉണ്ടായിരിക്കുമെന്നാണു് അറിവു. കോൺഗ്രസ്സ് സെപ്റ്റംബർ 8-ാംതീയതി ഉൽഘാടനം ചെയ്യപ്പെടുകയും 12-ാംതീയതി സമാപിക്കുകയും ചെയ്യുമെന്നാണു് ഇപ്പോഴത്തെ നിശ്ചയം. ഒരു സാർവ്വദേശീയമരിയൻപ്രശ്നവും പരിപാടികളിൽപ്പെടുന്നു.

## അഖിലേന്ത്യാ സൊഡാലിററിദിനം

ജനുവരിമാസത്തിലെ മൂന്നാം ഞായറാഴ്ചയാണല്ലോ അഖിലേന്ത്യാ സൊഡാലിററിദിനം ആചരിക്കുന്നതു്. ഈ മരിയവത്സരത്തിൽ അതിന്റെ പ്രാധാന്യം സ്വയം വിശദമാണു്. ഇന്ത്യയിലെ വിവിധരൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സ്ഥാപിതമായിട്ടുള്ള മരിയസഖ്യങ്ങൾ ഒരു പൊതുപ്പരിപാടിയുണ്ടാക്കി ആ ദിവസം സമുചിതമായി ആചരിക്കുന്നതു ഏററം അഭിലഷണീയമായിരിക്കുമല്ലോ. ഈ മരിയവത്സരത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കി ഓരോരുത്തരും ഫലപ്രദമായരീതിയിൽ അതിനെ ആചരിക്കുന്നതിനും, പരിശുദ്ധപിതാവിന്റെ അഭിലാഷസിദ്ധിക്കുവേണ്ടിപ്രത്യേകം പ്രാർത്ഥിക്കുന്നതിനും, അമലോത്ഭവയായമറിയത്തിന്റെ സ്വർഗ്ഗീയദൗത്യം ലോകത്തിൽ സഫലമാക്കുന്നതിനും. ദൈവരാജ്യം ജനഹൃദയങ്ങളിൽ സംസ്ഥാപിതമായി സമാധാനത്തിന്റെയും സൗഭാഗ്യത്തിന്റെയും മധുരിമ വിവശമായ ലോകം വീണ്ടും അനുഭവിക്കുന്നതിനും ഇടയാകട്ടെ.

# നിങ്ങൾ ഇതു വായിക്കേണ്ടതല്ലേ?

"മക്കൾ നല്ലവരാകണമെങ്കിൽ" എന്ന ഈ പുസ്തകം കൃത്യാന്തരബാഹുല്യത്തിനിടയ്ക്കാണെങ്കിലും വായിച്ചുകഴിഞ്ഞപ്പോൾ എന്റെ നാമധേയം ഒരു അവതാരികയെഴുതി ഈ സൽഗ്രന്ഥത്തോടു ഘടിപ്പിക്കുവാൻ രചയിതാവു് ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ. ഒരു സന്ദർഭം എനിക്കു തന്നതിൽ ഞാൻ അദ്ദേഹത്തോടു അതീവ കൃതജ്ഞനാണു്. രത്നഖചിതസമാഹാരമായ ഈ മാല്യം കേരളത്തിലെ ഓരോ കത്തോലിക്കാ കുടുംബവും അണിഞ്ഞുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗ്രന്ഥത്തിലെ ഇരുപത്തിനാലു അദ്ധ്യായങ്ങളിൽ ഓരോന്നും നമ്മുടെ കുടുംബജീവിതത്തിന്റെ ഹൃദയാന്തർഭാഗത്തിലേയ്ക്കു കടന്നു അതിന്റെ ഗുണവശങ്ങളും ദോഷവശങ്ങളും ഉദാഹരണങ്ങൾസഹിതം ഒരു കണ്ണാടിയിൽ എന്നപോലെ നമുക്കു കാണിച്ചുതരുന്നു. ലളിതവും സരസവുമായ ഭാഷയിൽ ഉദാഹരണങ്ങളുടെ തന്മയത്വത്താലും സ്വാരസ്യത്താലും വായനക്കാരെ ആദ്യന്തം ആകർഷിക്കത്തക്ക ഒരു വിശിഷ്ടഗ്രന്ഥമാണിതു്. മക്കൾ നല്ലവരാകണമെന്നു് ആഗ്രഹിക്കുന്ന ഓരോ മാതാപിതാക്കന്മാരും ഈ ഗ്രന്ഥം അവരുടെ കുടുംബത്തിനു ഒരമൂല്യനിക്ഷേപമായി കരുതേണ്ടതാണു്.

ശ്രീ ജോർജ്ജ് തോമസ്
കൊട്ടുകാപ്പള്ളി, എം. പി.

# പുസ്തകാഭിപ്രായം

## മരിയാഗൊരേററി

(ഒരു ഖണ്ഡകാവ്യം. ഗ്രന്ഥകർത്താ: ശ്രീ പാപ്പു വി. പരവരതക്കാരൻ. ഇടപ്പള്ളി. വരി 906. ടിപ്പണിസമേതം. വില 1ക. ജയഭാരതപ്രസ്സ്, ആലുവാ.)

വി. മരിയാ ഗൊരേററിയുടെ രക്തസാക്ഷിത്വത്തെ അധികരിച്ചു ഒരു യുവസാഹിത്യകാരൻ എഴുതിയിട്ടുള്ള ഒരു ഖണ്ഡകാവ്യമാണു ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു. നല്ല ഒരു കവിതയ്ക്കും കവിതാഭാസത്തിനും പററിയ ഈ ഇതിവൃത്തം ഭക്തിരസത്തോടെ ശ്രീ പാപ്പു കൈകാര്യം ചെയ്തിട്ടുണ്ടു്. മനോഹരങ്ങളായ ഭാവനകളും ഉൽകൃഷ്ടമായ തത്വശകലങ്ങളും ഈ ഖണ്ഡകൃതിയിൽ കുറവല്ല. ഭാവനയുടെ ഗതി കാണണമെങ്കിൽ ഒരടി വായിച്ചുനോക്കുക. പ്രഭാതത്തെ ഗ്രന്ഥകർത്താവു് ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു:

കോഴികൾ കൂവുന്ന നേരം വെളുക്കുന്നു
കേഴുന്നു താഴുന്നിതന്ധകാരം
കോകിലഗാനങ്ങൾ കേട്ടുണർന്നക്ഷണം
പൈങ്കിളിപ്പൈതലും പാടിടുന്നു.
ശുഭ്രപ്രഭാതത്തിൻ രശ്മികൾ തൂകിക്കൊ-
ണ്ടഭ്രത്തിൻ വെള്ള വിരിച്ചു-കണോയ്
വാസന്തിസന്താനസൗരഭ്യ-ശർമ്മത്തെ-
യാസ്വാദിപ്പിക്കുന്നനിലനെ-ങ്ങും,
നെല്ലുവിളഞ്ഞുകിടക്കുന്ന പാടം-പോ-
ലുല്ലസിച്ചംബരരംഗമെല്ലാം.

ഭക്തിസമ്പൂർണ്ണമായ ഭാവനകൾ അവിടവിടെയുണ്ടു്. ഒരുദാഹരണം:

തോളിൽ നുകവും കലപ്പയും മുൻപിലേ
കാളകൾ രണ്ടെണ്ണം മന്ദമന്ദം
നാണം മറയാത്ത കീറത്തുണിയുമായ്
ക്ഷീണിതൻ കർഷകൻ മേവീടുമ്പോൾ
ക്രൂരമായ് ഗാഗുൽത്താമാമലതന്നിൽ ശ്രീ-
യേശു ഗമിക്കുന്നോരോർമ്മയുണ്ടാം.

സന്മാർഗ്ഗശുദ്ധിയില്ലാത്തവരുടെ രഹസ്യപരിപാടികൾക്കു ചുട്ടടിയായിട്ടുണ്ടു് താഴെ ഉദ്ധരിക്കുന്ന ഈരടി.

"ആണുങ്ങളില്ലാത്ത വീട്ടിലന്ധകാരം
കാണിപ്പാനിങ്ങനെ കേറും ചിലർ"

ഈ സാമ്പിളുകളിൽനിന്നും അനുവാചകർക്കു് അനുമാനിക്കാം യുവസാഹിത്യകാരന്റെ കവനപാടവം എത്രകണ്ടു് ഉയർന്നിട്ടുണ്ടെന്നു്. ഡോക്ടർ പി. ജെ. തോമസ്, വിദ്വാൻ ടി. എം. ചുമ്മാർ, ശ്രീ ജോസഫ് കൈമാപറമ്പൻ എന്നിവർ യുവഗ്രന്ഥകാരനെ അനുമോദിച്ചു് എഴുതിയിട്ടുള്ള അഭിപ്രായങ്ങൾ പുസ്തകത്തിൽ കാണാം. ശ്രീ പാപ്പുവിന്റെ ഒന്നാമത്തെ പദ്യകൃതിയെന്നനിലയിൽ ഒന്നാമത്തെ കവനത്തിനുള്ള കുറവുകൾ ചിലതു് ഇതിൽ കാണാമെന്നു ശ്രീ ചുമ്മാരും കൈമാപറമ്പനും അഭിപ്രായപ്പെട്ടിട്ടുള്ളതു് വാസ്തവമാണു്. കവിതയ്ക്കു് ചേർച്ചയില്ലാത്ത പദപ്രയോഗങ്ങളുമുണ്ടു്.

ത്തിനാൽ ചില സ്ഥലങ്ങളിൽ സ്ഖലിതം കാണും. ഗൊരേറ്റിയുടെ പുണ്യപദപ്രഖ്യാപനത്തിനു് ഗ്രന്ഥകാരൻ കഥാസാരത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ അലക്സാൻഡർ സിറെനെല്ലി സന്നിഹിതനായിരുന്നില്ല. ഇത്തരം ചില ന്യൂനതകൾ ക്ഷന്തവ്യം മാത്രമാണു്. പൊതുവേ ഇകൃതി ഒരു വിജയമായിട്ടുണ്ടു്. ഗ്രന്ഥകാരനെ എല്ലാവരും പ്രോത്സാഹിപ്പിക്കേണ്ടതുതന്നെ. പുണ്യവതിയായ മരിയാ ഗൊരേത്തി ഗ്രന്ഥകാരനേയും അനുവാചകരേയും അനുഗ്രഹിക്കട്ടെ. T. M.

## കൊയ്ത്തുകാർ

(ഗ്രന്ഥകർത്താ: സെബാസ്റ്റ്യൻ പൊന്നാനി. പക്കം 168. വില 1. എസ്. എച്ച്. ലീഗ്. അപ്പസ്തോലിക്ക സെമ്മിനാരി, ആലുവാ നോർത്തു് P. O.)

"ഇതാ വയലുകൾ വിളഞ്ഞു കിടക്കുന്നു; വിളവുകളുടെ നാഥനോടു് അപേക്ഷിക്കുക കൊയ്ത്തുകാരെ അയക്കുവാൻ." ക്രിസ്തുനാഥന്റെ ഈ വാക്കുകളെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ള ഒരു ഗ്രന്ഥമാണു് കൊയ്ത്തുകാർ. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ മാതാപിതാക്കന്മാർക്കും അദ്ധ്യാപകന്മാർക്കും വൈദികർക്കും ചെയ്യാവുന്ന മഹനീയസേവനം ഉദാഹരണസഹിതം സരസമായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്. കത്തോലിക്കാസംഘങ്ങൾ, മതപാഠപുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായവ വഹിക്കുന്ന ഭാഗവും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടു്. ഒരു കേരളമിഷൻസെമിനാരിയുടേയും ഒരു കേരളമിഷൻ കോൺഗ്രിഗേഷന്റേയും ആവശ്യം ഗ്രന്ഥകാരൻ ഉയർത്തിപ്പറഞ്ഞിരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാണു്. ഒരു മലബാർ മിഷൻപ്രോവിൻസു് ഉണ്ടാകണമെന്നുള്ള ഗ്രന്ഥകാരന്റെ ആഗ്രഹവും ഈ പുസ്തകത്തിൽ ഒളിച്ചുവച്ചിട്ടില്ല. ദൈവവിളി എന്തെന്നും എങ്ങനെയാണു് ദൈവവിളിയുണ്ടെന്നു നിശ്ചയിക്കാമെന്നും സംക്ഷിപ്തമായി പ്രസ്താവിച്ചുകൊണ്ടു ക്രിസ്തുവിന്റെ ദ്രാക്ഷാവാടിയിൽ അദ്ധ്വാനിക്കുവാനായി ഒരാഹ്വാനവും നൽകി ഗ്രന്ഥകാരൻ തൂലിക താഴെവയ്ക്കുന്നു. "കൊയ്ത്തുകാർ" എന്ന ഈ പുസ്തകംവഴി നല്ല കൊയ്ത്തുകാരുടെ സംഖ്യ വർദ്ധിക്കുമെങ്കിൽ മാത്രമേ ഗ്രന്ഥം അതിന്റെ ലക്ഷ്യത്തിലെത്തിച്ചേർന്നുവെന്നു പറയുവാൻ നിവൃത്തിയുള്ളു. ഗ്രന്ഥകാരൻ തന്റെ പങ്കു നിർവ്വഹിച്ചിട്ടുണ്ടെന്നു പറയാം; അനുവാചകർ അവരുടെ പങ്കു നിർവ്വഹിക്കുമോ? ഗ്രന്ഥകാരനും. പ്രസാധകരായ സേക്രഡ്ഹാർട്ടു് ലീഗിനും കൂപ്പുകൈ. (T. M.)

## ജൂബിലിധ്വനി
അഥവാ
### പ്രേഷിതഗാനങ്ങൾ

(ഗ്രന്ഥകർത്താ: ശ്രീ എം. പാറേൽ. പക്കം 18. വില 3ണ. കച്ചവടക്കാർക്കു് 25ശതമാനം കമ്മീഷൻ; ഡയറക്ടർ, ചെറുപുഷ്പമിഷൻലീഗു്, കുളത്തൂരു് അഥവാ പഴയപള്ളി, വായ്പൂരു്)

ഭാരതാപ്പസ്തോലന്മാരുടെ ശതാബ്ദജൂബിലിസ്മാരകമായി കുളത്തൂരു് ചെറുപുഷ്പമിഷൻ ലീഗു് പ്രസിദ്ധംചെയ്തിരിക്കുന്ന പ്രേഷിതഗാനസമാഹാരമാണു് ജൂബിലിധ്വനി. കേരളീയകത്തോലിക്കരിൽ മങ്ങിമയങ്ങി കിടക്കുന്ന പ്രേഷിതാഗ്നിയെ ഉദ്ദീപിപ്പിച്ചു് ഭാരതീയ അപ്പസ്തോലരുടെ തൃപ്പാദപടികളെ പിൻചെല്ലുവാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുവാനായിട്ടത്രേ ഗ്രന്ഥകാരൻ ഗാനാലാപം ചെയ്യുന്നതു്. സുപരിചിതങ്ങളായ പതിനെട്ടു് ഹിന്ദിഗാനങ്ങളിൽ പ്രേഷിതചൈതന്യം ഉത്തേജിപ്പിക്കുന്ന ഗാനങ്ങൾ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു. ആധുനികരീതിയിൽ ലളിതഭാഷയിൽ ഗാനങ്ങൾ രചിച്ചിട്ടുണ്ടെന്നു ഗ്രന്ഥകർത്താവു് അവകാശപ്പെടുന്നതു് ഏറെക്കുറെ വാസ്തവമാണു്. "മുനിയാരകേരളകേളി" എന്ന മട്ടിൽ എഴുതിയിട്ടുള്ള ഗാനത്തിൽനിന്നു കുറെ ഇവിടെ ഉദ്ധരിക്കാം:

പ്രേഷിതകേരളദേഹിഹാ—
ഹാ —ക്രൈസ്തവകേരളറാണി
ഹാ ദേവഗൃഹമേ, ചിന്തകരുധീരാ
പാവനം രണഭേരിയിതിൽ
സ്വാതന്ത്ര്യരിന്ത്യർ സ്നേഹരാജ
ഹൃദയവികാരമറിഞ്ഞീടാൻ.

സാധാരണക്കാർക്കു് ഈ പദങ്ങൾ എളുപ്പമല്ല; എന്നാൽ ഇവ സരളമാണു്. സരളതയ്ക്കുവേണ്ടി ചിലപ്പോൾ ഇങ്ങനെയും പദങ്ങൾ ഉപയോഗിക്കേണ്ടിവരും. പൊതുവേ ഗാനങ്ങൾ വളരെ നന്നായിട്ടുണ്ടു്. ഗാനകൃത്തു് ഇനിയും ധാരാളമായി ഗാനങ്ങൾ ആലപിക്കട്ടെ. കുളത്തൂർ ചെറുപുഷ്പമിഷൻലീഗിലെ വൈദികവിദ്യാർത്ഥികളിലേക്കു് ഈ ഗാനപുസ്തകംവഴി നല്ല ഒരു സംഖ്യ കൈവരട്ടെയെന്നു് ആശംസിക്കുന്നു. (T. M.)

കാഞ്ഞൂർ
ഫൊറോനാപള്ളിയിൽ
വി. സെബസ്ത്യാനോസിന്റെ
തിരുനാൾ

1954 ജനുവരി 19, 20 (ചൊവ്വാ, ബുധൻ) തീയതികളിൽ സാഘോഷം കൊണ്ടാടുന്നു. എട്ടാമിടം ജനുവരി 27-ാംനു ബുധനാഴ്ചയുമാണു്.

എന്നു വികാരി

സഭാചരിത്രപംക്തി (12)

# റോമയിലെ ആദിമസഭ

(പ്രൊഫസ്സർ പി. ടി. തോമസ് എം. എ.)

വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽനിന്നാണു് റോമയിലെ സഭയെപ്പറ്റിയുള്ള ആദ്യസൂചന നമുക്കു ലഭിക്കുന്നതു്. "ലോകമെങ്ങും പ്രശസ്തമായിത്തീർന്നിട്ടുള്ള അവരുടെ വിശ്വാസത്തെ പൗലോസു് പ്രസ്തുത ലേഖനത്തിൽ അഭിനന്ദിക്കുന്നു. എന്നാൽ റോമയിലെ ക്രിസ്തുസഭയുടെ ഉത്ഭവത്തെപ്പറ്റി നമുക്കുള്ള അറിവു് വളരെ പരിമിതമാണു്.

സുവിശേഷം വളരെ നേരത്തേ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമയിൽ എത്തിയിരുന്നു എന്നുള്ളതിനു സംശയമില്ല. റോമയും പൗരസ്ത്യദേശങ്ങളും തമ്മിൽ അക്കാലത്തു് വളരെ അടുത്ത സമ്പർക്കം പുലർത്തപ്പെട്ടിരുന്നു. സിറിയയിലോ പലസ്തീനായിലോ നടക്കുന്ന സംഭവങ്ങളുടെ മാറ്റൊലി തലസ്ഥാനനഗരത്തിൽ എത്തിച്ചേരുന്നതിനു് അധികകാലം വേണ്ടിയിരുന്നില്ല. പലസ്തീനായിലെ പ്രധാനസൈനികത്താവളമായിരുന്ന സിസ്സേറിയായിൽനിന്നു റോമയിലേക്കു മടങ്ങിവന്നുകൊണ്ടിരുന്ന ഭടന്മാർവഴി ഈ നൂതനമതത്തെപ്പറ്റിയുള്ള വാർത്ത അവിടെ എത്തിയിരിക്കാം. ഇവരിൽ ചിലർ, കേർണീലിയസ്സിനെപ്പോലെ, പുതിയ വിശ്വാസം സ്വീകരിച്ചിരുന്നു എന്നും വരാം. റോമയിലേക്കുള്ള സുവിശേഷത്തിന്റെ ആഗമനത്തിനു് മറ്റൊരു മാർഗ്ഗവും നാം കാണുന്നുണ്ടു്. പന്തക്കുസ്താതിരുനാൾദിവസം പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം പത്രോസ് ചെയ്ത ആദ്യപ്രസംഗം ശ്രവിച്ചവരുടെ കൂട്ടത്തിൽ റോമയിൽനിന്നു വന്നിരുന്ന അപരിചിതന്മാരുമുണ്ടായിരുന്നു എന്നു് അപ്പസ്തോലനടപടികളിൽ കാണുന്നുണ്ടു്. റോമയിൽനിന്നും വന്നിരുന്ന ഈ യഹൂദന്മാരിൽ ചിലർ ക്രിസ്തുമതം സ്വീകരിക്കയും അവർ ക്രിസ്തുവിന്റെ സുവിശേഷത്തെ നിത്യനഗരത്തിലേക്കു് ആവഹിക്കയുംചെയ്തു എന്നു് അനുമാനിക്കുന്നതിൽ തെറ്റില്ല.

റോമയിലെ സഭയുടെ സ്ഥാപനചരിത്രം അവ്യക്തമാണെങ്കിലും പൗലോസ് അപ്പസ്തോലൻ ലേഖനം എഴുതുന്നകാലത്തു് അവിടെ സുസംഘടിതമായ ഒരു ക്രിസ്തീയസമൂഹമുണ്ടായിരുന്നു എന്നും അവരുടെ വകയായി പല ഗാർഹികദേവാലയങ്ങൾ (House Churches) ഉണ്ടായിരുന്നു എന്നും ഉള്ളതിനു സംശയമില്ല. ഈ ക്രൈസ്തവസമൂഹത്തെ സംഘടിപ്പിച്ചതാരായിരിക്കാം? വി. പത്രോസായിരുന്നു എന്നാണു് പാരമ്പര്യം ഉൽഘോഷിക്കുന്നതു്. A. D. 41-നും 44-നും ഇടയ്ക്കു് ക്ലോഡിയസ് ചക്രവർത്തിയുടെ ഭരണകാലത്തു് പത്രോസ് റോമയിൽ വന്നുചേർന്നിരിക്കാമെന്നാണു് പാരമ്പര്യസിദ്ധമായ വിശ്വാസം. 48 A. D. യിൽ ക്ലോഡിയസ് ചക്രവർത്തിയുടെ കല്പനമൂലം യഹൂദർ മുഴുവൻ റോമയിൽനിന്നും ബഹിഷ്കരിക്കപ്പെടുന്നതുവരെയും പത്രോസ് അവിടെത്തന്നെ ഉണ്ടായിരുന്നു. 49 A. D. യിൽ നടന്ന യറുശലേമിലെ അപ്പസ്തോലസഭയിൽ പത്രോസ് ആദ്ധ്യക്ഷം വഹിക്കുന്നതായി നാം കാണുന്നു. അപ്പസ്തോലന്റെ വേർപാടിനുശേഷവും റോമയിലെ സഭ ക്രമപ്രവൃദ്ധമായ രീതിയിൽ വളർന്നുകൊണ്ടുതന്നെയിരുന്നു. 57 A. L. യിൽ കൊറിന്ത്യയിൽനിന്നും പൗലോസ് റോമാസഭയിലേക്കു് അഭിനന്ദനസൂചകമായ ഒരു ലേഖനം എഴുതിയതുതന്നെ പ്രസ്തുതസഭയുടെ പ്രശസ്തിക്കു തെളിവാണു്. ഈ ലേഖനം എഴുതുന്നകാലത്തു് പത്രോസ് റോമയിലില്ലായിരുന്നു.

റോമാസഭയിലെ വിശ്വാസികളിൽ അധികപങ്കും പുറജാതിക്കാരായിരുന്നു. യഹൂദക്രിസ്ത്യാനികളുടെ എണ്ണം താരതമ്യേന കുറവായിരുന്നു. മറ്റു സ്ഥലങ്ങളിലെന്നപോലെ റോമയിലും സുവിശേഷം സ്വീകരിക്കാത്ത യഹൂദരും ക്രിസ്ത്യാനികളും തമ്മിൽ ശണ്ഠകൾ ഉണ്ടായിക്കൊണ്ടിരുന്നു. യഹൂദർ ക്രിസ്ത്യാനികളുടെമേൽ കൈയേറ്റം നടത്തുകയും സമാധാനപാലനാർത്ഥം പോലീസ് ഇടപെടുകയുംചെയ്യുക സാധാരണയായിരുന്നു. ഈ അസ്വസ്ഥതകൾമൂലമാണു് ക്ലോഡിയസ് ചക്രവർത്തി ക്രിസ്തീയരും അല്ലാത്തവരുമായ യഹൂദരെ ഒന്നടങ്കം റോമയിൽനിന്നും ബഹിഷ്കരിച്ചതു്. അധികം താമസിയാതെ രണ്ടുകൂട്ടരും റോമയിലേക്കു മടങ്ങിപ്പോന്നു. അതിനുശേഷവും സഭ വിശ്വാസത്തിലും അംഗസംഖ്യയിലും പുരോഗമിച്ചുകൊണ്ടുതന്നെയിരുന്നു—എങ്കിലും ഭരണകൂടത്തിന്റെയോ പൗരസഞ്ചയത്തിന്റെയോ പ്രത്യേകമായ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണമുള്ള ഒരു സ്ഥാനം സഭയ്ക്കു് അക്കാലത്തു് കൈവന്നിട്ടില്ലായിരുന്നു. ക്രിസ്ത്യാനികളെ യഹൂദരുടെ ഒരു വിഭാഗമായിമാത്രമാണു് റോമാനഗരവാസികൾ അന്നു് പരിഗണിച്ചിരുന്നതു്. ക്രിസ്തുമതത്തോടോ ക്രിസ്ത്യാനികളോടോ യാതൊരു ശത്രുഭാവവും അവർ പ്രകടിപ്പിച്ചിരുന്നില്ല.

61 A. D. യിൽ പൗലോസ് ശൃംഖലാബദ്ധനായി റോമയിലേക്കു കൊണ്ടുവരപ്പെടുകയും കുറേനാൾ ഒരു ലഘുതരമായ തടവിൽ അവിടെ കഴിച്ചുകൂട്ടുകയുംചെയ്ത കാര്യങ്ങൾ മുൻലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. അക്കാലത്തു്, ക്രിസ്ത്യാനികളോടു് വിദ്വേഷാത്മകമായ ഒരു മനോഭാവം പൊതുവേ പ്രകടിതമായിരുന്നതിനാൽ, തടങ്കൽകാലത്തുപോലും ഫലപ്രദമാംവണ്ണം സുവിശേഷവേല ചെയ്യുന്നതിനു പൗലോസിനു സാധിച്ചു. പൗലോസിന്റെ നേതൃത്വത്തിൽ റോമൻസഭയ്ക്കു് അത്ഭുതപൂർവ്വമായ അഭിവൃദ്ധി കൈവന്നിട്ടുണ്ടാവണം. കാരണം 64 A. D. യിൽ റോമയിലെ ക്രിസ്ത്യാനികൾ "വമ്പിച്ച ഒരു ജനാവലി"യായിത്തീർന്നിരുന്നു എന്നു് ടാസിറ്റസ് (Tacitus) സാക്ഷിക്കുന്നു. അങ്ങനെ പത്രോസിന്റെ പ്രയത്നങ്ങൾക്കു് പൗലോസ് മകുടംചാർത്തി എന്നു പറയാം.

പൗലോസ് തടവിൽനിന്നു് വിമോചിതനായതും സ്പെയിനിലേക്കു് സുവിശേഷപ്രചരണാർത്ഥം പോയതും മറ്റും മുൻ ഒരു ലേഖനത്തിൽ വിവരിച്ചിട്ടുണ്ടു്. അക്കാലത്തും റോമൻസഭ അനാഥമായിരുന്നില്ല. കാരണം A. D. 63 ലോ 64 ലോ പത്രോസ് വീണ്ടും നിത്യനഗരത്തിൽ എത്തിച്ചേർന്നിരുന്നു. ഇക്കാലത്തു് പത്രോസ് എഴുതിയ ആദ്യലേഖനം റോമയിൽവച്ചാണു് രചിക്കപ്പെട്ടതെന്നുള്ളതിനു തെളിവുണ്ടു്. അതേ സംബന്ധിച്ചു് പിന്നീടു് പ്രതിപാദിക്കുന്നതാണു്.

മനുഷ്യാധമനും നിഷ്ഠുരനുമായ നീറോ ചക്രവർത്തി 64 A. D. യിൽ അഴിച്ചുവിട്ട പൈശാചികമായ മതപീഡനത്തിന്റെ നടുവിൽ റോമൻസഭയുടെ വിധാതാക്കളായ പത്രോസും പൗലോസും തലസ്ഥാനനഗരത്തിൽവച്ചു വീണ്ടും ഒന്നിച്ചുചേരുന്നതായി നാം കാണുന്നു. 67 A. D. യിൽ പൗലോസ് അപ്പസ്തോലൻ റോമയിൽവച്ചു് വീണ്ടും ബന്ധനസ്ഥനാക്കപ്പെട്ട എന്നുള്ള വാസ്തവത്തെ ആരും ചോദ്യം ചെയ്യുന്നില്ല. വിശ്വസനീയമായ ഒരു പാരമ്പര്യമനുസരിച്ചു് നീറോയുടെ മതപീഡനം പൊട്ടിപ്പുറപ്പെട്ട കാലത്തു് പൗലോസ് കിഴക്കൻ പ്രദേശത്തായിരുന്നു. കൊറിന്ത്യയിൽവച്ചു് അദ്ദേഹം പത്രോസിനെ കണ്ടുമുട്ടുകയും രണ്ടുപേരുംകൂടി റോമയിലേക്കു വരികയും അവിടെവച്ചു് രാജകിങ്കരന്മാർ അവരെ പിടികൂടി ബന്ധനത്തിൽ പാർപ്പിക്കയുംചെയ്തു. കാരാഗൃഹത്തിൽനിന്നും പൗലോസ് തന്റെ "പ്രിയസുതനായ" ടിമോതിക്കയച്ച ലേഖനത്തിൽ, അവിടെ അദ്ദേഹം അനുഭവിച്ചുകൊണ്ടിരുന്ന കഠിനയാതനകളെ ഏററം ഹൃദയസ്പർശകമാംവണ്ണം വിവരിച്ചിട്ടുണ്ടു്. പീഡകന്മാർ അദ്ദേഹത്തെ വിലങ്ങുകൾകൊണ്ടു ബന്ധിക്കുകയും ക്രൂരമായ മർദ്ദനങ്ങൾ ഏല്പിക്കയും ചെയ്തിരുന്നു. ബലി അർപ്പിക്കപ്പെടുന്ന തന്റെ ശരീരത്തിൽനിന്നും രക്തം ധാരധാരയായി പ്രവഹിക്കുന്നതും തന്റെ അന്ത്യം അനുനിമിഷം സമീപിക്കുന്നതും അദ്ദേഹം മനോദർപ്പണത്തിൽക്കൂടി കണ്ടു. "ഒരു നല്ല യുദ്ധം ഞാൻ ചെയ്തു. എന്റെ ഓട്ടത്തിന്റെ ലക്ഷ്യത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു. എന്റെ വിശ്വാസത്തെ ഞാൻ പരിരക്ഷിച്ചു. നീതിമാനായ വിധിയാളൻ എനിക്കു നൽകുവാൻ വേണ്ടി നീതിയുടെ കിരീടം സജ്ജമാക്കിയിരിക്കുന്നു. അതു് എനിക്കുവേണ്ടി മാത്രമല്ല പിന്നെയോ അവിടുത്തെ വരവിനെ സസ്നേഹം ഉററുനോക്കിക്കൊണ്ടിരിക്കുന്നവർക്കെല്ലാം വേണ്ടിയത്രേ." വി. പൗലോസിന്റെ ലേഖനസമുച്ചയത്തിൽ മേലുദ്ധരിച്ചിരിക്കുന്ന അന്ത്യസന്ദേശംപോലെ ഇത്ര സുന്ദരവും ഹൃദയഹാരിയുമായ ഒരു ഭാഗം വേറെയുണ്ടെന്നു തോന്നുന്നില്ല.

നീറോയുടെ സർക്കസ്സു് (the Circus of Nero) എന്ന സ്ഥലത്തുവച്ചു് പത്രോസിനെ കുരിശിൽ തറച്ചുകൊന്നു. വത്തിക്കാൻ കുന്നിൽ അദ്ദേഹത്തെ സംസ്കരിച്ചു. അപ്പസ്തോലപ്രധാനനും തിരുസ്സഭയുടെ ശ്രേഷ്ഠപരമാധികാരിയുമായിരുന്ന വി. പത്രോസിന്റെ ശവകുടീരത്തിന്റെ മുകളിൽ പ്രഥമ ക്രിസ്തീയചക്രവർത്തിയായ കോൺസ്റ്റന്റയിൻ 324 A. D. യിൽ ഒരു ഗംഭീരദൈവാലയം പണികഴിപ്പിച്ചു. സാർവ്വലൗകികസഭയുടെ തീർത്ഥകേന്ദ്രമായി പരിലസിക്കുന്ന വി. പത്രോസിന്റെ ദൈവാലയം ഇന്നും ആ അപ്പസ്തോലപ്രമുഖന്റെ പൂജ്യാവശിഷ്ടങ്ങളെ സംരക്ഷിച്ചുകൊണ്ടു് നിലകൊള്ളുന്നു. ഒരു റോമൻ പൗരനായിരുന്ന വി. പൗലോസിനെ ഓസ്റ്റിയൻ വീഥി (the Ostian Way) എന്ന സ്ഥലത്തുവച്ചു് കുരിശിൽ തറക്കുന്നതിനു പകരം ശിരച്ഛേദം ചെയ്യുകയാണുണ്ടായതു്. ആ വധരംഗത്താണു് "St. Paul Outside the Walls" എന്ന ബസ്ലിക്കാ പണിചെയ്യപ്പെട്ടിരിക്കുന്നതു്. അനന്തരകാലങ്ങളിൽ ലോകത്തിലെ എല്ലാ ക്രിസ്തീയരാജ്യങ്ങളിൽനിന്നും എണ്ണമററ തീർത്ഥകർ നിത്യനഗരത്തിലുള്ള അപ്പസ്തോലന്മാരുടെ ശവകുടീരങ്ങളെ ലക്ഷ്യമാക്കി പ്രവഹിച്ചുകൊണ്ടിരുന്നിട്ടുണ്ടു്. കാലം കഴിയുന്തോറും ആ പ്രവാഹത്തിന്റെ ശക്തിയും തീക്ഷ്ണതയും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതു്.

## കലണ്ടറുകൾ

സേക്രഡ് ഹാർട്ട്സ് ബുക്ക്സ്റ്റാൾ & ഇൻഡസ്ട്രീസ്, മാന്നാനം, എസ്. ജെ. ജെ. എമ്പോറിയം ഭരണങ്ങാനം, ഐ. എസ്. പ്രസ്സ് എറണാകുളം എന്നിവരുടെ 1954-ലെ കലണ്ടറുകൾ കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM, JANUARY 13 1954 | No. 20

# സ്വതന്ത്രഭാരതത്തിലെ ക്രിസ്തീയസഭ

വിദേശാധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ഒരു പ്രബലരാഷ്ട്രത്തിനു വേണ്ട പുരോഗമനപരമായ നിർമ്മാണപരിപാടികളിൽ ബദ്ധശ്രദ്ധമായിരിക്കുന്ന ഭാരതത്തിനു ആ ലക്ഷ്യം സാധിക്കുന്നതിന് ഇവിടത്തെ ക്രൈസ്തവസഭ ഒരു ഗണനീയമായ പങ്കു സംഭാവന ചെയ്യുവാനുണ്ട്. ഏഷ്യാ ഭൂഖണ്ഡത്തിലുള്ള രാഷ്ട്രസമുച്ചയത്തിൽ മുൻപന്തിയിലാണ് ഭാരതത്തിന്റെ സ്ഥാനം. ഇന്ത്യയുടെ ഈ നിലപാട് ലോകരാഷ്ട്രങ്ങൾ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ലോകത്തിന്റെ ഗതിവിഗതികളെ നയിച്ചുകൊണ്ടിരിക്കുന്ന വൻകിടശക്തികൾ സാർവ്വലൗകികമായ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളിലും പര്യാലോചനകളിലും ഭാരതത്തിന്റെ അഭിപ്രായഗതികൾക്ക വേണ്ട പരിഗണന നൽകിക്കൊണ്ടിരിക്കുന്നതു ഇതിനു പ്രകടമായ തെളിവാണ്. "ഏഷ്യയുടെ ഹൃദയത്തിലേക്ക് കടക്കുവാനുള്ള പാശ്ചാത്യരുടെ കവാടം ന്യൂഡൽഹിയാണ്" എന്ന് ഒരു പ്രമുഖ ടർക്കിഷ് പത്രം ഈയിടെ പ്രസ്താവിച്ചതു തികച്ചും യഥാർത്ഥമാണ്.

ആദ്ധ്യാത്മികതത്വത്തിൽ അടിയുറച്ചതും അതിപ്രാചീനവുമായ ഒരു സംസ്കാരം ഭാരതത്തിന്റെ പാരമ്പര്യസമ്പത്താണ്. ആധുനികലോകത്തെ ഉലച്ചുകൊണ്ടിരിക്കുന്ന ഭൗതികസിദ്ധാന്തങ്ങളുടെ വേലിയേററത്തെ ചെറുത്തുനില്ക്കുന്നതിനുള്ള കെല്പു തന്മൂലം അവർക്ക സ്വായത്തമായിരിക്കുന്നു. ഒന്നരശതാബ്ദക്കാലത്തെ ബ്രിട്ടീഷ് ഭരണംകൊണ്ട് എന്തെല്ലാം കഷ്ടനഷ്ടങ്ങൾ ഭാരതത്തിനുണ്ടായിട്ടുണ്ടെങ്കിലും ഈ വേഴ്ചമൂലം വിശ്വസാഹിത്യത്തിലും ലോകസംസ്കാരത്തിലും ഇടപഴകുന്നതിന് അവർക്ക സൗകര്യം സിദ്ധിച്ചു എന്നുള്ളതു വിസ്മരിക്കപ്പെടാവുന്നതല്ല. തന്മൂലം പ്രകൃത്യാതന്നെ സമർത്ഥന്മാരായ ഭാരതീയർ, അനുകൂലമായ പ്രസ്തുത സാഹചര്യങ്ങളിൽ നിഷ്പ്രയാസം ഒന്നാംകിട ചിന്തകന്മാരും പക്വമതികളും രാഷ്ട്രമീമാംസപടുക്കളുമായി ഉയർന്നു. അതുകൊണ്ടാണ് സ്വതന്ത്രഭാരതത്തിനു അതിന്റെ പരിമിതമായ ഈ ബാല്യകാലഘട്ടത്തിനിടയിൽതന്നെ ബലിഷ്ഠമായ ഒരു രാഷ്ട്രത്തിനനുയോജ്യമായ അടിത്തറ പടുക്കുന്നതിനു സാധിച്ചതു. അധുനാതനവും അന്യൂനവുമായ ഒരു ഭരണഘടന സൃഷ്ടിക്കുന്നതിനും അചഞ്ചലവും അഭിമാനാർഹവുമായ പുരോഗതിക്ക നിദാനമായ ഒരു വ്യവസ്ഥിതിക്ക രൂപംകൊടുക്കുന്നതിനും സാധിച്ചിട്ടുള്ളതു, ഭാരതത്തെപ്പോലെ ബാലാരിഷ്ടതകളിൽ കഴിഞ്ഞുകൂടുന്ന ഒരു രാഷ്ട്രത്തിന്റെ പ്രാരംഭചരിത്രത്തിൽ വിലപ്പെട്ട നേട്ടങ്ങളാണ്. അവളുടെ ശോഭനമായ ഭാവിയെ വിദഗ്ദ്ധമായി കരുപ്പിടിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും, ലോകത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന ഒന്നാംകിട നേതാക്കന്മാരിൽ ഒരാളായി എണ്ണപ്പെട്ടുകഴിഞ്ഞിട്ടുള്ള പണ്ഡിററ്ജീയെ ലഭിച്ചിരിക്കുന്നതും ഒരു ദൈവാനുഗ്രഹമാണ്.

## ക്രിസ്തീയസഭ സാർവ്വദേശീയമാണ്

ഭാരതത്തിന്റെ രാഷ്ട്രീയസ്വാതന്ത്ര്യലബ്ധിയോടുകൂടി ഇവിടത്തെ ക്രിസ്തീയസഭയും അതിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നിരിക്കയാണല്ലോ. ക്രിസ്തുവർഷത്തിന്റെ ആരംഭനാളുകളിൽത്തന്നെ ക്രിസ്തുമതം ഭാരതത്തിനു സ്വായത്തമായി. വിദൂരസ്ഥിതമായ ആദിമനൂററാണ്ടുകളിൽ ഭാരതഭൂമിയിൽ സഭയ്ക്കു സ്വാതന്ത്ര്യവും പ്രചാരവും സ്ഥിരപ്രതിഷ്ഠയും ലഭിച്ചുകഴിഞ്ഞു. മദ്ധ്യശതകങ്ങൾ മുതലുണ്ടായ വിദേശശക്തികളുടെ ആഗമനങ്ങളും മേൽക്കോയ്മയും ക്രിസ്തീയസഭയെ സംബന്ധിച്ചു പലേ വ്യതിയാനങ്ങൾക്കും കാരണമായി. വിദേശമേൽക്കോയ്മകളുടെ തണലിൽ മിഷനറി പ്രവർത്തനങ്ങൾ നടന്നിരുന്നതുകൊണ്ട് ക്രിസ്തീയസഭ വൈദേശികമായ ഒരു സ്ഥാപനമാണെന്നുള്ള തെററിദ്ധാരണ പലേ ഭാരതീയരേയും ബാധിച്ചു എന്നുള്ളതു അക്കൂട്ടത്തിലുള്ള ഒരു പ്രത്യാഘാതമാണ്.

ക്രിസ്തുമതത്തിനു മനുഷ്യരെ സംബന്ധിച്ച് പാശ്ചാത്യമെന്നോ പൗരസ്ത്യമെന്നോ, പരിഷ്കൃതമെന്നോ അപരിഷ്കൃതമെന്നോ, വെളുത്തതെന്നോ കറുത്തതെന്നോ ഉള്ള വ്യത്യാസപരിഗണനകളില്ല. അതു വിശ്വവ്യാപകവും എല്ലാ ജനതകളേയും ഉൾക്കൊള്ളുന്നതുമായ ഒരു ആദ്ധ്യാത്മികസ്ഥാപനമാണ്. സർവ്വചരാചരങ്ങളുടേയും സ്രഷ്ടാവായ ദൈവത്തിന്റെ പിതൃത്വവും മാനവസഞ്ചയത്തിന്റെ വിശ്വസാഹോദര്യവുമാണ് അതിന്റെ മൗലികസിദ്ധാന്തങ്ങൾ. അതുകൊണ്ട് മാതൃസഹജമായ സമഭാവനയോടുകൂടി മാത്രമേ അതിനു ജനതയെ പരിഗണിക്കാൻ സാധിക്കയുള്ളു.

ക്രിസ്തുമതം പൗരസ്ത്യമോ പാശ്ചാത്യമോ അല്ല. അതു തികച്ചും പൗരസ്ത്യവും തികച്ചും പാശ്ചാത്യവുമാണ്; അഥവാ, സാർവ്വലൗകികമാണ്. ചരിത്രപരമായി അതിന്റെ ഉത്ഭവം പൗരസ്ത്യമാണെന്നു പറയാം, ക്രിസ്തു ഒരു പൗരസ്ത്യരാജ്യത്തിൽ ജനിച്ചുവളർന്നതുകൊണ്ട്. എന്നാൽ അതിന്റെ കേന്ദ്രവും ശക്തിയും പാശ്ചാത്യമാണെന്നും പറയാവുന്നതാണ്. പക്ഷെ, ക്രിസ്തുമതം അതിന്റെ ലക്ഷ്യത്തിലും പ്രവർത്തനപരിപാടികളിലും തികച്ചും സാർവ്വലൗകികമത്രെ. അതു ഓരോ രാജ്യത്തേയും ഓരോ വ്യക്തിയേയും നേരിട്ടു സ്പർശിക്കുന്നതും സ്പർശിക്കേണ്ടതുമാണ്. സഭ സിറിയായിൽ സിറിയനാണെങ്കിൽ, റോമായിൽ റോമനാണെങ്കിൽ, ഭാരതത്തിൽ അതു നൂറുശതമാനവും ഭാരതീയമാണ്. ഭാരതത്തിലെ ഓരോ വ്യക്തിയേയും അതു സമീപിക്കുകയും പ്രബോധിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുക എന്നതു അതിന്റെ കർത്തവ്യവും അവകാശവുമാണ്. ഓരോ വ്യക്തിക്കും സ്വതന്ത്രമായി അതിനെ ആശ്രയിക്കുകയും ആശ്ലേഷിക്കുകയും ചെയ്യാം. ഈ അവകാശസ്വാതന്ത്ര്യങ്ങളാണ് ഭാരതം അതിന്റെ ഭരണഘടനയിൽ മനസ്സാക്ഷിസ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രഖ്യാപിച്ചിട്ടുള്ളതു.

## സ്വതന്ത്രഭാരതത്തിലെ നിലപാട്

ഭാരതം രാഷ്ട്രീയസ്വാതന്ത്ര്യം പ്രാപിച്ചതോടുകൂടി മതപരമായ അവളുടെ നിലപാടിലും ചില വ്യതിയാനങ്ങൾ ഉണ്ടാകാതെ തരമില്ല. വിവിധമതങ്ങളും മതാവലംബികളും ഇടകലർന്നു നിവസിക്കുന്ന ഒരു മിശ്രമതരാഷ്ട്രമാണല്ലോ ഭാരതം. ഇവിടെ എല്ലാ മതങ്ങൾക്കും ന്യായമായ സ്വാതന്ത്ര്യസുരക്ഷിതത്വങ്ങൾ ഉണ്ടായിരിക്കേണ്ടതു ജനായത്തസിദ്ധാന്തങ്ങൾക്കും ജനതയുടെ സുസ്ഥിതിക്കും അത്യന്താപേക്ഷിതമാണ്. ഈ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടിയാണ് ഭരണഘടന ഭാരതത്തെ ഒരു സെക്കുലർസ്റ്റേററ് (മതേതരരാഷ്ട്രം) എന്നു വ്യവഹരിച്ചിരിക്കുന്നതു.

കോഴിക്കോട്ടു മെത്രാൻ
റൈററ് റവ. ഡോ. അൽദ്ദൂസ് പത്രോണി എസ്. ജെ.



തിരുമേനിയുടെ നാമകരണദിനം ജാനു. 10.

രാഷ്ട്രം ജനതയുടെ മതവിശ്വാസം സംബന്ധിച്ചോ മതാചാരം സംബന്ധിച്ചോ ഏതെങ്കിലും നിർബന്ധം അവരുടെമേൽ അടിച്ചേൽപ്പിക്കുകയില്ലെന്നും ന്യായമായ രീതിയിൽ ഓരോരുത്തർക്കും അവരവരുടെ ആദ്ധ്യാത്മികപ്രചോദനത്തിനും മനസ്സാക്ഷിയുടെ പ്രേരണയ്ക്കും അനുസരിച്ച് ഏതുമതവും നിർബാധം അംഗീകരിച്ചനുഷ്ഠിക്കുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നും അലംഘനീയമായ പ്രസ്തുത മൗലികാവകാശത്തെ രാഷ്ട്രം നിയമമുഷ്ട്യാ പിൻതാങ്ങുന്നു എന്നുമാണ് ഇതുവഴി ഭരണഘടന പ്രഖ്യാപിക്കുന്നതു.

ഈ വ്യവസ്ഥയെ ദുർവ്യാഖ്യാനം ചെയ്യുന്നതിനുള്ള ചില ദുഷിച്ച പ്രവണതകൾ ഇതിനകം ചിലപ്പോഴെല്ലാം പ്രകടമായിട്ടുണ്ട് എന്നുള്ള വസ്തുത അനുസ്മരണാർഹമാണ്. മതവിഷയത്തിൽ രാഷ്ട്രത്തിനു യാതൊരു കർത്തവ്യവുമില്ലെന്നും ഒരു മതത്തിന്റേയോ മതാവലംബികളുടേയോ ഉത്തമതാല്പര്യങ്ങൾക്കുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നതിനും അതിനെതിരായുള്ള അനീതികളെ പരിഹരിക്കുന്നതിനുംവേണ്ടി രാഷ്ട്രം പ്രവർത്തിക്കേണ്ടതില്ലെന്നും മററുമാണ് ഈ ദുർവ്യാഖ്യാനത്തിന്റെ ഗതി. എന്നാൽ പണ്ഡിതന്മാരും നിയമപടുക്കളുമായ ഭരണമേധാവികൾ യഥാവസരം ഈ ദുർവ്യാഖ്യാനത്തെ അപലപിച്ചിട്ടുണ്ട്. മതേതരരാഷ്ട്രമെന്നതുകൊണ്ട് മതകാര്യത്തിൽ പ്രതിപത്തിയില്ലാത്ത രാഷ്ട്രമെന്നല്ല മനസ്സിലാക്കേണ്ടതെന്നും പ്രത്യുത മതസ്വാതന്ത്ര്യത്തിൽ അനാവശ്യമായി ഇടപെടാത്തതും മതസഹിഷ്ണുതയെ അംഗീകരിക്കുന്നതുമായ ഒരു രാഷ്ട്രമെന്നാണ് അതിന്റെ അർത്ഥമെന്നും വിശദമാക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

ക്രിസ്തുമതം ഇന്നു ഭാരതത്തിൽ അവഗണിക്കപ്പെടുവാൻ പാടില്ലാത്ത ഒരു ഘടകമാണെന്നുമാത്രമല്ല, നവഭാരതത്തിന്റെ അഭ്യുന്നതിയിൽ അതിന്റെ സേവനങ്ങൾക്ക ഭീമമായ ഒരു പങ്കുവഹിക്കുവാനുണ്ട്. ഇരുപതുനൂററാണ്ടുകാലം ഭാരതചരിത്രത്തിന്റെ വിവിധപരിവർത്തനങ്ങളിലൂടെ പ്രവർത്തിച്ചുപോന്നിട്ടുള്ള സഭ അവളുടെ ആധുനികജീവിതത്തിലും വിലപ്പെട്ടസേവനങ്ങൾ നൽകാതിരിക്കയില്ല. ഭാരതത്തിന്റെ വിജയത്തിനു ക്രിസ്തീയസംസ്കാരത്തിന്റെ പ്രകാശം അനുപേക്ഷണീയമാണ്. ഭാരതീയരുടെ ആദ്ധ്യാത്മികസ്വാതന്ത്ര്യത്തിനു ക്രിസ്തുമതം വഴിതെളിക്കുകയുംവേണം. വിദേശമിഷനറിമാരിൽനിന്നു ഈ സേവനം ഇനിയും പ്രതീക്ഷിക്കുന്നതു അനാദരണീയമല്ലെങ്കിലും പലേ കാരണങ്ങളാൽ അതു ഭാരതീയർതന്നെ ഏറെറടുക്കേണ്ടതാവശ്യമാണ്. ഭാരതീയസഭ സ്വന്തം കാലിൽനിന്നു പ്രവർത്തിക്കുന്നതാണല്ലോ അഭിമാനാവഹം. അതിനുള്ള ശേഷിയും ശേമുഷിയും ഇന്നു കൈവന്നുകഴിഞ്ഞിട്ടുണ്ട്. മാത്രമല്ല അക്രൈസ്തവഭാരതത്തിനു അവരുടെ ക്രൈസ്തവസഹോദരന്മാർ വഴി ലഭിക്കുന്ന സേവനമായിരിക്കും കൂടുതൽ സ്വീകാര്യവും. ക്രിസ്തുമതത്തിൽ വിദേശീയത്വം ഭയപ്പെടുന്ന അവർക്കു കൂടുതൽ സൗമനസ്യത്തോടും സഹകരണമനോഭാവത്തോടുംകൂടി ക്രൈസ്തവസഹോദരന്മാരോടിടപെടുന്നതിനും സത്യപ്രകാശം സ്വീകരിക്കുന്നതിനും കഴിയും. ചുരുക്കത്തിൽ ഭാരതത്തിലെ ക്രിസ്തീയസഭ അതിന്റെ സ്വഭാവത്തിൽ മാത്രമല്ല പ്രവർത്തനത്തിലും ഭാരതീയമായിത്തീരുന്നതു ഏററം അഭിലഷണീയവും ഫലപ്രദവുമായിരിക്കും.

## പരിശുദ്ധസിംഹാസനത്തിന്റെ ദീർഘവീക്ഷണം

അടുത്തകാലങ്ങളിൽ പരിശുദ്ധസിംഹാസനം ഭാരതസഭയെ സംബന്ധിച്ചു നടപ്പിൽ വരുത്തിയിട്ടുള്ള പല പരിഷ്കാരങ്ങളും ക്രമീകരണങ്ങളും തിരുസ്സഭയുടെ ദീർഘവീക്ഷണത്തിനു മകുടോദാഹരണങ്ങളാണ്. ഓരോ സ്ഥലത്തും സഭകൾ കാലാനുസൃതം ഏതദ്ദേശീയങ്ങളാക്കുകയാണ് തിരുസ്സഭയുടെ നയം. ഏതദ്ദേശീയവൈദികരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സഭാഭരണം അവരെത്തന്നെ ഏല്പിച്ചുകൊടുക്കത്തക്കവണ്ണം ഏതദ്ദേശീയഹയരാർക്കികൾ സ്ഥാപിക്കുന്നതിനും പരിശുദ്ധസിംഹാസനം വേണ്ട പ്രചോദനവും സഹകരണവും യഥാവസരം നൽകിക്കൊണ്ടിരിക്കുന്നു. തൽഫലമായി ഇന്നു ഭാരതത്തിൽ ആകെയുള്ള 65 രൂപതകളിൽ 40-ം ഭാരതീയരായ മെത്രാന്മാരാണ ഭരിക്കുന്നതു. അടുത്തകാലത്തു നടപ്പാക്കിയ ഏതാനും രൂപതകളുടെ പുനർവിഭജനംമൂലം ഇന്ത്യക്ക 4 ഏതദ്ദേശീയമെത്രാപ്പോലീത്തമാരെക്കൂടി ലഭിച്ചിരിക്കുന്നു. ആകെയുള്ള 5,500 വൈദികരിൽ 4,000പേരും നാട്ടുകാരാണ്. 1.600 ഓളം വൈദികവിദ്യാർത്ഥികൾ സെമിനാരികളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം ഭാരതത്തിൽ രൂപമെടുത്തുകഴിഞ്ഞിട്ടുള്ള പ്രബലമായ ഏതദ്ദേശീയകത്തോലിക്കാസഭ ഭാരതത്തിന്റെ ആദ്ധ്യാത്മികമായ സ്വാതന്ത്ര്യലബ്ധിക്കും ക്രിസ്തീയചൈതന്യപ്രകർഷത്തിനും വഴിതെളിക്കുമെന്നുള്ളതു തീർച്ചയാണ്.

## ചില അബദ്ധാഭിപ്രായങ്ങൾ

ദേശീയസഭയെപ്പററി അബദ്ധജടിലമായ ചില അഭിപ്രായങ്ങൾ ഈയിടെ പ്രബലപ്പെട്ടുവന്നിട്ടുണ്ട്. റഷ്യയിലും അവളുടെ ഉപഗ്രഹരാജ്യങ്ങളിലും മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട് എന്നു സ്ഥാപിക്കുവാൻ വെമ്പൽകൊള്ളുന്നവരാണ് ഈ പ്രചാരണക്കാർ. സ്വേച്ഛാഭരണം നടമാടുന്ന പ്രസ്തുത രാജ്യങ്ങളിൽ, അവിടത്തെ സാമാന്യജനങ്ങളുടെ അടിച്ചമർത്തപ്പെടുവാൻ കഴിയാത്ത മതബോധത്തെ ചിറയിട്ടു നിർത്തുന്നതിനുവേണ്ടി ചില "പാവസഭ"കളെ സൃഷ്ടിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നതു. ഇതൊരു മത[illegible]മെന്നല്ലാതെ മതസ്വാതന്ത്ര്യമായി ബുദ്ധിയുള്ളവരാരും ഗണിക്കുകയില്ല. രാഷ്ട്രത്തിന്റെ പരിധിയിൽ മതത്തെ ഒതുക്കിനിർത്തുവാൻ സാദ്ധ്യമല്ല. അതു സ്രഷ്ടാവായ ദൈവവും സൃഷ്ടിയായ മനുഷ്യനും തമ്മിലുള്ള ഇടപാടാണ്. ദൈവം മനുഷ്യനു നൽകിയിട്ടുള്ള "ദിവ്യവെളിപാടു"കൾ അതിന്റെ സ്വഭാവത്താൽതന്നെ സാർവ്വത്രികവും സാർവ്വജനീനവുമാണ്. രാഷ്ട്രത്തിന്റെ അതിർത്തികൾക്ക അതിനെ നിയന്ത്രിക്കുവാൻ കഴിവില്ല, അധികാരവുമില്ല. അതുകൊണ്ടു മതത്തെപ്പററി സ്വദേശീയമെന്നും വിദേശീയമെന്നും വാച്യാർത്ഥത്തിൽ വിവേചിക്കുന്നതു വെറും മണ്ടത്തരമാണ്. സർവ്വോൽകൃഷ്ടമായ മനുഷ്യന്റെ ആദ്ധ്യാത്മികാഭിവാഞ്ഛകളെ തൃപ്തിപ്പെടുത്തുന്നതിനു പരിപൂർണ്ണമായ മനസ്സാക്ഷിസ്വാതന്ത്ര്യമാണാവശ്യം.

ഇന്ത്യയിലും സ്വതന്ത്രമതസഭകളെപ്പററി ചില തെററായ അഭിപ്രായഗതികൾ അടുത്തകാലത്തു പൊന്തിവരികയുണ്ടായല്ലോ. പരിപക്വമായ പരിചിന്തനത്തിന്റേയും മതതത്വശാസ്ത്രത്തിൽ അവശ്യം വേണ്ട വ്യുൽപത്തിയുടേയും അഭാവംകൊണ്ടാണ് ഈദൃശ ആശയക്കുഴപ്പങ്ങൾ രൂപംപ്രാപിക്കുന്നതു. ഭാരതകത്തോലിക്കാ സഭാധികാരികൾ ഈ വസ്തുതയെ വിശദമായി ചൂണ്ടിക്കാണിക്കുകയും ശക്തിയുക്തം വിമർശിക്കുകയും ചെയ്തിരുന്നു. രാഷ്ട്രമേധാവികൾ അനവധാനപൂർവ്വകമായ ആ തെററു തിരുത്താതിരിക്കാൻ കാരണമില്ല. ഏതായാലും അപൽക്കരങ്ങളായ ഈദൃശ പ്രലോഭനങ്ങൾ സ്വതന്ത്രഭാരതത്തിന്റെ മതാന്തരീക്ഷത്തെ മലിനമാക്കാതിരിക്കുന്നതിനുവേണ്ട പ്രബുദ്ധത അവളുടെ ഭാവിയുടെ വിധാതാക്കളായ നമ്മുടെ നേതാക്കന്മാർക്കുണ്ടാകുമെന്നു വിശ്വസിക്കാം.

സ്വതന്ത്രഭാരതത്തിന്റെ പ്രശസ്തമായ ഭാവിവിജയത്തിനു ക്രിസ്തീയസഭ അതിന്റെ കഴിവുകളേയും സേവനങ്ങളേയും നിർല്ലോഭം പ്രദാനം ചെയ്യുന്നതിനും, ഭരണഘടനയിൽ വിഭാവനംചെയ്തിട്ടുള്ള മതസ്വാതന്ത്ര്യത്തിന്റെ മൗലികാവകാശങ്ങൾ ഭാരതത്തിൽ അഭംഗം പരിപാലിച്ചുകൊണ്ടുപോരുന്നതിന് ഭരണകൂടവും ഭരണീയരും എന്നുമെന്നും ശ്രദ്ധാലുക്കളായിരിക്കുന്നതിനും ഇടയാകട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### കമ്മ്യൂണിസ്റ്റ് ചൈനയെ മാതൃകയാക്കരുതെന്നു കോൺഗ്രസ്സ് സിക്രട്ടറി

ചൈനയും ഇന്ത്യയും തമ്മിൽ ആററാണ്ടുകളായുള്ള സൗഹൃദബന്ധത്തെയും സംസ്കാരസാമ്യത്തെയും ആധാരമാക്കി ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ് ചൈനയെ ഇന്ത്യക്കു് എല്ലാംവിധത്തിലും മാതൃകയാക്കി ചൂണ്ടിക്കാണിക്കാൻ കമ്മ്യൂണിസ്റ്റുകളും കമ്മ്യൂണിസ്റ്റനുഭാവികളും ബദ്ധപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. ഇന്ത്യക്കുണ്ടായിരുന്ന സൗഹൃദബന്ധവും സംസ്കാരസാമ്യവും മുൻചൈനയോടായിരുന്നെന്നും, ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ് ചൈന മുൻചൈനയുടെ ആകൃതിയും പ്രകൃതിയും മുഴുവനും മാററിമറിച്ചിട്ടുണ്ടെന്നും, തന്മൂലം കമ്മ്യൂണിസ്റ്റ് ചൈനയെ ഇന്ത്യക്കു് മാതൃകയായി സ്വീകരിക്കുവാൻ പാടില്ലെന്നും ഉള്ള വസ്തുത എത്ര ആവർത്തിച്ചു പ്രസ്താവിച്ചാലും മതിയാവുന്നതല്ല. കോൺഗ്രസ്സ് ജനറൽ സിക്രട്ടറി മിസ്റ്റർ അഗർവാൾ എ. ഐ. സി. സി. എക്കണോമിക് റിവ്യൂയിൽ ചൈനയെപ്പററി എഴുതിയിരിക്കുന്ന ലേഖനത്തിൽ കമ്മ്യൂണിസ്റ്റ് ചൈനയുടെ ശരിയായ സ്വഭാവം ചിത്രീകരിച്ചിട്ടുണ്ടു്.

അയൽവക്കത്തു് സ്നേഹത്തിൽ കഴിഞ്ഞുകൂടുന്നതും നൂററാണ്ടുകളായി സാംസ്കാരികബന്ധങ്ങളാൽ ഇന്ത്യയോടു കെട്ടപ്പെട്ടിരിക്കുന്നതുമായ ഒരു രാജ്യത്തെപ്പററി സംസാരിക്കുന്നതിൽ തക്കേടൊന്നുമില്ലെങ്കിലും, ഇന്ത്യയെ ബാധിച്ചിരിക്കുന്ന സകലദോഷങ്ങൾക്കും പരിഹാരം നൽകുന്ന സിദ്ധൗഷധം ചൈന കണ്ടുപിടിച്ചിരിക്കുകയാണെന്നുള്ള മായാബോധം ഉണ്ടായിരിക്കുന്നതു തീർച്ചയായും അബദ്ധമാണു്. സ്വേച്ഛാധിപത്യത്തിന്റെയും സർവ്വാധിപത്യത്തിന്റെയും മാർഗ്ഗമാണു് ചൈന സ്വീകരിച്ചിരിക്കുന്നതെന്നു വിസ്മരിക്കുവാൻ നമുക്കു നിവൃത്തിയില്ല. ആ രാജ്യത്തിലെഭരണകർത്താവായ മാവോസെതുംഗ് അവിടത്തെ രാഷ്ട്രീയസംഘടനക്കു് ഒരു പുതിയപേർ സൃഷ്ടിച്ചിരിക്കുകയാണു്; "ജനകീയ സ്വേച്ഛാധിപത്യം" എന്നു് അതിനെ അദ്ദേഹം വിളിക്കുന്നുണ്ടെങ്കിലും അതു കുപ്രസിദ്ധമായ തൊഴിലാളി സ്വേച്ഛാധിപത്യത്തിൽനിന്നു അത്ര വ്യത്യസ്തമല്ലെന്നു് സ്പഷ്ടമായിരിക്കുന്നു. ഈ സ്വേച്ഛാധിപത്യമാകട്ടെ ചില പ്രശ്നങ്ങൾക്കു് പരിഹാരമുണ്ടാക്കിയിട്ടുണ്ടെങ്കിലും, മനസ്സിനേയും മനുഷ്യനേയും യന്ത്രത്തെയും പട്ടാളച്ചിട്ടയിൽപ്പെടുത്തി നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതിനാൽ മററസംഖ്യം പ്രശ്നങ്ങളെ സൃഷ്ടിച്ചുകൊണ്ടാണിരിക്കുന്നതു്. ചൈനീസ് സർവ്വകലാശാലകളിൽ ബൃഹത്തായ ലൈബ്രറികളുണ്ടെങ്കിലും അവ ലെനിന്റെയും മാർക്സിന്റെയും മാവോയുടേയും കൃതികളൊഴിച്ചു് ഒന്നുംതന്നെ പഠിപ്പിക്കുന്നില്ല. ഈ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അക്കാഡമിക് സ്വാതന്ത്ര്യം ശൂന്യമാണു്. ബാലികാബാലന്മാരുടെ ഉള്ളിൽ ആശയങ്ങൾ കുത്തിവെയ്ക്കുകയും തലച്ചോറിൽനിന്നു് പഴയതു മുഴുവനും കഴുകിക്കളയുകയും ചെയ്യുന്നതു് ചിന്താശക്തിയെ ക്രമീകൃതമായും വിശാലമായും വളർത്തിക്കൊണ്ടുവരാൻ സഹായകമാകയില്ല. അഭിപ്രായപ്രകടനസ്വാതന്ത്ര്യവും അവിടെ ഗണ്യമായവിധം പരിമിതമാക്കിയിരിക്കുന്നു. കൃഷിയിലും വ്യവസായത്തിലും ഉല്പാദനം വളരെ വർദ്ധിച്ചിട്ടുണ്ടെന്നു് അവകാശപ്പെടുന്നതു വൃഥാവിലാണു്. അതു തെളിയിക്കത്തക്കവണ്ണം വിശ്വാസയോഗ്യവും ശാസ്ത്രീയവുമായ സ്ഥിതിവിവരക്കണക്കുകളില്ല. വിദേശികളായ വിദഗ്ദ്ധന്മാരെ ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുന്നതിനെ ആക്ഷേപിക്കുന്നവർക്കു് അറിയാമോ, ചൈനയിലിപ്പോൾ 60,000 റഷ്യൻ വിദഗ്ദ്ധന്മാർ ഉണ്ടെന്നു്? അന്തർദേശീയകാര്യങ്ങളിൽ ഇന്ത്യ ഒരു ചേരിയിലുംപെടാതെ നിഷ്പക്ഷനിലയാണു് സ്വീകരിക്കുന്നതു്. ചൈനയാകട്ടെ റഷ്യൻചേരിയിൽചേരുകയും അതിൽ ഒട്ടിപ്പിടിച്ചുനില്ക്കുകയും ചെയ്യുന്നു.

ഇങ്ങനെയുള്ള കമ്മ്യൂണിസ്റ്റ് ചൈനയെ ഇന്ത്യക്കു് മാതൃകയായി ചൂണ്ടിക്കാണിക്കുന്നതു് യുക്തിക്കും വസ്തുതകൾക്കും എത്ര വിരുദ്ധം!

* * *

### കമ്മ്യൂണിസ്റ്റ് ചൈന കമ്മ്യൂണിസ്റ്റ് റഷ്യയുടെ മാതൃക പിൻതുടരുന്നു.

ചൈനയിലെ കമ്മ്യൂണിസം റഷ്യയിലെ കമ്മ്യൂണിസത്തിൽ നിന്നു ഭിന്നമാണെന്നും, ആകയാൽ റഷ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കർഷകരോടും വ്യവസായികളോടും ചെയ്ത കടുംകൈകൾ ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി പിൻതുടരുകയില്ലെന്നും കമ്മ്യൂണിസ്റ്റ് ചൈനയുടെ അനുഭാവികൾ നിരന്തരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. കൃഷിവ്യവസായങ്ങളിൽ വ്യക്തികൾക്കും മററു പ്രൈവററ് ഏജൻസികൾക്കും അവിടെ സ്ഥാനം കൊടുത്തിരുന്നതു് അതിനു തെളിവായി അവർ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ആരംഭത്തിൽ ഇങ്ങനെതന്നെയാണു ചെയ്തിരുന്നതെന്നും, തങ്ങളുടെ പിടി മുറുകിയെന്നുകണ്ടപ്പോൾ ആ സമ്പ്രദായം മാററി കമ്മ്യൂണിസ്റ്റാദർശമനുസരിച്ചു് സകലതും രാഷ്ട്രസാൽക്കരിക്കുകയാണു ചെയ്തതെന്നും, അതേരീതി ചൈനയിലെ കമ്മ്യൂണിസ്റ്റുകാരും സ്വീകരിക്കാതിരിക്കുകയില്ലെന്നും ഞങ്ങൾ ഉറപ്പുപറഞ്ഞുകൊണ്ടിരുന്നു. ആ ദുരവസ്ഥ ആസന്നമായിരിക്കുകയാണു്. പ്രൈവററ് ബിസിനസ്സെല്ലാം നിർത്തലാക്കപ്പെടുമെന്നും സമസ്തവും രാഷ്ട്രസാൽക്കരിച്ചു് രാഷ്ട്രമുതലാളിത്തം ഏർപ്പെടുത്തുവാൻപോകയാണെന്നും ചൈനീസ് ഗവർമ്മെൻറു് മുന്നറിവുകൊടുത്തുകഴിഞ്ഞു. വൻകിടജന്മിമാരിൽനിന്നും കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറു് പിടിച്ചെടുത്ത ഭൂമികൾ കർഷകർക്കു ഭാഗിച്ചുകൊടുത്തിരുന്നു. അതെല്ലാം തിരികെ പിടിച്ചെടുത്തു് കമ്മ്യൂണിസ്റ്റ് രീതിയനുസരിച്ചുള്ള കൂട്ടുകൃഷിസമ്പ്രദായം ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുകയാകുന്നു. 1954-ൽ പുതിയ കൽക്കരിഖനികളും പവ്വർപ്ലാൻറുകളും എണ്ണഖനികളും ഫാക്ടറികളും ഏർപ്പെടുത്തുവാൻ കമ്മ്യൂണിസ്റ്റുകൾ ഉദ്ദേശിക്കുന്നുണ്ടു്. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽനിന്നു് മൂലധനം വാങ്ങുകയില്ലെന്നു് നിശ്ചയിച്ചിരിക്കുകയാൽ റഷ്യയിൽനിന്നുവേണം മൂലധനം അവർക്കു കിട്ടുവാൻ. റഷ്യക്കു് പുറത്തു കൊടുക്കുവാൻ മൂലധനം ഇല്ലതാനും. ഇങ്ങനെ ചൈന സ്വയം ആശ്രയിക്കേണ്ടിയിരിക്കുന്നു. കഷ്ടിച്ചു് ജീവിക്കാൻ ആവശ്യമുള്ളവ മാത്രം ചെലവഴിക്കാനും, ബാക്കിയുള്ളതെല്ലാം മൂലധനം സംഭരിക്കുന്നതിനുവേണ്ടിമിച്ചംവയ്ക്കാനും രാജ്യവാസികൾ മുഴുവൻ നിർബന്ധിക്കപ്പെടും. ചുരുക്കിപ്പറഞ്ഞാൽ രണ്ടു ദശാബ്ദങ്ങൾക്കുമുമ്പു് റഷ്യയിൽ ആരംഭിച്ച സമൂലമായ രാഷ്ട്രസാൽക്കരണവും കൂട്ടുകൃഷിസമ്പ്രദായവും അവിടെ വരുത്തിക്കൂട്ടിയ പഞ്ഞവും പട്ടിണിമരണങ്ങളും കമ്മ്യൂണിസ്റ്റ് ചൈനയിൽ നടമാടുമെന്നതിനു് വല്ല സംശയവുമുണ്ടോ?

* * *

### റഷ്യയിലെപ്പോലെ ചൈനയിലും ഭീകരഭരണം

"ജനകീയസ്വേച്ഛാധിപത്യം" എന്നു് മാവോസെതുംഗ് നാമകരണംചെയ്തിട്ടുള്ള കമ്മ്യൂണിസ്റ്റ് ചൈനയിലെ ഭരണം റഷ്യയിലെപ്പോലെതന്നെ മർദ്ദനപരമാണെന്നു് അദ്ദേഹംതന്നെ 1949-ൽ പുറപ്പെടുവിച്ച ഒരു പ്രധാനപ്രസ്താവനയിൽ നിന്നു കാണാം. "ഇപ്പോൾ നമ്മുടെ കർത്തവ്യം ജനകീയരാഷ്ട്രത്തിന്റെ ഭരണയന്ത്രത്തെ ശക്തിപ്പെടുത്തുകയാണു്. ആ യന്ത്രമാകട്ടെ പ്രധാനമായും ജനകീയസൈന്യവും ജനകീയപോലീസും ജനകീയനീതിയുമാകുന്നു. രാഷ്ട്രത്തിന്റെ സൈന്യവും പോലീസും കോടതികളും വർഗ്ഗങ്ങളെ മർദ്ദിക്കുന്നതിനുവേണ്ടിയുള്ള ജനങ്ങളുടെ ഉപകരണങ്ങളാകുന്നു. ശത്രുവർഗ്ഗങ്ങളെസംബന്ധിച്ചിടത്തോളം രാഷ്ട്രത്തിന്റെ ഭരണയന്ത്രം മർദ്ദനത്തിനുള്ള ഉപകരണമാണു്. അതു് അക്രമപരമാകുന്നു, അല്ലാതെ സൗമനസ്യപരമല്ല. "നിങ്ങൾ സൗമനസ്യമുള്ളവരല്ല" എന്നാണു നമ്മെപ്പററി പറയുന്നതു്. അതു ശരിതന്നെ. പിന്തിരിപ്പന്മാരുടേയും പിന്തിരിപ്പൻ വർഗ്ഗങ്ങളുടേയും പിന്തിരിപ്പൻ പ്രവൃത്തികളുടെനേരെ സൗമനസ്യപരമായ ഭരണം ഞങ്ങൾ തീർച്ചയായും സ്വീകരിക്കുന്നില്ല."

കമ്മ്യൂണിസത്തിനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വേച്ഛാഭരണത്തിനും എതിരായിരിക്കുന്ന സകലരേയും, പിന്തിരിപ്പന്മാരെന്നും എതിർവിപ്ലവകാരികളെന്നും മുദ്രയടിച്ചുകൊണ്ടു്, നാമാവശേഷമാക്കുന്ന മർദ്ദനനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശങ്ങളും ഉദ്ബോധനങ്ങളും നിരന്തരം നൽകിക്കൊണ്ടിരുന്നു. അതിന്റെ ഫലമായി 1951-ൽ നടന്ന ഭീകരപ്രവർത്തനങ്ങളുടെ ചില കണക്കുകൾ കമ്മ്യൂണിസ്റ്റ് പത്രങ്ങൾതന്നെ നൽകിയിട്ടുണ്ടു്. അവയിൽ ചിലതു് ഉദ്ധരിക്കാം. ഷാങ്കായിൽ 5മാസത്തിനുള്ളിൽ, ഏപ്രിൽ 30-നും സെപ്റ്റംബർ 30-നും ഇടയ്ക്കു്, 1742പേർക്കു് മരണശിക്ഷ നൽകി. മാർച്ചിനും ജൂണിനും ഇടയ്ക്കു് ഗണംഗണങ്ങളായി 6 പ്രാവശ്യം മരണശിക്ഷകൾ നൽകി. മാർച്ചിൽ 91പേർക്കു്, ഏപ്രിലിൽ 293-പേർക്കു്, മേയിൽ മൂന്നു തീയതിയിലായി 264-പേർക്കു്, ജൂണിൽ 284പേർക്കു്. ക്യാൻറണിൽ ഏപ്രിൽമാസത്തിൽ 198-പേരേയും കുറെ കഴിഞ്ഞു് 136പേരേയും ഒന്നിച്ചു് വെടിവച്ചുകൊന്നു. മേയ്ദിനാഘോഷം ഷാങ്കായിലും നാങ്കിങ്ങിലും ഹാങ്ചോയിലും കൂട്ടക്കൊലയ്ക്കുള്ള അവസരം നൽകി. 719 എതിർവിപ്ലവകാരികൾ നാമാവശേഷമാക്കപ്പെട്ടു. നാങ്കിംഗിൽ ജൂൺമാസത്തിൽ 55പേർക്കും, കുറെദിവസംകഴിഞ്ഞു് സിയാനിൽ 122പേർക്കും, പെക്കിംഗിൽ ആഗസ്റ്റ്മാസത്തിൽ 227പേർക്കും, ഷാങ്കായിൽ സെപ്റ്റംബർമാസത്തിൽ 326 പേർക്കും മരണശിക്ഷനൽകി. മരണശിക്ഷയ്ക്കും പുറമെ അനേകമാളുകൾക്കു് തടവുശിക്ഷയും നിർബന്ധവേലയ്ക്കുള്ള ശിക്ഷയും നൽകാറുണ്ടു്. ഉദാഹരണമായി ഷാങ്കായിൽ ആഗസ്റ്റുമാസത്തിൽ 1500പേർക്കു് ഈ ശിക്ഷകൾ നൽകപ്പെട്ടു. ഇങ്ങനെ ശിക്ഷിക്കപ്പെട്ടവരെക്കൂടാതെ അറസ്റ്റുചെയ്യപ്പെട്ടവർ വളരെയുണ്ടു്. സാധാരണമായി രാത്രികാലങ്ങളിൽ എതിർവിപ്ലവകാരികളെ പോലീസ് വേട്ടയാടി അറസ്റ്റുചെയ്യുന്നു. സാധുക്കളുടെ പിന്നത്തെ ഗതിയെന്തെന്നു് ആർക്കുമറിഞ്ഞുകൂടാ. ഒരൊററരാത്രിയിൽ ഷാങ്കായിലെ ഒരു വേട്ടയാടലിൽ 3000-ത്തിലധികംപേർ അറസ്റ്റുചെയ്യപ്പെട്ടു. ചില വലിയ പട്ടണങ്ങളിലെ ഭീകരപ്രവർത്തനങ്ങളുടെ കണക്കുകൾമാത്രമേ പ്രസിദ്ധംചെയ്തിട്ടുള്ളു. ചെറിയപട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും നടക്കുന്നവയെപ്പററി മൗനം ഭജിക്കാറാണു് പതിവു്. അവിടങ്ങളിലും മർദ്ദനം ഒട്ടും കുറവല്ലെന്നുമാത്രം പത്രറിപ്പോർട്ടുകളിൽ കാണാം. ക്യാൻറൺ പ്രോവിൻസിലെ ഡെപ്യൂട്ടി ഗവർണ്ണർ അവിടത്തെ കണക്കുകൾ പരസ്യം ചെയ്തിരുന്നു. അതനുസരിച്ചു് 1950-ഒക്ടോബർ മുതൽ 1951 ആഗസ്റ്റുവരെയുള്ള 9മാസത്തിനുള്ളിൽ ആ സംസ്ഥാനത്തു് 28322എതിർവിപ്ലവകാരികൾക്കു് മരണശിക്ഷനൽകി— മാസത്തിൽ ഏകദേശം 3000 വീതം. അറസ്റ്റുചെയ്യപ്പെട്ടവർ ഏകദേശം 90,000. ഇതു് ഒരൊററസംസ്ഥാനത്തെ കണക്കാണു്.

* * *

### ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കോൺഗ്രസ്സും പ്രമേയങ്ങളും

ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മൂന്നാമത്തെ കോൺഗ്രസ്സ് മധുരയിൽവച്ചു് ഈ ഡിസമ്പർ അവസാനത്തിൽ സമ്മേളിച്ചു. ലോകസമാധാനം, ഇൻഡ്യയുടെ വിദേശനയം, ഈ രാജ്യത്തിലെ സാമ്പത്തികക്കുഴപ്പം, അവ സംബന്ധിച്ചുള്ള ഗവർമ്മെൻറിന്റെ നയങ്ങൾ എന്നീ പ്രശ്നങ്ങളെ കമ്മ്യൂണിസ്റ്റ് വീക്ഷണകോടിയിൽ നിന്നുകൊണ്ടു് കോൺഗ്രസ്സ് ചർച്ചചെയ്തു. പ്രജായത്ത ഐക്യമുന്നണികൾ നിയമസഭകളിലും പുറത്തും രൂപീകരിക്കുവാനും നടത്തുവാനും ആവശ്യകമായ തത്വങ്ങളും, ഏകീകൃതട്രേയ്ഡ്യൂണിയനുകളും കിസ്സാൻസഭകളും രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ട രീതികളും ഉൾപ്പെടുത്തി കോൺഗ്രസ്സിൽ പ്രമേയം പാസ്സാക്കി. പഞ്ചവത്സരപദ്ധതി അപജയിച്ചിരിക്കുകയാണെന്നും അതിന്റെ കാരണം അവസ്ഥാടിസ്ഥാനമാക്കിയിരിക്കുന്ന ഇപ്പോഴത്തെ ഗവർമ്മെൻറിന്റെ ദുർന്നയങ്ങളാണെന്നുമാണു് കോൺഗ്രസ്സിന്റെ അഭിപ്രായം. ഈ രാജ്യത്തിലെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കുവാൻവേണ്ടി ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടുള്ള ബന്ധം പരിപൂർണ്ണമായും വിച്ഛേദിക്കുവാനും, ഈ രാജ്യത്തുള്ള ബ്രിട്ടീഷുകാരുടെ മൂലധനം കണ്ടുകെട്ടുവാനും കോൺഗ്രസ്സ് ആവശ്യപ്പെട്ടു. ഇതു ചെയ്യാതെ പദ്ധതികളൊന്നും വിജയിക്കുവാൻ പോകുന്നില്ലെന്നാണു് കോൺഗ്രസ്സിന്റെ വിശ്വാസം.

ഈ ചർച്ചകളിലും പ്രമേയങ്ങളിലും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മൗലികങ്ങളായ ആദർശങ്ങളും, നയപരിപാടികളും അടവുകളുമല്ലാതെ മറെറാന്നും കാണാത്തതിൽ അത്ഭുതത്തിനു വകയില്ലല്ലോ. രാജ്യത്തിന്റെയും രാജ്യവാസികളുടേയും നന്മയല്ല, രാജ്യത്തിലെ ഭരണാധികാരം പിടിച്ചെടുക്കലാണു് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ലക്ഷ്യവും മോഹവുമെന്നു് നമുക്കറിയാമല്ലോ. അതിനു് തൊഴിലാളികളേയും കർഷകരേയും സ്വാധീനപ്പെടുത്തുവാൻ ട്രേയ്ഡ്യൂണിയനുകൾവഴി അവർ ശ്രമിക്കണം. ഇതരപാർട്ടികളെ കൂട്ടുപിടിച്ചു് നിയമസഭകളിൽ കൂടുതലായി കയറിപ്പററാൻ ഐക്യമുന്നണികളും അവക്കാവശ്യകമാണു്. നിലവിലിരിക്കുന്ന കോൺഗ്രസ്സ് ഗവർമ്മെൻറിന്റെ നേരെ ബഹുജനങ്ങൾക്കു് വെറുപ്പുവരുത്തുവാൻ സാമ്പത്തികക്കുഴപ്പങ്ങളും ജീവിതദാരിദ്ര്യവും സഹായകമാകുമെന്ന ബോധത്താൽ, ആ ദുരവസ്ഥ സംജാതമാക്കുന്നതിനുവേണ്ടി ബ്രിട്ടീഷ്കാരുടേയും മററു വിദേശികളുടേയും മൂലധനപ്രവർത്തനങ്ങളെ ഈ നാട്ടിൽനിന്നു് ബഹിഷ്കരിക്കുവാൻ അവർ സന്നദ്ധരായേ കഴിയൂ. കമ്മ്യൂണിസ്റ്റുപാർട്ടി ആട്ടിൻതുകലുടുത്ത ചെന്നായയാണെന്നുള്ള ബോധം ജനഹൃദയങ്ങളിൽനിന്നു് മാച്ചുകളയാൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഈ ചർച്ചകളും പ്രമേയങ്ങളും ഇടവരുത്താതിരിക്കട്ടെ.

* * *

### ഇൻഡ്യയിലെ ദേശീയവരുമാനവും ആളോഹരിവിഹിതവും

ആന്ധ്രാ ചെയിമ്പർ ആഫ് കോമേഴ്സിന്റെ സിൽവർ ജൂബിലി പ്രമാണിച്ചു് മദ്രാസിലെ സെൻറു് മേരീസ് ഹാളിൽ സമ്മേളിച്ച സാമ്പത്തിക കോൺഫറൻസിൽ ചെയ്ത ചില പ്രസംഗങ്ങളിൽ വെളിപ്പെടുത്തപ്പെട്ട ചില വസ്തുതകൾ നാം അറിഞ്ഞിരിക്കേണ്ടതാണു്. ഇൻഡ്യയുടെ ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതി സമ്മിശ്രമായ ഒന്നായിട്ടാണല്ലോ സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. അതിൽ പബ്ലിക് വ്യവസായമണ്ഡലവും പ്രൈവററ് വ്യവസായമണ്ഡലവും ഉണ്ടു്. രാജ്യത്തിലെ വ്യവസായനടത്തിപ്പിൽ 70 മുതൽ 75 വരെ ശതമാനം പ്രൈവററ് മണ്ഡലത്തിലാണു് ഉൾപ്പെട്ടിരിക്കുന്നതു്. കൃഷിയുംകൂടി ഉൾപ്പെടുത്തുന്നപക്ഷം ദേശീയവരുമാനത്തിന്റെ 90 ശതമാനവും പ്രൈവററ് മണ്ഡലത്തിൽനിന്നാണു് ലഭിക്കുന്നതു്. 1951-52ൽ ഇൻഡ്യയുടെ ദേശീയവരുമാനത്തിന്റെ ആകെത്തുക 102295 മില്യൺ രൂപയാണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. 1952-ൽ ഇൻഡ്യയിലെ ജനസംഖ്യ 392 മില്യൺ എന്നു കണക്കാക്കിയാൽ 1951-52ലെ ദേശീയവരുമാനത്തിന്റെ ആളോഹരിവിഹിതം ഏകദേശം 260 രൂപയാണെന്നു കാണാം. കൃഷിയിലും അതിനോടുബന്ധപ്പെട്ട ജോലികളിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിയുടെ ആണ്ടിനാലുള്ള വരവു് 502 രൂപാ; വ്യവസായതൊഴിലാളിയുടേതു് 871 രൂപാ. ഖനിത്തൊഴിലാളിയുടേതു് 900 രൂപാ. ഒരു വ്യാപാരിയുടേതു് 1758 രൂപാ. മററു തൊഴിലാളിയുടേതു് 562 രൂപാ. ഇങ്ങനെ ഒരു തൊഴിലാളിയുടെ ശരാശരി വരവു് കൊല്ലത്തിൽ ഏകദേശം 678 രൂപായാണു്. നമ്മുടെ ദേശീയവരുമാനം താരതമ്യേന ഇത്ര താഴ്ന്നപടിയിലിരിക്കുന്നതുകൊണ്ടു് പ്രൈവററ് മണ്ഡലത്തിലുള്ള വ്യവസായഘടകങ്ങൾ സർക്കാർ ഏറെറടുക്കുന്നതിൽ യാതൊരർത്ഥവുമില്ലെന്നു കേന്ദ്രത്തിലെ വ്യാപാരവും വ്യവസായവും മന്ത്രി മി. ടി. ടി. കൃഷ്ണമാചാരി ഈയിടെ അഭിപ്രായപ്പെടുകയുണ്ടായി. മാത്രമല്ല അത്തരം ഏറെറ

ടുകൾ വളരെയധികം വ്യവസായീകരിക്കപ്പെട്ട രാജ്യത്ത് വളരെ അർത്ഥവത്തായിരിക്കാമെങ്കിലും കൈവിരലുകളിൽ എണ്ണാൻമാത്രം വൻകിടവ്യവസായങ്ങളുള്ള നമ്മുടെ ഈ രാജ്യത്ത് അതുകൊണ്ടു വലിയ പ്രയോജനമുണ്ടാകയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. തന്മൂലം കൂടുതലായോ സമൂലമായോ ഉള്ള കൃഷിവ്യവസായങ്ങളുടെ രാഷ്ട്രസാല്ക്കരണം ഈ രാജ്യത്തിനു ഇപ്പോൾ ഗുണകരമായിരിക്കുകയില്ലെന്ന് അദ്ദേഹം ഖണ്ഡിതമായി പ്രസ്താവിച്ചു.

പക്ഷെ ഈ യാഥാർത്ഥ്യങ്ങളും വസ്തുതകളും കമ്മ്യൂണിസ്റ്റുകാരുടേയും സോഷ്യലിസ്റ്റുകാരുടേയും തലയിൽ കയറുമോ? രാഷ്ട്രസാൽക്കരണം ഒരു ഭൂതാവേശംപോലെ പിടികൂടിയിരിക്കുന്ന അക്കൂട്ടർ കണ്ണുമടച്ച് അതിനായി മുറവിളികൂട്ടുന്നതിൽ ആശ്ചര്യമില്ലതന്നെ.

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

ജപാപ്പസ്തോലസഖ്യത്തിൻെറ ജനുവരിമാസത്തെ

പൊതുനിയോഗം

"കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നു ഭിന്നിച്ചുപോയവർ അമലോത്ഭവകന്യകയുടെ മാദ്ധ്യസ്ഥതാൽ പുനരൈക്യപ്പെടുന്നതിനു"

വേദപ്രചാരനിയോഗം

"ഏഷ്യയിൽ തിരുസഭയ്ക്കു സമാധാനവും സ്വാതന്ത്ര്യവും കൈവരുന്നതിനു"

## അടുത്തയാഴ്ചയിലെ




ജനുവരി

17 ഞാ: ദനഹ 2-ാം ഞാ. ഈശോയുടെ തിരുനാമം
18 തി: പത്രോസിൻെറ റോമാസിംഹാസനം
19 ചൊ: മാരിയോസും മത്തായും
20 ബു: ഫബിയാനോസും, സെബസ്ത്യാനോസും
21 വ്യാ: ആഗ്നസ്
22 വെ: വിൻസന്തിയോസും അനസ്താസിയോസും
23 ശ: കന്യകാമറിയത്തിൻെറ വിവാഹം

## തിരുകൊച്ചിവാർത്തകൾ

പൊതുതിരഞ്ഞെടുപ്പ്

അടുത്ത ഫെബ്രുവരി 15, 17, 19, 22, 24, 26 എന്നി തിയതികളിലായി തിരു-കൊച്ചിയിൽ നടക്കാൻപോകുന്ന പൊതുതിരഞ്ഞെടുപ്പിലേക്ക് എല്ലാ നിയോജകമണ്ഡലങ്ങളിൽ നിന്നും സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രികകൾ സമർപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ആകെയുള്ള 117 സീററുകളിൽ സ്പീക്കറുടേതൊഴികെയുള്ള 116 സ്ഥാനങ്ങളിലേക്കും കോൺഗ്രസ് പാർട്ടി സ്ഥാനാർത്ഥികളെ നിറുത്തിയിട്ടുണ്ട്. പി.എസ്. പി., കമ്മ്യൂണിസ്റ്റ്, ആർ. എസ്. പി., കെ. എസ്. പി. മുതലായ ഇടതുപക്ഷപാർട്ടികളുടെ ആഭിമുഖ്യത്തിൽ എല്ലാ സ്ഥാനങ്ങളിലും കോൺഗ്രസിനെതിരായും സ്ഥാനാർത്ഥികളെ നിറുത്തിയിരിക്കുന്നു. നാമനിർദ്ദേശപത്രികകൾ പിൻവലിക്കാനുള്ള അവസാനതിയതി ജനുവരി 14 ആണ്.


സിസ്റ്റർ അൽഫോൻസായുടെ മദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യലബ്ധിക്ക് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

By M. A. V., Muvattupuzha

ആൻഡമൻ കുടിയേററം

ആൻഡമൻ നിക്കോബാർ ദ്വീപുകളിൽ കുടിയേറിപ്പാർക്കുന്നതിനു സംസ്ഥാനത്തുനിന്നും 60 കുടുംബങ്ങളെ അയക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇവിടെനിന്നും പോകുന്ന ഓരോ കുടുംബത്തിനും അവിടെ 15 ഏക്കർ കരഭൂമിയും നെൽകൃഷിക്കു യോഗ്യമായ 5 ഏക്കർ നിലവും, തിരിച്ചുകൊടുക്കേണ്ട വ്യവസ്ഥയിൽ 2000 ക. വായ്പയും നൽകപ്പെടുന്നതാണെന്നറിയുന്നു. തിരുകൊച്ചിസംസ്ഥാനത്തെ ഓരോ ഡിസ്ട്രിക്ടിൽനിന്നും 15 കുടുംബങ്ങളെവീതം എടുക്കുവാനാണ തീരുമാനിച്ചിരിക്കുന്നത്. ഇതിലേക്കുള്ള അപേക്ഷകൾ അതാതു ഡിസ്ട്രിക്ട് കളക്ടർമാരുടെ പേർക്കയക്കേണ്ടതാണ്.

അഖിലേന്ത്യാ നേതാക്കന്മാർ തിരുകൊച്ചിയിൽ

തിരഞ്ഞെടുപ്പു പ്രചരണാർത്ഥം കോൺഗ്രസ് പ്രസിഡണ്ട് പണ്ഡിററ് നെഹ്റു ഫെബ്രുവരി 4-ാംനു തിരുകൊച്ചിയിലെത്തുന്നതും 10-ാംനു മടങ്ങിപ്പോകുന്നതുമാണ്. ശ്രീ സി. രാജഗോപാലാചാരി ജനുവരി 13-ാം തീയതി സംസ്ഥാനത്തെത്തി 16-ാംനു-വരെ ഇവിടെ പര്യടനം നടത്തുന്നതായിരിക്കും. ബോംബെ ചീഫ്മിനിസ്റ്റർ മി. മൊറാർജിദേശായി ജനു. 27-ാംനു ഇവിടെയെത്തി 31-ാംനു തിരിച്ചുപോകുന്നതായിരിക്കും.

അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ പ്രമേയം

ജനുവരി 10-ാംനു കോട്ടയം സെൻറ് ആൻസ് ഹൈസ്കൂൾ ഹാളിൽ കൂടിയ അഖില കേരള കത്തോലിക്കാ കോൺഗ്രസ് പ്രതിനിധിസമ്മേളനത്തിൽ, അടുത്തുവരുന്ന പൊതുതെരഞ്ഞെടുപ്പിൽ കത്തോലിക്കർ കോൺഗ്രസിനെ വിജയിപ്പിക്കണമെന്നും, ഇടതുപക്ഷപാർട്ടികൾക്കും സ്വതന്ത്രർക്കും വോട്ടു നൽകരുതെന്നും സമുദായാംഗങ്ങളോടഭ്യർത്ഥിക്കുന്ന പ്രമേയം മഹാഭൂരിപക്ഷത്തോടെ പാസാക്കപ്പെട്ടിരിക്കുന്നു.

തിരുകൊച്ചി നാലു കപ്പലുകൾ വാങ്ങുന്നു

സംസ്ഥാനത്തേക്ക് പുറത്തുനിന്നും അരി കൊണ്ടുവരുന്നതിനും കൊച്ചി-ബോംബെ സർവ്വീസ് നടത്തുന്നതിനുമായി നാലു കപ്പലുകൾ വാങ്ങുന്നതിനു തിരുകൊച്ചി ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

മുസ്ലീമിങ്ങളുടെ നില

അടുത്ത പൊതുതിരഞ്ഞെടുപ്പിൽ തിരുകൊച്ചിയിലെ മുസ്ലീമിങ്ങൾ ഏതുനില സ്വീകരിക്കണമെന്നു തീരുമാനിക്കുവാനായി മലബാർ ഡിസ്ട്രിക്ട് മുസ്ലീംലീഗ് നിയമിച്ച അഡ്ഹോക്ക് കമ്മിററി തങ്ങളുടെ അഭിപ്രായം ഇപ്രകാരം പ്രകടിപ്പിച്ചിരിക്കുന്നു: ഇൻഡ്യൻ റിപ്പബ്ലിക്കിൻെറയും തിരുകൊച്ചിസംസ്ഥാനത്തിൻെറയും വിശേഷ്യ തിരുകൊച്ചിയിലെ മുസ്ലീമിങ്ങളുടേയും മററു ന്യൂനപക്ഷങ്ങളുടേയും പ്രത്യേക താല്പര്യങ്ങളെ പരിഗണിച്ച് അടുത്ത തിരഞ്ഞെടുപ്പിൽ ഇവിടത്തെ മുസ്ലീമിങ്ങൾ കമ്മ്യൂണിസ്റ്റ്, പി. എസ്. പി., ആർ. എസ്. പി., കെ. എസ്. പി. എന്നി പാർട്ടികളുടെ ഔദ്യോഗികസ്ഥാനാർത്ഥികൾക്കും പ്രസ്തുത പാർട്ടികൾ പിന്താങ്ങുന്ന സ്ഥാനാർത്ഥികൾക്കും യാതൊരു സാഹചര്യത്തിലും വോട്ടു നൽകുകയോ സഹായം നൽകുകയോ ചെയ്യരുതാത്തതാകുന്നു.

## ഇൻഡ്യാ വാർത്തകൾ

കോൺഗ്രസ വാർഷികം

ഇൻഡ്യൻ നാഷനൽകോൺഗ്രസ്സിൻെറ 59-ാമതു വാർഷികസമ്മേളനം കല്ക്കട്ടായ്ക്കു സമീപമുള്ള കല്യാണിയിൽവച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ജനു. 23-ാം 24-ാം തിയതികളിലായിരിക്കും പൊതുസമ്മേളനം നടക്കുന്നത്.

അതിർത്തിഗാന്ധി മോചിതനായി

അതിർത്തിദേശത്തെ ചെങ്കുപ്പായനേതാവായ മി. ഖാൻ അബ്ദുൾഗാഫർഖാനെ 6 വത്സരത്തെ തടവിനുശേഷം ജനുവരി 6-ാംനു പാക്കിസ്ഥാൻഗവമ്മെൻറ് മോചിപ്പിച്ചിരിക്കുന്നു. ഇതോടുകൂടി അതിർത്തിസംസ്ഥാനത്തുള്ള എല്ലാ രാഷ്ട്രീയബന്ദികളേയും മോചിപ്പിക്കുന്നതാണെന്ന് അതിർത്തിസംസ്ഥാനമുഖ്യമന്ത്രി വെളിപ്പെടുത്തിയിരിക്കുന്നു.

നിയന്ത്രണം നീക്കുന്നു

ഇൻഡ്യയിൽ ഉണക്കുധാന്യങ്ങളുടെ വിളവു വളരെയധികം മെച്ചപ്പെട്ടിട്ടുള്ളതിനെത്തുടർന്ന് പ്രസ്തുത ഇനത്തിൽപ്പെട്ട മുതിര, ബാർലി, മെയ്സ് തുടങ്ങിയ ധാന്യങ്ങളുടെമേലുള്ള എല്ലാവിധ നിയന്ത്രണങ്ങളും പിൻവലിച്ചിരിക്കുന്നതായി കേന്ദ്രഗവമ്മെൻറു വിജ്ഞാപനം ചെയ്തിരിക്കുന്നു.

ആന്ധ്രായിൽ

ആന്ധ്രായിൽ ശ്രീ ടി. പ്രകാശത്തിൻെറ നേതൃത്വത്തിലുള്ള സംയുക്തമന്ത്രിസഭയിൽനിന്നും കൃഷിക്കാർ ലോക്പാർട്ടി പ്രതിനിധിയായ മി. ലച്ചണ്ണ രാജിവച്ചിരിക്കുന്നു. ആന്ധ്രായുടെ തലസ്ഥാനക്കാര്യം സംബന്ധിച്ച തർക്കമാണ് രാജിക്കു കാരണമെന്നറിയുന്നു.

ഇൻഡ്യക്ക് അമേരിക്കൻസഹായം

സാങ്കേതിക സഹായപദ്ധതിയനുസരിച്ച് ഇൻഡ്യയുടെ സാമ്പത്തികവും വ്യാവസായികവുമായ പുരോഗതിക്കായി പന്ത്രണ്ടേമുക്കാൽകോടി രൂപ വിലവരുന്ന രണ്ടുലക്ഷംടൺ ഉരുക്ക് അമേരിക്ക നൽകുന്നതിനുള്ള ഒരുടമ്പടിയിൽ അമേരിക്കൻ ഗവമ്മെൻറും ഇൻഡ്യാഗവമ്മെൻറും ഒപ്പുവച്ചിരിക്കുന്നു.

വിമാന സർവ്വസൈന്യാധിപൻ

മാർഷൽ എസ്. മുക്കർജിയെ ഇൻഡ്യൻ വിമാനസേനയുടെ സർവ്വസൈന്യാധിപനായും വിമാനവകുപ്പ് സ്റ്റാഫ്മേധാവിയായും ഇൻഡ്യാഗവമ്മെൻറ് നിയമിച്ചിരിക്കുന്നു. ഈ സ്ഥാനത്തേക്ക് ഒരിന്ത്യാക്കാരൻ നിയമിക്കപ്പെടുന്നത് ഇതാദ്യമായിട്ടാണ്. അടുത്ത ഏപ്രിൽമാസമാകുമ്പോഴേക്ക് ബ്രിട്ടീഷ്കാരൻ മേധാവിയായുള്ള ഇൻഡ്യയിലെ സേനാവകുപ്പ് നേവി മാത്രമായിരിക്കുമെന്നറിയുന്നു.

## വിദേശവാർത്തകൾ

അണുശക്തിസംഭാഷണം

അണുശക്തിയുടെ വിനിയോഗം സംബന്ധിച്ച് അമേരിക്കൻ പ്രസിഡണ്ട ഐസനോവർ പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായം ചർച്ചാവിഷയമാക്കുവാൻ അമേരിക്കയും റഷ്യയും ഗവമ്മേൻറുകൾ സമ്മതിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച സംഭാഷണങ്ങൾ ഇരുരാഷ്ട്രങ്ങളുടേയും പ്രതിനിധികൾ തമ്മിൽ ഉടൻതന്നെ ആരംഭിക്കുന്നതാണെന്നറിയുന്നു.

യു. എസ്. പാക്ക് സൈനികസഖ്യം

പാക്കിസ്ഥാനും അമേരിക്കൻ ഐക്യനാടുകളും ഒരു സൈനികസഖ്യത്തിൽ ഏർപ്പെട്ടിരിക്കുന്നുവെന്നും അതനുസരിച്ച് പാക്കിസ്ഥാൻ അമേരിക്കയിൽനിന്നും യുദ്ധോപകരണങ്ങൾ സ്വീകരിക്കുകയും പകരമായി അമേരിക്കയ്ക്ക് പാക്കിസ്ഥാനിൽ സൈനികത്താവളങ്ങൾ അനുവദിക്കുകയും ചെയ്യുന്നതാണെന്നും ഉണ്ടായിട്ടുള്ള റിപ്പോർട്ടു പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. മുഹമ്മദാലി നിഷേധിച്ചിരിക്കുന്നു. അമേരിക്കയ്ക്കു പാക്കിസ്ഥാനിൽ താവളങ്ങളനുവദിക്കാമെന്നു താൻ ഒരിക്കലും സമ്മതിച്ചിട്ടില്ലെന്നും, എന്നാൽ പാക്കിസ്ഥാൻെറ സൈനികശക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അമേരിക്കൻ യുദ്ധോപകരണങ്ങൾ തങ്ങൾ സ്വീകരിക്കുന്നതാണെന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

ഈ വിഷയം സംബന്ധിച്ച് ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു പാർലമെൻറിൽ ചെയ്ത ഒരു പ്രസ്താവനയിൽ പാക്കിസ്ഥാൻെറ പുറത്തുനിന്നുള്ള സൈനികസഹായസ്വീകരണം ഏഷ്യക്കു പൊതുവിൽ ആപല്ക്കരമായി ഭവിക്കുന്നതാണെന്നും പാക്കിസ്ഥാനും ഇൻഡ്യയും തമ്മിലുണ്ടായിട്ടുള്ള സകല സമാധാനകരാറുകളേയും അതു സാരമായി ബാധിക്കുന്നതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു.

പാക്ക് അമേരിക്കൻ സൈനികസഖ്യം അഫ്ഗാനിസ്ഥാ



വി. യൂദാ തദേവൂസ് ശ്ലീഹായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

By P. K. Joseph

നു ഒരു വലിയ ആപത്തായിരിക്കുമെന്നും അതുസംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്തേണ്ടിയിരിക്കുന്നുവെന്നും അഫ്ഗാനിസ്ഥാൻ പ്രധാനമന്ത്രി സർദാർ മഹമ്മദ് ദാവുഖാൻ പ്രസ്താവിക്കുകയുണ്ടായി.

ഈ പരിതസ്ഥിതിയിൽ ഏഷ്യയിലെയും മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലേയും പ്രധാനമന്ത്രിമാരുടെ ഒരു സംയുക്തസമ്മേളനം എത്രയുംവേഗം വിളിച്ചുകൂട്ടേണ്ടതാണെന്നു സിലോൺപ്രധാനമന്ത്രി മി. കൊത്തലവാലാ നിർദ്ദേശിക്കുകയും ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു അതിനോടനുകൂലിക്കുകയും ചെയ്തിരിക്കുന്നു.

സുഡാൻെറ ആദ്യത്തെ പ്രധാനമന്ത്രി

സുഡാനിലെ പ്രഥമ പൊതുതിരഞ്ഞെടുപ്പു കഴിഞ്ഞതിനെത്തുടർന്ന് അവിടത്തെ ആദ്യത്തെ പ്രധാനമന്ത്രിയായി 52 വയസ്സു പ്രായമുള്ള ഇസ്മായിൽ എൽ അഷാരി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സുഡാൻ ഈജിപ്റ്റുമായി യോജിക്കണമെന്നു വാദിക്കുന്ന നാഷനൽ യൂണിയനിസ്റ്റ്പാർട്ടിയുടെ ലീഡറാണ് എൽ അഷാരി.

# തെററിദ്ധാരണയോ കുപ്രചരണമോ?

(മിസ്സിസ് ഡോക്ടർ പോൾ ജെ. മാമ്പിള്ളി)

ഇന്നും ഞാനോർക്കുന്നു, അന്നത്തെ വാദപ്രതിവാദങ്ങൾ. ഞങ്ങളെ അത്ഭുതപ്പെടുത്തിയ ആ വർത്തമാനങ്ങൾ. കഴിഞ്ഞ വേനൽക്കാലത്തിലെ കഠിനമായ ചൂടിൽനിന്നും തിരക്കുപിടിച്ച ജോലിയിൽനിന്നും തല്ക്കാലം വിരമിച്ച് വിശ്രമത്തിനായി ബാംഗളൂർ എത്തിയ ഞങ്ങൾക്ക് അവിടത്തെ വൈ. ഡബ്ലിയു. സി. ഏ. ക്കാരാൽ നടത്തപ്പെടുന്ന ഒരു അതിഥിമന്ദിരമാണ് അഭയം നൽകിയതു്.

സുപ്രസിദ്ധമായ ബാംഗളൂർ പട്ടണത്തിലെ തിക്കും തിരക്കുമൊഴിഞ്ഞ കന്റോൺമെൻറിൽ പ്രശാന്തമായി കിടക്കുന്ന ഇൻഫെൻററി റോഡിൽ അതു സ്ഥിതിചെയ്യുന്നു. പരിഷ്കൃതരീതിയിൽ പണികഴിച്ചിട്ടുള്ള ഒട്ടും ചെറുതല്ലാത്ത ഒരു കെട്ടിടം. താമസസൗകര്യങ്ങൾ ധാരാളമുള്ള മുറികൾ. പാശ്ചാത്യരീതിയിൽ ഭക്ഷണം. കൃത്യനിഷ്ഠയും വൃത്തിയുമുള്ള ഭൃത്യവർഗ്ഗം. പഴക്കവും പരിചയവും ഒത്തിണങ്ങിയ ഒരു അറുപതുകാരി വാർഡൻ. സുഗന്ധകുസുമങ്ങൾ നിറഞ്ഞ വിസ്തൃതമായ ഒരു ഗാർഡൻ. ഇവയെല്ലാമാണ് അവിടത്തെ സജ്ജീകരണങ്ങൾ.

ബാംഗളൂർ കാഴ്ചകൾ കാണുവാൻ കാര്യമായട്ടൊന്നുമില്ലെങ്കിലും ഗംഭീരമായ പാർക്കുകളും പൂങ്കാവനങ്ങളും അനവധിയുണ്ടു. മത്സരക്കളികളും ഗുസ്തിപിടുത്തങ്ങളും പലതരം വിനോദങ്ങളും മിക്കദിവസങ്ങളിലും നടക്കുന്നുണ്ടു്. എന്നിരുന്നാലും ഏററവും ഹൃദ്യമായതു് അവിടത്തെ കാലാവസ്ഥയാണ്. വേനല്ക്കാലങ്ങളിൽ ചൂടും തണുപ്പുമില്ലാത്ത സുഖകരമായ അന്തരീക്ഷം. അതു് അനേകംപേരെ അങ്ങോട്ടാകർഷിച്ചുകൊണ്ടിരിക്കുന്നു. അയൽരാജ്യങ്ങൾ വെയിലിൻെറ ഭയങ്കര ചൂടുകൊണ്ടു പൊരിയുമ്പോൾ ബാംഗളൂർ രാജ്യം അതിരമ്യമായ ഒരു കാലാവസ്ഥയെ ആസ്വദിക്കയാണ്.

ഉദ്യോഗത്തിനും സുഖവാസത്തിനുമായി അന്യരാജ്യങ്ങളിൽനിന്നും അവിടെ വന്നു താമസിക്കുന്നവർ കുറവല്ല. മദ്രാസ്, ബോംബെ, വെല്ലൂർ, നെല്ലൂർ, നാഗപ്പൂർ മുതലായ ചൂടേറിയ സ്ഥലങ്ങളിൽനിന്നു് ധാരാളം പേർ കുടുംബസഹിതം അവിടെ ഓടിയെത്തുകയാണ്, അസഹനീയമായ ചൂടിൽനിന്നും രക്ഷപെടുവാൻ. കടുത്ത വേനല്ക്കാലം മുഴുവൻ അവരവിടെ കഴിക്കുന്നു; ഉല്ലാസത്തോടും ഉന്മേഷത്തോടും കൂടി.

ഞങ്ങൾ താമസിച്ചിരുന്ന അതിഥിമന്ദിരത്തിൽ വളരെപ്പേർ വന്നും പോയുമിരുന്നു; പല രാജ്യക്കാരും വിവിധ മതക്കാരും. വെള്ളക്കാരും അതിലേറെ നാട്ടുകാരുമുണ്ടു്. മതപരവും രാഷ്ട്രീയവുമായ വിവിധവിഷയങ്ങളെ സ്പർശിച്ചുള്ള സംസാരങ്ങളും നടന്നുകൊണ്ടിരുന്നു. മിക്കവാറും ഭക്ഷണസമയമാണ് സംസാരത്തിനായി വിനിയോഗിക്കുന്നതു്. ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള പ്രാർത്ഥനയ്ക്കിടയിലുള്ള സമയം സാധാരണമായി സംസാരത്തിൻെറ ബഹളമായിരിക്കും. രസകരമായ വർത്തമാനങ്ങൾ; നാട്ടുവർത്തമാനങ്ങളും വീട്ടുവർത്തമാനങ്ങളും. സന്തോഷവും സന്താപവും പരസ്പരം കൈമാറുന്ന പലതരം സംസാരങ്ങളും അവിടെ കേൾക്കാം.

അതിനിടയിൽ, കേരളീയകത്തോലിക്കർക്ക് കന്യകാമറിയത്തോടുള്ള ഭക്തിബഹുമാനാദികളെപ്പററി അഭിമാനപൂർവ്വം ഞങ്ങൾ കീർത്തിക്കും. അതു രസിക്കാത്ത പലരുമുണ്ടെന്നു ഞങ്ങൾക്കറിയാം. പക്ഷെ മരിയഭക്തിയുടെ മാഹാത്മ്യം അവരെ ഒന്നു മനസ്സിലാക്കണമല്ലോ. മിക്കവരും മൗനം ദീക്ഷിക്കും. എതിരു പറഞ്ഞിട്ടു ഫലമില്ലെന്നവർക്കറിയാം. അതവർ പലപ്രാവശ്യം പരീക്ഷിച്ചിട്ടുണ്ടു്.

അന്നൊരു ഞായറാഴ്ചയായിരുന്നു. ഡിന്നറിനു സമയമായി. ഒന്നും രണ്ടും ബെല്ലുകൾ അടിച്ചു എല്ലാവരും ഒരുമിച്ചുകൂടി. പ്രാർത്ഥനകഴിഞ്ഞു. ഡിന്നർ ആരംഭിച്ചു. പലരും പലകാര്യങ്ങളെപ്പററിയും പറഞ്ഞുതുടങ്ങി. ലൂർദിലും ഫാത്തിമായിലും കണ്ട കാര്യങ്ങളെക്കുറിച്ചു ഞങ്ങളും സംസാരമാരംഭിച്ചു. മാതാവിനോടുള്ള ഭക്തിവിശ്വാസം. അതുമൂലം അവിടെ നടന്ന അത്ഭുതങ്ങൾ. അവയെ ഞങ്ങൾ വിവരിച്ചു പറഞ്ഞു. ഒരു അമേരിക്കൻ മദാമ്മക്കു അതൊട്ടുംതന്നെ രസിച്ചില്ല അവർക്കു സഹിക്കവയ്യാതായി. ഒടുവിൽ അവർ തുറന്നു പറഞ്ഞു് "മറിയത്തെ ഇത്രയധികം ബഹുമാനിക്കേണ്ട കാര്യമില്ല ക്രിസ്തു അമ്മയെ അത്ര കാര്യമായി കരുതിയിരുന്നില്ല ഒരു സാധാരണസ്ത്രീയെക്കാൾ കൂടുതൽ സ്ഥാനമാനങ്ങളൊന്നും മറിയത്തിനുള്ളതായി വേദപുസ്തകത്തിൽ പറയുന്നില്ല" ഒരു ബാപ്ററിസ്റ്റ് മിഷനറിയാണവർ. അറുപതുവയസ്സു പ്രായംകാണും. അവിവാഹിതയാണ്. ഇൻഡ്യയിൽ വന്നു വേദപ്രചാരവേല നടത്തിത്തുടങ്ങിയിട്ട് അൻപതുകൊല്ലത്തോളമായി. വളരെ അമേരിക്കർ നാടും വീടും വിട്ട് ഇൻഡ്യയിൽവന്നു് ഇപ്രകാരം വേദപ്രചാരം നടത്തുന്നുണ്ടു. ക്രിസ്ത്യാനികളാണെങ്കിലും വിഭിന്നവിശ്വാസക്കാരാണവർ അവർക്കു കത്തോലിക്കരെപ്പോലെ മാതാവിനോടു ഭക്തിയില്ല; വിശ്വാസമില്ല; സ്നേഹവുമില്ല.



വി. ഫിലോമിനായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Excuse delay.
by Mrs. Rosy Jos

ആ മദാമ്മയുടെ വാക്കുകൾക്കു ഞങ്ങൾ തക്ക മറുപടികൊടുത്തു. വേദപുസ്തകത്തിൽ പറയുന്ന യാഥാർത്ഥ്യങ്ങൾതന്നെ ഞങ്ങൾ എടുത്തുപറഞ്ഞു. മാലാഖയുടെ മംഗലവാർത്ത. മറിയം നന്മനിറഞ്ഞവളും സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളുമാണെന്നു ദൈവദൂതൻ വഴിയായി ദൈവം അറിയിച്ച മാതാവിൻെറ മഹോന്നതസ്ഥാനം അവരെ ചൂണ്ടിക്കാണിച്ചു. കർത്താവായ ക്രിസ്തുവിൻെറ അമ്മയാകുവാനുള്ള യോഗ്യതയും ഭാഗ്യവും സിദ്ധിച്ച കന്യകാമറിയത്തെ എത്രകണ്ടു സ്നേഹിച്ചാലും ബഹുമാനിച്ചാലും അധികമാകുന്നതല്ലായെന്നു ഞങ്ങൾ പ്രഖ്യാപിച്ചു. രണ്ടു പാർസിസ്ത്രീകൾ അതിനെ പിൻതാങ്ങി.

ജ്യേഷ്ഠത്തിയനുജത്തിമാരാണവർ. വളരെ വിനയവും ഒതുക്കവുമുള്ള സ്വഭാവം. ഏകോദരസോദരികളാണവരെന്നു ആരും പറയുകയില്ല. അത്രയും വ്യത്യസ്തങ്ങളാണ് അവരുടെ വേഷഭൂഷാദികൾ. തെക്കേ ഇൻഡ്യയിലെ പ്രകൃതിമനോഹരത കണ്ടാനന്ദിക്കുവാനും രാജ്യം ചുററിസഞ്ചരിച്ച് ഉദ്യോഗസ്ഥകളായ അവരുടെ വിജ്ഞാനത്തെ വർദ്ധിപ്പിക്കുവാനുമായി സ്വദേശമായ ബോംബെയിൽനിന്നും അവരവിടെ എത്തിയിരിക്കയാണ്. അതെ, അതിനാണവരുടെ മാതാപിതാക്കന്മാർ അവരെ അയച്ചിരിക്കുന്നതു്. അവർക്കു കത്തോലിക്കാമതത്തെപ്പററി വലിയ മതിപ്പാണ്. കന്യകാമറിയത്തോട് നിസ്സീമമായ സ്നേഹവും വിശ്വാസവുമുണ്ടു്. കത്തോലിക്കാസ്കൂളിലാണവർ വിദ്യ അഭ്യസിച്ചതു്. അന്നുമുതൽ കത്തോലിക്കാ ദേവാലയങ്ങളിൽ പോകുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടെന്നും മാതാവിൻെറ മാദ്ധ്യസ്ഥ്യം വഴിയായി പല കാര്യങ്ങളും സാധിച്ചുകിട്ടിയിട്ടുണ്ടെന്നും അവർ സന്തോഷത്തോടുകൂടി പറയുകയുണ്ടായി.

ഇവയെല്ലാംകേട്ട് അവജ്ഞയോടുകൂടിയിരിക്കുന്ന അമേരിക്കക്കാരിയെ ഞങ്ങൾ ഓർപ്പിച്ചു യേശുവിൻെറ ആദ്യത്തെ അത്ഭുതപ്രവൃത്തി. ആരുടെ ആഗ്രഹപ്രകാരമാണതു ചെയ്തതെന്നു ഞങ്ങൾ ചോദിച്ചു. "അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള സമയമായിട്ടില്ലായെന്നു യേശുതന്നെ ഏററുപറയുന്നു. എന്നിരുന്നാലും അമ്മയുടെ ആഗ്രഹം സാധിച്ചുകൊടുക്കാതിരിക്കുവാൻ ഈശോയ്ക്കു സാധിക്കുന്നില്ല. അമ്മയോടുള്ള സ്നേഹവും ബഹുമാനവും അവിടത്തെ അതിനനുവദിച്ചില്ല. ഉടൻതന്നെ അവിടുന്നു ആ അത്ഭുതം പ്രവർത്തിച്ചു പച്ചവെള്ളം പെട്ടെന്നു വീഞ്ഞാക്കി രസകരമായ വീഞ്ഞു് അങ്ങനെ അമ്മയുടെ ഇംഗിതം സാധിച്ചുകൊടുത്തു. ക്രിസ്തു അമ്മയെ എത്ര കാര്യമായി കരുതിയിരുന്നുവെന്നു് ആ പ്രവൃത്തിതന്നെ വിളിച്ചു പറയുന്നില്ലയോ?" ഞങ്ങൾ ആരാഞ്ഞു. അവർ മറുപടി പറഞ്ഞില്ല. ഏറെനേരം ചിന്തിച്ചിരിക്കയായിരുന്നു.

"തൻെറ ഏകപുത്രനായ യേശു സൽഗുണസമ്പൂർണ്ണനും സർവ്വോപരി ദൈവപുത്രനുമാണെന്നു അവിടത്തെ ജനനത്തിനുമുമ്പുതന്നെ നന്നായി മനസ്സിലാക്കിയിട്ടുള്ള കന്യകാമാതാവു ആ മകനെ എത്രകണ്ടു സ്നേഹിച്ചിരിക്കണം; ആദരിച്ചിരിക്കണം! എന്നിട്ടും തികഞ്ഞ സുശീലയും നിറഞ്ഞ പുത്രവത്സലയുമായ സ്വമാതാവിനെ സ്നേഹിക്കയും കാര്യമായി കരുതുകയും ചെയ്യാതിരിക്കത്തക്കവണ്ണം ക്രിസ്തു—ശത്രുക്കളേയും പാപികളേയുംകൂടി സ്നേഹിച്ചിരുന്ന ആ സ്നേഹമൂർത്തി—അത്ര സ്നേഹമില്ലാത്തവനായിരുന്നോ?" ഞങ്ങൾ അന്വേഷിച്ചു.

"ക്രിസ്തു മറിയത്തിൻെറ ഏകപുത്രനല്ല. മറിയത്തിനു വേറെയും മക്കളുണ്ടായിരുന്നു." അവർ ഉടനടി ഉത്തരം പറഞ്ഞു. ഇദം പ്രഥമമായി കേട്ട ഈ വ്യാജപ്രസ്താവം ഞങ്ങളെ അത്ഭുതപ്പെടുത്തി. ഏതെല്ലാം തരത്തിലാണ് അകത്തോലിക്കർ വേദപുസ്തകത്തിലെ വാക്കുകളെ ദുർവ്യാഖ്യാനം ചെയ്യുന്നതെന്നോർത്തു ശോകമൂകരായിപ്പോയി ഞങ്ങൾ.

"മറിയത്തിനു വേറെ മക്കളുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടു കുരിശിൽ തൂങ്ങിക്കിടന്നു മരണവേദനകളനുഭവിക്കുന്ന സമയത്തുപോലും ക്രിസ്തു അവളെ യോഹന്നാൻെറ സംരക്ഷണയിൽ ഏല്പിച്ചു? യോഹന്നാനെ മാതാവിനു മകനായി കാണിച്ചുകൊടുക്കുവാനും കാരണമെന്തു്?" ഹൃദയവ്യഥയോടുകൂടി ഞങ്ങൾ ചോദിച്ചു. "ആ മക്കളും മാതാവുമായി സ്നേഹത്തിലല്ലായിരുന്നു." വേദപുസ്തകം മുഴുവൻ ഹൃദിസ്ഥമാക്കിയിട്ടുള്ള മദാമ്മ മറുപടി പറയുകയാണ്. ഞങ്ങളുടെ ചെവികൾക്കതു പുത്തരിയായിരുന്നു. കേരളത്തിലെങ്ങും കേൾക്കാത്തൊരു വാർത്ത. അതു ഞങ്ങളെ വല്ലാതെ വേദനിപ്പിച്ചു. അതിലേറെ വിസ്മയിപ്പിക്കയും ചെയ്തു. പലരേയും വഴിതെററിച്ചു സത്യസഭയിൽനിന്നും അകററിക്കൊണ്ടുപോകുന്ന അപവാദങ്ങൾ ദുഷിച്ച തെററിദ്ധാരണകൾ. അവയെപ്പററിയുള്ള ചിന്ത ഞങ്ങളെ സന്തപ്തചിത്തരാക്കി.

"വേദപുസ്തകത്തിൽ എവിടെയാണതു പറഞ്ഞിരിക്കുന്നതു്?" ഉത്തരം മുട്ടിച്ച ഞങ്ങളുടെ ചോദ്യം. അതിനുത്തരം പറയുവാൻ അവർക്കു വാക്കുകിട്ടിയില്ല. അവർ ഞങ്ങളോടു പറഞ്ഞ അവസാനവിമർശനമായിരുന്നു അതു്; മതപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം.

അനുഗൃഹീതയായ ദൈവജനനിയെക്കുറിച്ചു പിന്നീടും ഞങ്ങൾ പുകഴ്ത്തിപ്പറഞ്ഞിരുന്നു. കത്തോലിക്കാസഭയേയും അതിൻെറ അതിവിശിഷ്ടമായ ഭരണഘടനയേയുംപററി പലപ്പോഴും പ്രകീർത്തിക്കാറുണ്ടു്. പോപ്പുരാജൻെറ മഹാസ്ഥാനത്തെ മുക്തകണ്ഠം പ്രശംസിക്കയും ചെയ്തിരുന്നു. ആ പാർസിസ്ത്രീകൾക്കും മററു പലർക്കുമുണ്ടു് അനേകകാര്യങ്ങൾ ഞങ്ങളോടു ചോദിക്കുവാൻ, കത്തോലിക്കാസഭയേയും പാപ്പായേയുംപററി. എത്ര സന്തോഷത്തോടുകൂടിയാണവരതു കേൾക്കുന്നതെന്നോ?

എന്നാൽ വേദപ്രചാരവേലയിലും വാദപ്രതിവാദങ്ങളിലും നല്ല തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള ആ മിഷനറിമദാമ്മ മാത്രം മൗനമായിരിക്കും. പ്രസന്നമായ അവരുടെ മുഖം വിവർണ്ണമാകും. തരമുണ്ടെങ്കിൽ സ്ഥലംവിട്ടുകളയും. അവരുടെ തെററിദ്ധാരണകളെല്ലാം പുറത്തുവരട്ടെ എന്ന ഞങ്ങളുടെ ആശ അങ്ങനെ അസ്തമിച്ചുപോകും. മററുകാര്യങ്ങളെപ്പററി അവർ ദീർഘമായി ഞങ്ങളോടു സംസാരിക്കാറുണ്ടു്. പക്ഷെ ആദ്ധ്യാത്മികകാര്യങ്ങളെക്കുറിച്ചു മാത്രം ഒന്നും പറയുകയില്ല.

ഇപ്രകാരമുള്ള അവാസ്തവപ്രചരണങ്ങളും തെററിദ്ധാരണകളുംമൂലം സത്യസഭയിൽനിന്നു ഭിന്നിച്ചുനില്ക്കുന്ന പലരേയും നാടിൻെറ നാനാഭാഗങ്ങളിലും കാണാം. കമ്മ്യൂണിസത്തിൻെറ കാപട്യത്തിലും കള്ളത്തരത്തിലും പെട്ടുപോയവരും വളരെയുണ്ടു്. അവർക്കെല്ലാവർക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സത്യം മനസ്സിലാക്കി അവർ സത്യസഭയെ ആശ്ലേഷിക്കുവാൻ വേഗം ഇടവരുത്തുന്നതിനു് ദൈവജനനിയോടും അവൾവഴിയായി അവളുടെ വത്സലപുത്രനോടും അകമഴിഞ്ഞു് അപേക്ഷിക്കാം.


## അഭ്യർത്ഥന

മാന്യരെ,


ആസന്നമായ നിയമസഭാതിരഞ്ഞെടുപ്പിനു എറണാകുളം നിയോജകമണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥിയായി എന്നെ നിർദ്ദേശിച്ചിരിക്കുന്ന വിവരം മഹാജനങ്ങളെ സന്തോഷപൂർവ്വം അറിയിക്കയും, ഈ തിരഞ്ഞെടുപ്പിൽ എല്ലാവരും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ നൽകി തങ്ങളുടെ വിലയേറിയ വോട്ടുകൾ കാളപ്പെട്ടിയിൽ നിക്ഷേപിച്ചു എന്നെയും കോൺഗ്രസ്സിനേയും വിജയിപ്പിക്കാറാകണമെന്നു സവിനയം അഭ്യർത്ഥിക്കയും, ചെയ്തുകൊള്ളുന്നു.

എന്നു്,

ഒ. ആർ. ചുമ്മാർ

എം. എ., ബി. എൽ.


## വിനോദവീഥി




മാനേജർ:- "അത്താഴം കഴിഞ്ഞല്ലോ ഇരുന്നിട്ടുപോകണം!"

"അയ്യോ! ഇരിക്കുകയോ!? ഇവിടത്തെ ആറണശാപ്പാടല്ലേ, വയററിൽ!— വിശപ്പു തുടങ്ങും മുമ്പേ പിടിച്ചു ഞാനൊന്നുപോയിക്കിടന്നുറങ്ങിക്കൊള്ളട്ടെ!!"

* * *

പററുപടിക്കാരൻ:— സർ, ഞാൻ നിങ്ങളുടെ ഷാപ്പിൽനിന്നു സാമാനങ്ങൾ വാങ്ങിത്തുടങ്ങിയിട്ടു ആഴ്ചകൾ പലതായല്ലോ. നിങ്ങൾ പണം ആവശ്യപ്പെടാത്തതെന്താണ്?

കച്ചവടക്കാരൻ:— ഓ! മാന്യന്മാരോടു ഞാൻ പണം ചോദിക്കാറില്ല.

പററുപടിക്കാരൻ:— അവർ പണം തന്നില്ലെങ്കിലോ?

കച്ചവടക്കാരൻ:— അപ്പോൾ അവർ മാന്യന്മാരല്ലെന്നു തെളിയും. ഞാൻ പണം പിരിച്ചെടുക്കുകയും ചെയ്യും.

* * *

രക്തബാങ്കു പ്രവർത്തകൻ:— രക്തബാങ്കുമൂലം നമുക്കു ഒട്ടുവളരെ "രക്തസംബന്ധി"കളെ സമ്പാദിക്കുവാൻ സാധിക്കുന്നു. നമ്മുടെ രക്തം കുത്തിവച്ചാണ് അവരെ ജീവിപ്പിക്കുന്നതു്.

ശ്രോതാവു്:— എൻെറ സാറെ, കൊതുകുള്ള നമ്മുടെ നാട്ടിൽ രക്തസംബന്ധികൾക്കു വല്ല കണക്കുമുണ്ടോ?

ആദ്ധ്യാത്മികവീഥി (13)

# സ്നേഹത്തിന്റെ ലക്ഷണം

ദൈവത്തിന്റെ വത്സലമക്കളേ,

ഞാൻ പഠിക്കുന്ന കാലത്ത് കുറെ നാളത്തേക്ക് ഒരു വീട്ടു കൂലിക്കെടുത്തു താമസിച്ചുവന്നു. ഒരുറ്റസ്നേഹിതനും എന്റെ കൂടെ ഉണ്ടായിരുന്നു. സ്വയംഭരണമായിരുന്നതിനാൽ വിവിധ സമയങ്ങളിലെ ഭക്ഷണവിഭവങ്ങളെന്തെല്ലാമായിരിക്കണമെന്നും മററുമുള്ളതെല്ലാം ഞങ്ങൾതന്നെയാണ് തീരുമാനിച്ചിരുന്നത്. ഞങ്ങൾ ഭിന്നരുചിക്കാരായിരുന്നു. എനിക്ക് സസ്യക്കറികളായിരുന്നു ഇഷ്ടം. അയാൾക്കോ എന്നാൽ കുറെ മത്സ്യം കൂടാതെ ഉണ്ണുക സാദ്ധ്യമായിരുന്നില്ല. എനിക്ക് പച്ചച്ചോറാണ് വേണ്ടിയിരുന്നതെങ്കിൽ അയാൾക്കു കാച്ചിയതിനോടായിരുന്നു തൃപ്തി. അരി അല്പമെങ്കിലും അധികം വെന്തുപോയെങ്കിൽ എനിക്ക് ഛർദ്ദിക്കുവാൻ വരുമായിരുന്നു; അയാൾക്കു ചോറു വെന്തു കുഴഞ്ഞിരിക്കണം.

ഈ സാഹചര്യങ്ങളിൽ രണ്ടു പേരെയും ഒന്നുപോലെ തൃപ്തിപ്പെടുത്തിക്കൊണ്ടു പോകുക ഞങ്ങളുടെ വേലക്കാരന് അത്ര എളുപ്പമായിരുന്നില്ല. എങ്കിലും ഒരിക്കലെങ്കിലും ഭക്ഷണത്തെ സംബന്ധിച്ച് അതൃപ്തിയായി ഒരു വാക്കുപോലും പറയാൻ ഇടവന്നിട്ടില്ല. അതിന്റെ രഹസ്യം മററൊന്നുമായിരുന്നില്ല. ഞങ്ങൾ പരസ്പരം ഗാഢമായി സ്നേഹിച്ചിരുന്നു. അതിനാൽ സ്വന്ത ഇഷ്ടത്തെ ത്യജിച്ചിട്ട് അപരന്റെ ഇഷ്ടാനുസരണം സംഗതികൾ നടന്നുകൊള്ളട്ടെ എന്നു രണ്ടുപേരും കരുതി.

സ്വയം വിസ്മരിച്ച് സ്നേഹഭാജനത്തിന്റെ ഹിതാനുസരണം പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയാണ് സ്നേഹത്തിന്റെ ഉത്തമലക്ഷണം. ഒരാളോട് നമുക്ക് ആത്മാർത്ഥമായ സ്നേഹമുള്ളപ്പോൾ അയാളുടെ ഏററവും നിസ്സാരമായ ആഗ്രഹംപോലും സാധിച്ചുകൊടുക്കുന്നതിനു നാം ശ്രദ്ധാലുക്കളായിരിക്കും. ആരും പറഞ്ഞുതന്നു പഠിപ്പിക്കാതെതന്നെ സ്വാഭാവികമായി നാം ചെയ്യുന്നതാണുള്ളത്.

ദൈവത്തോടുള്ള നമ്മുടെ സ്നേഹവും ഇങ്ങനെതന്നെയാണ് പ്രത്യക്ഷപ്പെടുത്തേണ്ടത്. മനുഷ്യരെ നാം നേരിട്ടു കാണുകയും അവരിൽ ചിലരോട് ആകർഷണം തോന്നുകയും ചെയ്യുന്നതിനാലും അവരുടെ പ്രതിസ്നേഹം നേരിട്ടനുഭവിക്കുന്നതിനു സാധിക്കുന്നതിനാലും അവരുടെ ഹിതാനുസരണം പ്രവർത്തിക്കുന്നതിന് എളുപ്പമുണ്ട്. എന്നാൽ ഐന്ദ്രികമായി ദൈവത്തെ നാം കാണുകയോ കേൾക്കുകയോ സ്പർശിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ട് ദൈവഹിതം നിറവേററുന്നതിനു അത്രതന്നെ എളുപ്പം തോന്നുകയില്ലെന്നു സമ്മതിക്കണം. എങ്കിലും അവിടത്തെ നാം സ്നേഹിക്കുന്നുണ്ടെന്നു കാണിക്കുന്നതിനു വേറെ മാർഗ്ഗമൊന്നുമില്ല. ദൈവത്തെ സ്നേഹിക്കുകയെന്നു പറയുന്നതും ദൈവപ്രമാണം കാക്കുകയെന്നു പറയുന്നതും ഏറെക്കുറെ ഒന്നാണെന്ന് ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം.

ഒരിക്കൽ ഒരു സ്ത്രീ തന്റെ ആത്മപിതാവിനോട് ഇങ്ങനെ സങ്കടം പറയുകയുണ്ടായി: "എന്റെ അച്ചാ, എന്റെ രക്ഷയുടെ കാര്യംതന്നെ സംശയത്തിലാണ്. ഞാൻ എത്രതന്നെ ശ്രമിച്ചിട്ടും എല്ലാവസ്തുക്കളെക്കാൾ ഉപരിയായി ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നില്ല. എന്റെ ഈ കുഞ്ഞിനോടു തോന്നുന്നതിന്റെ പകുതി സ്നേഹം എനിക്ക് ദൈവത്തോടു തോന്നുന്നില്ല." അപ്പോൾ അദ്ദേഹം ചോദിച്ചു: "കഴിഞ്ഞമാസത്തിൽ നിന്റെ കുഞ്ഞിനു സുഖക്കേടു വന്നപ്പോൾ ക്ഷുദ്രപ്രയോഗം ചെയ്ത് സുഖപ്പെടുത്താമെന്ന് ഒരു കണിയാൻ പറഞ്ഞിട്ട് നീ എന്താണ് സമ്മതിക്കാഞ്ഞത്?" "അയ്യോ, അതു പാപമല്ലേ! എന്റെ കുഞ്ഞ് മരിച്ചാലും വേണ്ടില്ല, ദൈവത്തെ ദ്രോഹിച്ചിട്ട് അവനു സുഖംവരണമെന്ന് എനിക്കു ലേശമില്ലായിരുന്നു" എന്നവൾ പ്രതിവചിച്ചു.

"അതിന്റെ അർത്ഥം നിന്റെ കുഞ്ഞിനെക്കാൾ നീ ദൈവത്തെ സ്നേഹിക്കുന്നു എന്നല്ലേ! ദൈവത്തോടു സ്നേഹം തോന്നുന്നില്ലെന്നുള്ളതു ശരിയായിരിക്കാം. പക്ഷേ തോന്നലിലല്ല സ്നേഹമിരിക്കുന്നതെന്നു മനസ്സിലാക്കണം. നീ ഒട്ടും ഭയപ്പെടേണ്ട. നീ ദൈവത്തെ വേണ്ടവണ്ണം സ്നേഹിക്കുന്നുണ്ട്." എന്നു പറഞ്ഞ് അദ്ദേഹം അവളെ ആശ്വസിപ്പിച്ചു.

ഇവയിൽനിന്നെല്ലാം യഥാർത്ഥ സ്നേഹം എന്തിൽ അടങ്ങിയിരിക്കുന്നു എന്നു ധരിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു്
സ്വന്തം ആത്മപിതാവു്

ഗ്രാമോദ്ധാരണപംക്തി

## മൃഗബാധകൾ

(എഫ്. സി കുന്നപ്പള്ളി)

### പുഴുക്കടി (*Mange*)

നമ്മുടെ നാട്ടിലുള്ള വളർത്തുമൃഗങ്ങളിൽ സർവ്വസാധാരണമായ ഒരു ത്വക്ക് രോഗമാണല്ലോ പുഴുക്കടി അഥവാ മേൻജ്. ഇതു ജന്തുക്കൾക്ക് എളുപ്പത്തിൽ ജീവഹാനി വരുത്തുന്നില്ല. എങ്കിലും അവയെ വളരെയധികം ക്ഷീണിപ്പിക്കുന്ന ഒരു രോഗമാണ്. ഒരുതരം ചെറുപ്രാണികളുടെ (Mites) ഉപദ്രവംമൂലമാണ് ഇതുണ്ടാകുന്നത്. സാധാരണ മൂന്നുതരം പ്രാണികളാണ് കന്നുകാലികളിലും മററു വളർത്തുമൃഗങ്ങളിലും കാണുന്നത്. അവയുടെ സ്വഭാവം അനുസരിച്ച് ഈ രോഗവും മൂന്നു തരത്തിലുണ്ട്. ഈ രോഗം ശരീരത്തിന്റെ എല്ലാ ഭാഗത്തും ഉണ്ടാകാം. ഇതിനു കാരണമായ പ്രാണികളെ നമ്മുടെ നഗ്നമായ കണ്ണുകൾകൊണ്ടുതന്നെ കാണാം. ഭൂതക്കണ്ണാടിയുടെ സഹായത്താൽ ഓരോ ഇനത്തിലുള്ളതിനേയും തിരിച്ചറിയുന്നതിനു കഴിയും. ഒരുതരം പുഴുക്കടി തലയുടെ ഭാഗത്താരംഭിച്ച് കഴുത്തിന്റെ ഭാഗങ്ങളിലേക്ക് വ്യാപിക്കുന്നു. ചൂടുള്ള സമയത്ത് ഇവ മൃഗങ്ങളെ ക്രൂരതലായി ശല്യപ്പെടുത്തുന്നു. വളരെ കട്ടിയായ ചൊറിച്ചിൽ (Itching) ഉണ്ടായിരിക്കും. മറെറാരുതരം ജീവികൾ മൃഗങ്ങളുടെ ത്വക്കിനു പുറത്തു പൊററൻ (Crust) ഉണ്ടാക്കി അവക്കടിയിലിരുന്നു ശരീരത്തിന്റെ ഉൾഭാഗത്തുനിന്നും രക്തം വലിച്ചെടുത്തു ജീവിക്കുന്നു.

ഈ പ്രാണികൾ പുറപ്പെടുവിക്കുന്ന വിഷദ്രാവകത്തിനു പുറമെ അവയുടെ ഒരു സ്ഥലത്തുനിന്നു മററു സ്ഥലത്തേക്കുള്ള മാററം നിമിത്തവും മൃഗങ്ങൾക്ക് അസ്വാസ്ഥ്യവും ചൊറിച്ചിലും അനുഭവപ്പെടുന്നു. ഇവ രോമങ്ങളുടെ അടിഭാഗം കരണ്ടുതിന്നുന്നതിനാൽ രോമം കൊഴിഞ്ഞുപോകുന്നു. ആ ഭാഗം തടിച്ച് പൊങ്ങുകയും ചെയ്യും. സാധാരണ മാംസളമായ ഭാഗത്ത് ഈ രോഗം ഉണ്ടാകാറില്ല.

ഈ രോഗം ബാധിച്ചിട്ടുള്ള ഭാഗങ്ങൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കിയ ശേഷം പുകയില ഇട്ട് തിളപ്പിച്ച വെള്ളം (10% Tobacco Decoction) മയ്യഴണ്ണ ചേർത്തു പുരട്ടിയാൽ കൊള്ളാം. കൂടാതെ ഗന്ധകം തേങ്ങാ വെളിച്ചെണ്ണയിൽ ചാലിച്ച് രോഗം ബാധിച്ച ഭാഗങ്ങളിൽ പുരട്ടിയാൽ വളരെ പ്രയോജനകരമാണ്.

### ഉണ്ണിയും ചെള്ളും (*Ticks & Lices*)

നമ്മുടെ വളർത്തുമൃഗങ്ങളിൽ സർവ്വസാധാരണവും എന്നാൽ നാം നിസ്സാരമായി കരുതുന്നതുമായ പരാശ്രയജീവികളാണ് (Parasites) ഉണ്ണികൾ അഥവാ വട്ടൻ (Ticks), ചെള്ള് (Lices) മുതലായവ. ഇവ മൃഗങ്ങൾക്കു വലിയ നാശം വരുത്തിവയ്ക്കുന്നുണ്ട്. ചില പരാശ്രയജീവികൾ മൃഗങ്ങളെ സമീപിക്കുന്നത് അവയിൽനിന്നും രക്തം അപഹരിച്ച് ജീവിക്കുന്നതിനാണ്. ഇവ രക്തം കുടിച്ചശേഷം ചുറുപാടിലുമുള്ള ചപ്പിലും ചവറിലും കയറി ഇരിക്കും. മററു ചിലവ അവയുടെ ജീവിതകാലത്തിൽ ഒരു ഭാഗം മൃഗങ്ങളിൽ കഴിച്ചുകൂട്ടുന്നു. മൂന്നാമതൊരുതരം പ്രാണികൾ അവയുടെ ജീവിതകാലം മുഴുവനും മൃഗങ്ങളിൽത്തന്നെ കഴിക്കുന്നു.

### ഉണ്ണികൾ (*Ticks*)

സാമാന്യം വലിപ്പമുള്ള പ്രാണികളാണിവ. കറുപ്പുള്ളതെന്നും മാർദ്ദവമുള്ളതെന്നും രണ്ടു തരത്തിലുണ്ട്. ഇവ രക്തം കുടിക്കുന്നതിനു മുമ്പ് ചെറുതും പരന്നതുമായിരിക്കും. എന്നാൽ രക്തം കുടിച്ച് നിറഞ്ഞു കഴിഞ്ഞാൽ ഉരുണ്ട് ഏതാണ്ട് ഗോളാകൃതിയിലായിത്തീരും. ഇവ മൃഗങ്ങളുടെ ശരീരത്തിൽ വളരുന്നു. അവിടെവച്ചുതന്നെ ഇണചേർന്നശേഷം പെൺ ഉണ്ണികൾ തറയിൽ കൊഴിഞ്ഞുവീഴുന്നു. തറയിലും ചുററുപാടിലും ഇവ മുട്ട ഇടും. ഈ മുട്ട അഞ്ചാറ് ആഴ്ചക്കകം വിരിയും. ആറ് കാലോടുകൂടി മഞ്ഞനിറത്തിലുള്ള ചെറു പ്രാണികൾ പുറത്തുവരുന്നു. ഇവ വീണ്ടും കന്നുകാലികളിൽ പ്രവേശിച്ച് ജീവിക്കും. ഇങ്ങനെ ആ തൊഴുത്ത് ഇവയുടെ അധിവാസസ്ഥലമായിത്തീരുന്നു.

ഇവ മൃഗങ്ങളുടെ ശരീരത്തിൽ പ്രവേശിച്ചാൽ രക്തം വലിച്ചെടുക്കുന്നതിനുള്ള അവയവം ശരീരത്തിൽ കുത്തി ഇറക്കുന്നു. അവയെ എളുപ്പത്തിൽ ശരീരത്തിൽനിന്നും ഇളക്കി കളയാവുന്നതല്ല. ബലം പ്രയോഗിച്ചാൽ അവ കടിച്ചിരിക്കുന്ന ഭാഗം പറിച്ചുകൊണ്ടു മാത്രമേ പോവുകയുള്ളൂ. രക്തം കുടിച്ച് പൂർണ്ണമായി നിറഞ്ഞുകഴിഞ്ഞാൽ അവ ആ അവയവം പിൻവലിക്കും. ഏകദേശം അര C. C. വരെ രക്തം വലിച്ചെടുക്കുന്ന ഉണ്ണികളുണ്ട്. ഇത്തരം ആയിരക്കണക്കിനു ഉണ്ണികൾ നമ്മുടെ കന്നുകാലികളിൽ സാധാരണമാണ്. ഇവ വരുത്തിവയ്ക്കുന്ന വിപത്ത് എന്തുമാത്രമെന്നു ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഇവയുടെ ഉമിനീരിലുള്ള വിഷാംശം രക്തത്തെ നശിപ്പിക്കുന്നു. ജന്തുക്കളുടെ വളർച്ചയെ തടയുന്നു. കറവപ്പശുക്കളിൽനിന്നു പാൽ വളരെ കുറയും. വളരെയധികം ഉണ്ണികൾ ഉണ്ടായിരുന്നാൽ കന്നുകാലികൾക്ക് നിൽക്കാൻ ശക്തിയില്ലാതെ വീഴുകയും തളർച്ച ഉണ്ടാവുകയും ചെയ്യും. തുകൽ മാർദ്ദവമില്ലാത്തതും ചെറിയ സുഷിരങ്ങളോടുകൂടിയതും ആകും. ശക്തിയായി ഇവയെ പറിച്ചുകളഞ്ഞാൽ അവയുടെ കൊമ്പു ശരീരത്തിലിരുന്ന് ആ ഭാഗം വ്രണമായിത്തീരും.

ഇവ ഒരിക്കൽ ബാധിച്ചാൽ അവ പരിപൂർണ്ണമായി മാറുക വളരെ പ്രയാസമാണ്. തൊഴുത്ത് വളരെ വൃത്തിയായി സൂക്ഷിച്ചാൽ ഇവ ബാധിക്കാതെ രക്ഷിക്കാം. പുകയില വെന്തെടുത്ത് മണ്ണെണ്ണയുംചേർത്ത് ശരീരത്തിൽ തളിച്ചാൽ ഇവയെ നശിപ്പിക്കുന്നതിനു സാധിക്കും. ഗമസിൻ (Gammazine) എന്ന ഒരു പൊടി മൃഗാശുപത്രികളിൽനിന്നും കിട്ടും. അതു ശരീരത്തിൽ ശരിയായി പുരട്ടിയാൽ ഇവ ശരീരത്തിൽനിന്നും മാറും. എന്നാൽ ധാരാളം ഉണ്ണികൾ തൊഴുത്തിലും മേച്ചിൽസ്ഥലത്തും ശേഷിക്കും. തറ വൈക്കോലോ മറേറാ ഇട്ടു ചുട്ട് വൃത്തിയാക്കണം. മൺതറയാണെങ്കിൽ മണ്ണ് ഇളക്കിയശേഷം വീണ്ടും മൂടണം. മേച്ചിൽസ്ഥലത്തു ഒരു പ്രാവശ്യം കൃഷിചെയ്താൽ മിക്കവാറും ഇതിൽനിന്നും രക്ഷപെടാവുന്നതാണ്.

### ചെള്ള് (*Lices*)

ഇവ രക്തം കുടിക്കുന്നതെന്നും, കന്നുകാലികളെ കടിച്ച് ഉപദ്രവിക്കുന്നതെന്നും രണ്ടുതരം ഉണ്ട്. പെൺചെള്ള് കന്നുകാലികളുടെ രോമത്തിനിടയിൽ മുട്ട ഇടുന്നു. പത്തു പതിനഞ്ചു ദിവസത്തിനകം ഇവ വിരിയും. വിരിഞ്ഞിറങ്ങുന്ന പ്രാണികൾ രണ്ടാഴ്ചകൊണ്ട് അതിന്റെ പൂർണ്ണവളർച്ച പ്രാപിക്കും. ഉടനെ വീണ്ടും മുട്ട ഇടുന്നതിനു തുടങ്ങും. ഇങ്ങനെ ഇവ വളരെ എളുപ്പത്തിൽ വർദ്ധിക്കും. കന്നുകാലികളുടെ ശരീരത്തിൽനിന്നും രക്തം കുടിച്ചു ജീവിക്കും.

രണ്ടാമിനം കന്നുകാലികളെ കടിച്ച് ഉപദ്രവിക്കുകകൂടി ചെയ്യും. ഇവ സാധാരണ തലയിലും കഴുത്തിലും കാലിലുമാണ് കാണുക. ഇവ മൃഗങ്ങൾക്ക് അസഹ്യമായ ചൊറിച്ചിലും അസ്വാസ്ഥ്യതയും ഉണ്ടാക്കും. ഇവ ദേഹത്തിരുന്നാൽ കന്നുകാലികൾ ആ ഭാഗം നക്കുകയും ചുവരിൽ ഉരസ്സുകയും ചെയ്യും.

രണ്ടിനത്തിൽപ്പെട്ടതിനേയും നശിപ്പിക്കുന്നതിനു മണ്ണെണ്ണയോ ടർപ്പെൻടൈനോ ഉപയോഗിച്ചാൽ മതിയാകും. എന്നാൽ അതുകൊണ്ട് ഇവയുടെ മുട്ട നശിക്കുകയില്ല. അതിനാൽ പത്തുദിവസത്തിനുശേഷം ഒരു പ്രാവശ്യംകൂടി ഉപയോഗിക്കണം. ഇങ്ങനെ മൂന്നു പ്രാവശ്യം ചെയ്താൽ ഇവ നിശ്ശേഷം നശിക്കും.

## ഏജൻസി അറിയിപ്പ്

പോസ്റ്റൽ നിയമമനുസരിച്ച് ബുധനും വ്യാഴവും ഒഴിച്ചുള്ള ദിവസങ്ങളിൽ തപാൽവഴി സത്യദീപം അയച്ചുതരുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു മാന്യ ഏജൻറുമാർ പത്രവില നേരത്തേതന്നെ അയച്ചിരിക്കണമെന്നും സംഖ്യ വൈകി അയക്കുന്നവർക്ക് പത്രക്കെട്ട അയക്കുവാൻ ഒരാഴ്ച വൈകുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. തപാൽവഴി അല്ലാതെ ബസ്, ബോട്ട്, ട്രെയിൻ എന്നിവ മാർഗ്ഗം പത്രം കിട്ടുന്ന മററു ഏജൻറുമാരും തലേതിങ്കളാഴ്ചകളിൽ ഇവിടെ കിട്ടത്തക്കവണ്ണം സംഖ്യ മുൻപേർ അടയ്ക്കുന്നതു പത്രക്കെട്ടുകൾ കൃത്യമായി അയച്ചുതരുന്നതിനു സഹായകമായിരിക്കുമെന്നും ഓർപ്പിക്കുന്നു.

മാനേജർ, സത്യദീപം

## ഇടവകവാർത്തകൾ

പാലാരിവട്ടം—സ്ഥലം പള്ളിമേടയിൽവച്ച് 1954 ജനുവരി 1-ാനു- ചേർന്ന യോഗത്തിൽ സെൻറ് വിൻസെൻറ് ഡീ പോൾ സഖ്യം സെൻറ് ജോൺ ബാപ്റ്റിസ്റ്റ്സ് കോൺഫറൻസിന്റെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ബ്ര. കെ. ജി. ജോർജ്ജ് സെക്രട്ടറി; ബ്ര. പി. ജെ. പോൾ വൈസ്പ്രസിഡണ്ട്; ബ്ര എൻ. ജി. തോമസ് ഖജാൻജി; ബ്ര. ടി. വി. ജോസഫ് ജോയിൻറ് സെക്രട്ടറി.

ളാക്കൂർ—മൈലപ്രാ ട്രെയിനിംഗ് സ്കൂൾ മാസ്റ്റർ മി. കെ. എം. തോമസ് അവർകളുടെ പുത്രൻ ടി. മാത്യുവും ളാക്കൂർ എം. പി. സ്കൂൾ മാസ്റ്റർ മി. എം. ചാക്കോയുടെ പുത്രി കെ. സി. അന്നമ്മയും തമ്മിലുള്ള വിവാഹം 1953 ഡിസമ്പർ 28-ാനു- തിങ്കളാഴ്ച പൂങ്കാവ് കത്തോലിക്കാപള്ളിയിൽവച്ച് റവ. വറുഗീസ് വടശ്ശേരിൽ അവർകളുടെ കാർമ്മികത്വത്തിൽ നടന്നിരിക്കുന്നു.

കിഴവറയൻ—സ്ഥലം ചെറുപുഷ്പമിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കാർഷികവിഭവശേഖരണത്തോടനുബന്ധിച്ചു സമ്മേളനം ഡിസമ്പർ 27-ാനു- രാവിലെ 8-30 നു് റവ. ഫാ. ജോസഫ് പ്ലാക്കൂട്ടം അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തി. യോഗത്തിൽ ബ്ര. പി. എം. ജോസഫ് ബി. എസ്‌സി. പ്രസംഗിച്ചു. സമ്മേളനാനന്തരം അദ്ധ്യക്ഷൻ കാർഷികലേലം ഉൽഘാടനംചെയ്തു. ലേലത്തിൽ 235 രൂപ മിഷനു് ലഭിച്ചു. വിഭവദാതാക്കളിൽ പ്രധാനപ്പെട്ട അഞ്ചുപേർക്ക് സമ്മാനങ്ങൾ നൽകി. ഒന്നാംസമ്മാനാർഹമായതു് 100 റാത്തലുള്ള ഒരു ചുവട് കപ്പയായിരുന്നു.

മമ്മിയൂർ—പാലയൂർ മഹാറോനാപ്പള്ളിയുടേയും കോട്ടപ്പടി പള്ളിയുടേയും മദ്ധ്യേ മമ്മിയൂർ എന്ന സ്ഥലത്തുള്ള ലിററിൽഫ്ളവർ കോൺവെൻറിനോടനുബന്ധിച്ചു നവമായി പണികഴിച്ചിരിക്കുന്ന കപ്പേളയുടെ വെഞ്ചരിപ്പും, ഏതാനും നവകന്യകകളുടെ നിത്യവ്രതവാഗ്ദാനസ്വീകരണവും, ദിവ്യകാരുണ്യപ്രദക്ഷിണവും, വി. ക്ലാരയുടെ ഏഴാം ശതാബ്ദജൂബിലി ആഘോഷവും തൃശൂർ മെത്രാൻ മൈററ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ട് 1953 ഡിസമ്പർ 31-ാനു- നടത്തിയിരിക്കുന്നു. തത്സംബന്ധമായി കൂടിയ പൊതുയോഗത്തിൽ ശ്രീമാൻ കെ. സി. ചാക്കോ എം. എ., എം. എസ്. അവർകളുടെ ഉജ്ജ്വലമായ പ്രസംഗവും ഉണ്ടായിരുന്നു.

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## XI. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

*Just Received*

WEDDING SAREES

WHITE HALL

The Silk Palace

DIRECT IMPORTERS

MATTANCHERRY Cochin — BROADWAY Ernakulam

Maximum Sarees Minimum Price is Our Motto

(തുടർച്ച)

ഹിമവൽസേതുപര്യന്തം പരന്നുകിടക്കുന്ന സർവ്വേന്ത്യാ കത്തോലിക്കാസമുദായത്തെ ആകസ്മികമായി അഭിമുഖീകരിച്ചേക്കാവുന്ന അതിഭയങ്കരമായ ഒരു വിപത്തിനെപ്പററി അഖില കേരളീയ കത്തോലിക്കാ കോൺഗ്രസ്സ് സൂക്ഷ്മാവലോകനം ചെയ്യേണ്ടതായിട്ടുണ്ടു്. സമനിരപ്പിൽ നിന്നുകൊണ്ടുള്ള അവരുടെ നോട്ടം വിദൂരതയിലേക്കു പാഞ്ഞുപോകുന്നില്ല. വൻവൃക്ഷങ്ങളേയും ഉയരമേറിയ കുന്നുകളേയും മറികടന്നു് അവരുടെ ദൃഷ്ടി ഇന്ത്യാ സാമ്രാജ്യത്തിൻെറ സർവ്വദിഗന്തങ്ങളിലും വ്യാപിക്കമാറാകണം. ഇന്ത്യൻ രാഷ്ട്രീയസമുദ്രത്തിലെ കലക്കവും കാററും കോളും സാമുദായികമായ വല്ല വ്യതിയാനത്തേയും സംജാതമാക്കിയേക്കുമോ എന്നു ഭയപ്പെടാൻ അവകാശമുണ്ടു്. ഇന്ത്യൻ രാഷ്ട്രീയാന്തരിക്ഷത്തിലെ ശബ്ദകോലാഹലങ്ങൾ അതിൻെറ നാന്ദിയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. സർവ്വേന്ത്യാ കത്തോലിക്കാ സമുദായത്തിൻെറ സ്വൈരജീവിതത്തിനു ഹാനികരമായിത്തീരുമാറു്, അതിൻെറ പുരോഗമനത്തിനു മാർഗ്ഗതടസ്സം ഉണ്ടാകുമാറു് വല്ല ദുർഘടങ്ങളും പൊട്ടിവീഴുവാൻ ഇടയുണ്ടോ എന്നു നാം അവധാനപൂർവ്വം വിചിന്തനം ചെയ്യേണ്ടുന്നതത്രേ. സർവ്വേന്ത്യാ കത്തോലിക്കാ സമുദായശരീരത്തെ ബാധിച്ചേക്കാവുന്ന രോഗം കേരളീയ കത്തോലിക്കാ സമുദായഗാത്രത്തേയും സ്പർശിക്കാതിരിപ്പാൻ ഇടയുള്ളതല്ലല്ലോ. അതിനാൽ ഈ വിഷയത്തിൽ എത്രയും കരുതലോടുകൂടിത്തന്നെ നാം വർത്തിക്കേണ്ടിയിരിക്കുന്നു. ആപത്തിനെ കാണുക, രക്ഷാമാർഗ്ഗം തേടുക, അഭിവൃദ്ധിപദ്ധതികൾ അന്വേഷിക്കുക — ഇതായിരിക്കണം നമ്മുടെ കർത്തവ്യം. ഇന്ത്യൻ രാഷ്ട്രീയാന്തരിക്ഷത്തെ പരിശോധിച്ചറിവാൻ ഉതകത്തക്ക ഒന്നാംതരം ഒരു ഉപകരണം നമുക്കാവശ്യമുണ്ടു്. സർവ്വേന്ത്യാ കാത്തോലിക്കു് കോൺഗ്രസ്സ് എന്ന പേരിൽ ഒരു മികച്ച സ്ഥാപനത്തിൻെറ പ്രവർത്തനം ഇന്ത്യൻ രാഷ്ട്രീയമണ്ഡലത്തിൽ നമുക്കു് അപരിത്യാജ്യമത്രെ. ഇതിൻെറ പ്രയോജനകരമായ രൂപീകരണത്തിനും പ്രായോഗികമായ പ്രവർത്തനത്തിനുമായി ഏതുകൊണ്ടു നോക്കിയാലും പ്രധാന പ്രവർത്തകന്മാരായി ഇറങ്ങേണ്ടതു കേരളീയകത്തോലിക്കർതന്നെ. ഇന്ത്യയിലുള്ള ഏതൊരു ഭൂഭാഗത്തേയും അപേക്ഷിച്ചു് പ്രാചീനതത്തിലും സംഖ്യാബലത്തിലും കേരളീയകത്തോലിക്കർക്കു പ്രാധാന്യവും പ്രാഥമ്യവുമുണ്ടല്ലോ.

കേരളത്തിലുള്ള ഇതരസമുദായങ്ങളെ അപേക്ഷിച്ചേടത്തോളം വിദ്യാഭ്യാസപരമായ വിഷയത്തിൽ കേരളീയകത്തോലിക്കർ മുന്നണിയിൽ നിൽക്കുന്നുണ്ടെന്നു അവർക്കു അഭിമാനിക്കാവുന്നതാണെങ്കിലും, സാമുദായികോന്നമനമുഷ്ട്യാ അവകൊണ്ടുമാത്രം അവർക്കു സംതൃപ്തിയടയുവാൻ പാടുള്ളതല്ല. കാത്തോലിക്കാ വിദ്യാലയങ്ങളുടെ എണ്ണക്കൂടുതലും വണ്ണക്കൂടുതലും സമുദായോന്നമനം സാധിതമാക്കുന്നതിനു സഹായമായിരിക്കുമെന്നു തന്നെയല്ലാ, മതവിഷയകമായി നോക്കുന്നപക്ഷം അതൊരു മഹത്തായ പ്രചരണവേലയായിരിക്കുന്നതുമാണു്. സമുദായോന്നമനം സാർത്ഥകമാകണമെങ്കിൽ വേറെ പലതും സംസ്ഥാപിതമാകേണ്ടിയിരിക്കുന്നു. പരാശ്രയം കൂടാതെ സ്വതന്ത്രമായി കാലയാപനം ചെയ്യുന്നതിനു സമുദായാംഗങ്ങളേയും ഇതരന്മാരേയും അഭ്യസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതായ സാങ്കേതികവിദ്യാലയങ്ങളും സ്ഥാപനങ്ങളും ആവശ്യമത്രേ. കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ പല പല തുറകളിലും കത്തോലിക്കർ ശാസ്ത്രീയപരിശീലനം സമ്പാദിക്കുകയും, തദ്വിഷയങ്ങളിൽ അവർ മുന്നിട്ടിറങ്ങുകയും ചെയ്യേണ്ടതായിട്ടുമുണ്ടു്. ഒരു സമുദായത്തിൻെറ എല്ലാ വശവും അഭിശംസ്യമായവിധം ഉൽക്കർഷം പ്രാപിക്കണമെങ്കിൽ ക്ഷേമകരമായ ജീവിതത്തിനുപയുക്തമായ വ്യവസായത്തിനു സ്വാഗതം നൽകിയേ മതിയാകയുള്ളു. സാമ്പത്തികമായ വിഷയങ്ങളിൽ മനുഷ്യർക്കു ശ്വാസംമുട്ടൽ കൂടാതെ കഴിഞ്ഞുകൂടുവാൻ സംഗതിയാകേണ്ടതാണു്. പണദൗർല്ലഭ്യം ഒന്നുകൊണ്ടുമാത്രം പലരുടേയും മനോധർമ്മപുഷ്പം വികസിതമാവാതെ ഞെട്ടററു നിലംപതിക്കുന്നുണ്ടു്. അത്യന്താപേക്ഷിത കാലങ്ങളിൽ സ്വല്പം വെള്ളമോ വളമോ നൽകുന്നതായാൽ മൊട്ടുകൾ താഴെ വീഴാതെ പുഷ്പിച്ചു് മഹത്തരമായ ഫലം തരത്തക്ക പല പല തൈകളും കേരളീയകത്തോലിക്കാരാമത്തിൽ നിൽപുണ്ടെന്നു നമുക്കറിയാം.

സമുദായാഭിവൃദ്ധിക്കു പ്രത്യക്ഷത്തിൽ ഹാനികരമായിരിക്കുന്ന ഒന്നിനെപ്പററി ഈ സന്ദർഭത്തിൽ വിസ്മരിക്കുവാൻ പാടുള്ളതല്ല. സ്ത്രീധനസമ്പ്രദായം സമുദായനശീകരണക്രമിയാണെന്നു പറയുന്നതിൽ ലവലേശവും അതിശയോക്തിയില്ലതന്നെ. ഇപ്പോഴത്തെ സ്ത്രീധനഏർപ്പാടു് പലവിധത്തിലും ദോഷകരമാണെന്നു കേരളീയക്രിസ്ത്യാനികൾ പൊതുവെ സമ്മതിക്കുന്നതാണെങ്കിലും അതിനെ പരിഹരിക്കുന്ന വിഷയത്തിൽ സൃഷ്ടിപരമായ യാതൊരു മാർഗ്ഗവും ഇതുവരെ പുറത്തുവന്നിട്ടില്ലെന്നു അനുശോചിക്കേണ്ടതായിട്ടുണ്ടു്. സ്ത്രീധനത്തുക കാലക്രമേണ പൊങ്ങിപ്പൊങ്ങി വലിയ ധനവാനെപ്പോലും അടിപെടുത്തുവാൻ തക്കവണ്ണം അതു് ഒരു ഭയങ്കരജന്തുവായി പരിണമിച്ചിരിക്കുന്നു. പല പല കുടുംബങ്ങളേയും അതു വഴിയാധാരമാക്കിത്തീർത്തിട്ടുണ്ടു്. പലരേയും അതു ദാരിദ്ര്യതിക്തകം കുടിപ്പിക്കുകയും ചെയ്യുന്നു.

വേദപ്രചാര പ്രവർത്തനത്തിൻെറ പൂർവ്വാധികാവശ്യകതയേയും, വൈദികവൃന്ദത്തിനുമാത്രമായി നീക്കിവെക്കേണ്ടുന്ന ഒരു കൃത്യനിർവ്വഹണമല്ല അതെന്നുള്ളതിനേയുംപററി സംക്ഷിപ്തമായിട്ടെങ്കിലും ഇവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്. ഒരു സാധാരണ കത്തോലിക്കനുപോലും ഈ കാര്യത്തിൽ അലസനായിരിപ്പാൻ കഴിവുള്ളതല്ല. കാത്തോലിക്കാ തിരുസ്സഭ കുരിശിന്മേൽ തൂങ്ങിക്കിടക്കുന്ന മിശിഹായുടെ മർമ്മപരമായ ശരീരമത്രെ. സർവ്വലോകരേയും ദൈവത്തിങ്കലേക്കു് അടുപ്പിക്കുവോളം അതു് ആ വിധത്തിൽ തൂങ്ങിക്കിടക്കുകയും ചെയ്യും. കുരിശിന്മേൽ കിടക്കുന്ന ആ തിരുശരീരമാകുന്ന തിരുസഭ അതിനെ പീഢിപ്പിക്കുന്നവരെ ഉദ്ദേശിച്ചു്, "അവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ അവരോടു് ക്ഷമിക്കണമേ" എന്നു ഇന്നും മനോവേദനയോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരിക്കയാണു്. പാതകികളുടെ മാനസാന്തരത്തിനും പാപികളുടെ വിമോചനത്തിനുമായി സ്വജീവനെ പണയപ്പെടുത്തിയ മിശിഹായുടെ ആ തിരുശരീരം ഇപ്പോഴും ആ പഴയ ബലിയെത്തന്നെ ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കാൽവരിക്കുന്നിന്മേൽവെച്ചു ഒരു പടയാളി തിരുശരീരത്തിന്മേൽ കുന്തംകൊണ്ടു്

> മനുഷ്യരിൽനിന്നു ലഭിക്കുന്ന മഹിമ ക്ഷണികമാകുന്നു. ലൗകികമഹിമയെ എപ്പോഴും ദുഃഖം അനുഗമിക്കുന്നു. സജ്ജനങ്ങളുടെ മഹിമ അവരുടെ അന്തഃകരണങ്ങളിലാണു്, മനുഷ്യരുടെ നാവുകളിലല്ല, സ്ഥിതിചെയ്യുന്നതു്. നീതിമാന്മാരുടെ സന്തോഷം ഈശ്വരനിൽനിന്നും ഈശ്വരനിലുമാണു്; അവർ സത്യത്തിൽ ആനന്ദിക്കുന്നു.
>
> —ക്രിസ്ത്വാനുകരണം

കുത്തിയതായി നാം വേദപുസ്തകത്തിൽ വായിക്കുന്നുവല്ലോ. തത്സമയം അതിൽനിന്നു് ലോകരക്ഷാർത്ഥം തിരുരക്തവും വെള്ളവും ഒഴുകിയെന്നും അതിൽ എഴുതപ്പെട്ടിട്ടുണ്ടു്. എന്നാൽ മിശിഹായുടെ മർമ്മപരമായ തിരുശരീരമാകുന്ന കാതോലിക്കാ തിരുസഭയുടെ പൂർവ്വചരിത്രം ആരായുമ്പോൾ വേദപുസ്തകത്തിൽ രേഖപ്പെടുത്തീട്ടില്ലാത്തതായി ശക്തിയേറിയ രണ്ടു കുത്തുകൾകൂടി അതിനനുഭവിക്കാൻ ഇടയായിട്ടുണ്ടെന്നു കാണാം. ഒരിക്കൽ പൗരസ്ത്യരായ ശിശ്മക്കാർ മിശിഹായുടെ ആ പുണ്യശരീരത്തിൻെറ വലത്തുഭാഗത്തായി കുന്തംകൊണ്ടു കുത്തി ഇറങ്ങിപ്പോയി. തിരുരക്തംകൊണ്ടു് വിലകൊടുത്തു വാങ്ങപ്പെട്ട അവർ അതേ, അവിടത്തെ പ്രേമസന്താനങ്ങൾ തന്നെ നിർദ്ദയമായി കുത്തിയ ഒരു ശക്തിയേറിയ കുത്തായിരുന്നു അതെന്നു നാം അനുസ്മരിക്കേണ്ടുന്നതത്രേ. പൗരസ്ത്യശിശ്മക്കാർ എന്ന പേരിനാൽ അറിയപ്പെടുന്ന അവർ നമ്മുടെ ഉററബന്ധുക്കളും സഹോദരങ്ങളുമായ നെസ്തോറിയന്മാർ, യാക്കോബായക്കാർ, ഗ്രീക്കു് സഭക്കാർ മുതലായവരാണെന്നു നാം ഗ്രഹിച്ചിരിക്കണം. സ്വസന്താനങ്ങളിൽനിന്നു് ഒന്നാമതായി അനുഭവിക്കാനിടയായ ആ കുത്തിൻെറ നീററലും തന്നിമിത്തമുണ്ടായ ദുസ്സഹമായ പ്രണയവേദനയുംമൂലം തിരുശരീരം കുരിശിന്മേൽക്കിടന്നു് പിടഞ്ഞുകൊണ്ടിരിക്കവേ തന്നെ, സ്വസന്താനങ്ങളിൽ പാശ്ചാത്യപാഷണ്ഡവാദികളായ ഒരുക്കൂട്ടമാളുകൾ അടുത്തുവന്നു ഇടത്തുവശത്തായി മറെറാരു കുത്തും കൊടുത്തു് ഇറങ്ങിനടന്നു. ലൂഥറന്മാർ, ആംഗ്ലിയാക്കാർ മുതലായ പാശ്ചാത്യപാഷണ്ഡകന്മാർ ഇവർതന്നെ. സ്വസന്താനങ്ങളുടെ ഈ രണ്ടു കുത്തുകളിൽനിന്നും രക്തവും ഒഴുകിയില്ല. വെള്ളവും ചാടിയില്ല. പഴയ റോമാ പടയാളിയുടേതിനെക്കാൾ കർക്കശവും നിന്ദ്യവുമായ സ്വസന്താനങ്ങളുടെ മനസ്ഥിതി ഇത്രമേൽ ദുഷിക്കപ്പെട്ടുവല്ലോ എന്നു കണ്ണുനീരൊഴുക്കി പ്രാർത്ഥിച്ചുകൊണ്ടു് അന്നത്തെ രൂപത്തിൽത്തന്നെ ഇന്നും അതാ, ആ പുണ്യശരീരം കുരിശിന്മേൽ തൂങ്ങിക്കിടക്കുന്നു! ഇങ്ങനെ രണ്ടു് അവസരങ്ങളിലായി രണ്ടുതരം ശിശ്മകളാൽ തിരുസഭയാകുന്ന മിശിഹായുടെ മർമ്മപരശരീരം അതിദയനീയമാംവിധത്തിൽ മുറിവേല്പിക്കപ്പെട്ടിരിക്കുന്നു. അവ കരിച്ചുകളയുന്നതിനെക്കാൾ സ്നേഹപൂർവ്വവും മഹത്തരവുമായ ഒരു പ്രവൃത്തി കത്തോലിക്കർക്കു ചെയ്യാൻ മററില്ലതന്നെ. ആ ശിശ്മപാഷണ്ഡസഭകൾ എപ്പോൾ മാതൃസഭയുമായി പുനസ്സംഘടിക്കപ്പെടുമോ ആ നിമിഷത്തിൽ പ്രസ്തുത മുറിവുകൾ കരിഞ്ഞുപോവുകയായി. മനസ്സിൽ യാതൊരുവക അവജ്ഞയും വിദ്വേഷവും ഇല്ലാതെ, എത്രയോ മനോവിശാലതയോടും സമഭാവനയോടുംകൂടി ശിശ്മപാഷണ്ഡസഭാംഗങ്ങളുമായി കത്തോലിക്കർ വർത്തിക്കേണ്ടതാണു്. സാഹോദര്യപൂർവ്വമായ ആ സഹകരണം ഈ വിഷയത്തിൽ ധന്യമായ ഫലം ചെയ്യുമെന്നുതന്നെ നാം ഗ്രഹിച്ചിരിക്കണം. നിഷ്കളങ്കമായ സ്നേഹത്തിനും സൽപ്രവൃത്തിക്കും സ്വാധീനമാവാത്ത ഒരു കാര്യമല്ല ഇതെന്നു പറയേണ്ടതില്ലല്ലോ. കേവലം അറിവില്ലായ്മകൊണ്ടും തെററിദ്ധാരണനിമിത്തവും നിർഭാഗ്യവശാൽ ആ പാശ്ചാത്യ പൗരസ്ത്യശിശ്മകളിൽ ഉൾപ്പെട്ടുകിടക്കുന്നവരായി നാം എല്ലാവരുടേയും മാംസത്തിൽനിന്നുള്ള മാംസവും രക്തത്തിൽനിന്നുള്ള രക്തവുമായിട്ടുള്ളവരുടെ കാര്യത്തിൽ നമുക്കു വിശിഷ്യാ സഹതപിക്കേണ്ടതായിട്ടുണ്ടു്. മാതൃസഭയാകുന്ന തൊഴുത്തിൽനിന്നു അവർ ഇറങ്ങിപ്പോയിട്ടു് അത്രയധികം സംവത്സരങ്ങളൊന്നും ആയിക്കഴിഞ്ഞിട്ടില്ല. അജ്ഞതകൊണ്ടും സാമുദായികമായ മത്സരവും വാശിയും നിമിത്തവും ഈയൊരു വേർപിരിവിനു അവർക്കു ഇടയായിത്തീർന്നു. ഇന്നും ഏകയോഗമായി നില്ക്കാൻ കഴിവില്ലാതെ അതു പൊട്ടിപ്പൊളിഞ്ഞു് പലേടങ്ങളിലായി ചിതറിക്കിടക്കുന്നു. അന്യോന്യബന്ധവും സഹോദരഭാവവും അവരിൽ നാമാവശേഷമായിത്തീരുകയുംചെയ്തു. അവരുടെ ഈ ദയനീയാവസ്ഥയിൽ സഹതാപം തോന്നി മാതൃതൊഴുത്തിലേക്കായി അവരോരോരുത്തർക്കും സ്നേഹപൂർവ്വം സ്വാഗതമരുളുന്ന മനസ്ഥിതിയത്രേ നാം പ്രത്യക്ഷപ്പെടുത്തേണ്ടതായിട്ടുള്ളതു്. ഇതുകൊണ്ടും നമ്മുടെ വേദപ്രചാരണം സാർത്ഥകമായിത്തീരുന്നതല്ല. സർവ്വജാതികളോടും എവൻജേലിയോൻ പ്രസംഗിച്ചു് സർവ്വമനുഷ്യരേയും ദൈവസന്നിധിയിൽ എത്തിക്കത്തക്കവണ്ണം കർത്തൃകല്പനയെ നാം അക്ഷരംപ്രതി അനുവർത്തിക്കേണ്ടിയിരിക്കുന്നു. ഇന്ത്യാസാമ്രാജ്യം ഈ വിഷയത്തിൽ ഇപ്പോഴും അന്ധകാരമയമായി കിടക്കുകയാണെന്നു നാം ഗ്രഹിച്ചിരിക്കണം.

വർത്തമാനലോകത്തെ ആകമാനം വീക്ഷിക്കുന്നപക്ഷം കാതോലിക്കാസഭയ്ക്കു് പൂർവ്വവൽ പ്രഭാപൂരിതവും മഹത്തരവുമായ ഒരു ഭാവി ആസന്നമായിരിക്കുന്നതായി കാണാം. ആദ്ധ്യാത്മികമോ, സാമുദായികമോ, രാഷ്ട്രീയമോ, സമ്പത്തികമോ ആയ സർവ്വസ്ഥാപനങ്ങൾക്കും ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഇളക്കവും ആട്ടവും തട്ടിയിട്ടുള്ളതായി നമുക്കു കാണുവാൻകഴിയും. റഷ്യയിലെ ബോൾഷെവിസവും, ഇന്ത്യയിലെ ദേശീയപ്രസ്ഥാനവും, ഐറോപ്യരാജ്യങ്ങളിലെ തൊഴിലാളി വഴക്കുകളും മററും ഇതുവരെ ഉറച്ചുനിന്നിരുന്നവയെ അടിയോടെ മറിച്ചുകളയുന്നതല്ലയോ എന്നു സംശയിക്കാവുന്നതത്രേ. കാതോലിക്കാലോകത്തിനു പുറത്തു് എവിടെയും കാണുന്ന അസ്വാസ്ഥ്യത ഒരു രൂപാന്തരത്തെ പ്രദ്യോതിപ്പിക്കുന്നുണ്ടു്. സൂര്യപ്രകാശത്തിനു മുമ്പുള്ള അന്ധകാരമോ, ജനനത്തിനുമുമ്പുള്ള പ്രസവവേദനയോ ആണു് ഇവയെല്ലാമെന്നു് അനുമിക്കാവുന്നതാകുന്നു. "സത്യം എവിടെ, സമാധാനം എവിടെ" എന്നുള്ള അന്വേഷണത്തിൻെറയും പരിശോധനയുടേയും പ്രത്യക്ഷലക്ഷ്യങ്ങളായി ഇവയെ ഗണിക്കേണ്ടിയിരിക്കുന്നു. ഒടുവിൽ അവ രണ്ടും എവിടെയെന്നു ഏതൊരു നിരീശ്വരൻെറപോലും സത്യാന്വേഷണബുദ്ധി കണ്ടുപിടിക്കാതിരിക്കയില്ല. ഇടിയോടും മിന്നലോടുംകൂടി കാർമേഘങ്ങൾ പൊഴിക്കുന്ന വെള്ളം കരിമ്പാറയെപ്പോലും ഭേദിച്ചു് ഒടുവിൽ സമുദ്രത്തിലേക്കല്ലാതെ ഒഴുകിച്ചേരുന്നില്ലല്ലോ. ഫലം, ഒരുപക്ഷേ, ദീർഘകാലത്തിനുശേഷമേ പ്രത്യക്ഷപ്പെടുകയുള്ളുവെന്നു വന്നേക്കാം. എങ്കിലും ലോകത്തിൻെറ ഇന്നത്തെ ദാഹം എന്തിനായിട്ടുള്ളതാണെന്നു ലോകംതന്നെ നിശ്ചയമായും പ്രസ്പഷ്ടമാക്കിക്കൊള്ളും. മിശിഹാതമ്പുരാൻെറ മണവാട്ടി വിജയിപ്പൂതാക!"

Reg. M. No. 2293

# Sathya Deepam

Vol. 27 — Ernakulam January 13, 1954 — No. 20

## വിവിധവൃത്താന്തങ്ങൾ

### 14-ാമത്തെ ചീഫ് ജസ്റ്റിസ്

അമേരിക്കൻ ഐക്യനാട്ടിലെ സുപ്രിംകോടതി രൂപമെടുത്തിട്ട് ഇക്കഴിഞ്ഞ മാസത്തിൽ 164 കൊല്ലമായി. ആ വാർഷികദിനത്തിൽത്തന്നെ അവിടത്തെ 14-ാമത്തെ ചീഫ് ജസ്റ്റീസ് ചാർജ്ജെടുത്തിരിക്കുന്നു. ഒരു അഭിഭാഷകപ്രമുഖനും, മുമ്പ് കാലിഫോർനിയാ ഗവർണ്ണരുമായിരുന്ന ഏൾ വാറൻ എന്ന പ്രസിദ്ധദേഹത്തെയാണ് ഐസനോവർ ചുമതലയേറിയ ഈ ജോലിക്ക് തിരഞ്ഞെടുത്തിരിക്കുന്നത്. നിയമനം പ്രഖ്യാപനംചെയ്തുകൊണ്ട് പ്രസിഡണ്ട് പറഞ്ഞു: ദീർഘമായ ആലോചനയുടെ ഫലമാണ് ഈ നിയമനം. എന്തുകൊണ്ടെന്നാൽ നീതിയിലും, വിശ്വസ്തതയിലും, മദ്ധ്യസ്ഥിതമായ തത്വശാസ്ത്രത്തിലും, ഭരണമീമാംസയിലും, നിയമവിജ്ഞാനത്തിലും അടിതിയമായ പ്രശസ്തിയുള്ള ഒരാളെയാണ് നമുക്ക് വേണ്ടിയത്. രാജ്യസേവനത്തിൽ രാജ്യനന്മമാത്രം അന്ത്യമായി കരുതുന്ന അത്തരമുള്ള ഒരാൾ നമുക്കുണ്ടെന്നു ഇതാ നമ്മുടെ ജനങ്ങൾക്കു ഇന്നു ബോദ്ധ്യമായിരിക്കുന്നു.

### പ്രസിഡണ്ട് റീയെപ്പററി അഡ്വോക്കെയ്‌റ്റ് പത്രം

ഓസ്ട്രേലിയായിലെ പ്രമുഖ കത്തോലിക്കാപത്രമായ അഡ്വോക്കെയ്‌റ്റ് ദക്ഷിണകൊറിയൻ പ്രസിഡണ്ടിന്റെ നയത്തെപ്പററി ചെയ്തിട്ടുള്ള ചില പ്രസ്താവനകൾ ശ്രദ്ധേയങ്ങളാണ്: കൊറിയൻ പ്രസിഡണ്ടായ സിങ്മാൻ റീയുടെ നയങ്ങളെ കുറിച്ചുള്ള നമ്മുടെ ചില പത്രങ്ങളുടെ വിമർശനങ്ങൾ കണ്ടാൽ, കമ്മ്യൂണിസത്തിനു് എതിരായി നില്ക്കുന്ന എല്ലാവരോടും ഇക്കഴിഞ്ഞ 20 കൊല്ലങ്ങളായി അവർ അനുവർത്തിച്ചുവരുന്ന നയം ഇവിടെയും ആവർത്തിക്കുന്നെന്നേ പറയാനുള്ളൂ. ഇക്കാര്യത്തിലുള്ള അവരുടെ "ഐക്യമുന്നണി" പുത്തനല്ല. ഫ്രാങ്കോയോട് ഇതായിരുന്നു അവരുടെ നയം. ഉടനും, പോളണ്ടിൽ കമ്മ്യൂണിസത്തെ എതിർത്തവരോടും ഈ നയംതന്നെ എടുത്തു പെരുമാറി. ചൈനായുടെ ധീരനേതാവായ ചിയാങ്ങിനോടും ഇതുതന്നെ സമ്പ്രദായം. ധീരോദാത്തനായ മക്കാർതറിന്റെ അനുഭവവും ഇതുതന്നെ. റീയും ഈ ഗണത്തിൽ പെട്ടവനായിത്തീന്നുവെന്നേയുള്ളൂ. റീയുടെ വാദം എത്ര ന്യായയുക്തമാണെന്നു കാലാന്തരത്തിൽ ബോദ്ധ്യമാകും. ഒരമേരിക്കൻ വക്താവിനോട് അദ്ദേഹം പറഞ്ഞതു് ഇങ്ങനെയാണ്: "എത്രയോ തന്ത്രങ്ങൾക്കായി നിങ്ങൾ പടവെട്ടിയോ, ആ തന്ത്രങ്ങളെ ബലികഴിച്ചു് മൂന്നാംകൊല്ലത്തിൽ ഒരുടമ്പടി ചെയ്തുകൊണ്ടു് ഞങ്ങൾക്കു് എന്തു രക്ഷയാണുള്ളതു്? പടക്കളത്തിൽ അടരാടിയിട്ടു് നേടാൻ കഴിയാത്ത കാര്യം കൂടിയാലോചനകൊണ്ടു് സാധിച്ചുകൊള്ളാമെന്നാണോ നിങ്ങൾ വ്യാമോഹിക്കുന്നതു്?"

### റഷ്യാക്കാർ ഉത്തരകൊറിയായിൽ പങ്കെടുത്തിരുന്നോ?

കൊറിയൻ യുദ്ധത്തിൽ റഷ്യൻ സേനാവിഭാഗങ്ങൾ പങ്കെടുത്തിരുന്നില്ല എന്നാണല്ലോ സോവിയററു് ഗവർമ്മെൻറു് ആദ്യന്തം പെരുമ്പറ മുഴക്കിയിരുന്നതു്. രക്ഷപെട്ടു് അമേരിക്കയിൽ എത്തിയ ഒരുത്തരകൊറിയൻ വിമാനഭടൻ പറയുന്നതു കേൾക്കുക. ലഫ്റ്റനൻറു് നോൺ ക്ലംസുക്കു് ഒരു പ്രസ്സ് കോൺഫറൻസിൽ പരസ്യമായി പ്രസ്താവിച്ചു: 150-ൽപ്പരം റഷ്യൻ ബോംബിങ്ങ് വിമാനങ്ങളും, ചെറുതരം മററു പല സമരവിമാനങ്ങളും മഞ്ചൂറിയായിൽനിന്നു ഐക്യരാഷ്ട്രസൈന്യങ്ങളെ ആക്രമിച്ചിരുന്നു. ജൂലൈ 27-ൽ സന്ധി ഒപ്പു വയ്ക്കുന്നതുവരെയും ഇതു നടന്നുവന്നു. റഷ്യൻ വിമാനസേനാനായകന്മാരാണ് ഞങ്ങൾക്കു പരിശീലനം നൽകിക്കൊണ്ടിരുന്നതു്. യുദ്ധത്തിൽ പങ്കെടുത്ത റഷ്യൻ വിഭാഗങ്ങളെല്ലാം ചൈനീസ് യൂണിഫോറം ധരിച്ചിരുന്നു. ആരംഭത്തിൽ റഷ്യൻ വിഭാഗങ്ങൾക്കാണ് വലിയ നഷ്ടം നേരിട്ടതു്. കൊറിയൻ വിഭാഗങ്ങളെ പലപ്പോഴും റിസേർവായി നിറുത്തിയിരിക്കയായിരുന്നു. വിദേശസൈന്യങ്ങൾ കൊറിയായിൽനിന്നു പിൻവലിക്കപ്പെടുമ്പോൾ, ഉത്തരകൊറിയാക്കാർക്കു് തനിച്ചു സമരം തുടരുന്നതിനു് ശക്തിയുണ്ടാകുന്നതിനുവേണ്ടിയാണ് ഈ അടവു് പ്രയോഗിച്ചിരുന്നതു്. സന്ധി കഴിഞ്ഞതിന്റെ ശേഷവും കമ്മ്യൂണിസ്റ്റുകാർ യുദ്ധവിമാനങ്ങൾ കൊറിയായിലേക്കു കടത്തുന്നതായി ഐക്യരാഷ്ട്രകമ്മീഷൻ കണ്ടുപിടിച്ചിട്ടുണ്ടു്.

### ഉപദേശംകൊണ്ടും ഉദ്ദേശം സാധിച്ചില്ല

കൊറിയായിലെ കമ്മ്യൂണിസ്റ്റുഭടന്മാരെ സ്വരാജ്യത്തേക്കു് തിരികെ കൊണ്ടുപോകുന്നതിനുള്ള കമ്മ്യൂണിസ്റ്റുതന്ത്രങ്ങളെല്ലാം വിഫലമായിരിക്കയാണ്. സന്ധിവ്യവസ്ഥപ്രകാരം ഉപദേശിക്കപ്പെടാൻതന്നെ ആദ്യം അവർ വിസമ്മതിക്കയാണല്ലോ ചെയ്തതു്. എന്നിട്ടും ഉപദേശങ്ങൾ തുടന്നു. തിരികെപ്പോകാൻ തങ്ങൾക്കു സമ്മതമില്ലെന്നു അവർ കട്ടായമായി മറുപടികൊടുത്തു. 921 പേരുണ്ടായിരുന്ന ഒരു സംഘത്തിൽനിന്നു് 19 പേരാണ് സ്വദേശത്തേക്കു് മടങ്ങാൻ സമ്മതിച്ചതു്. മി. കാൻഹാം എന്ന പ്രസിദ്ധ പത്രറിപ്പോർട്ടർ ഇതെപ്പററി എഴുതിയിരിക്കുന്നതു കേൾക്കേണ്ടതാണ്. "സാധുക്കളായ ഈ ഭടന്മാരുടെ ധൈര്യം അത്ഭുതാവഹംതന്നെ. അവരുടെ നാടും വീടും സകലതും അവക്കു് നഷ്ടപ്പെടുമെന്നു കണ്ടിട്ടും അവർ കമ്മ്യൂണിസത്തോടു് ധീരതാപൂർവ്വം ചെറുത്തുനില്ക്കുന്നു. ചൈനീസ് ഭടന്മാരാണെങ്കിൽ വെറും കർഷകന്മാരാണ്. രണ്ടു ദശവത്സരക്കാലത്തെ സിവിൽവാറിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചവരാണ്. എങ്കിലും കമ്മ്യൂണിസത്തിന്റെ നിറം കണ്ടിടത്തോളംകൊണ്ടു് അവക്കു മതിയായി. ഐക്യരാഷ്ട്രസൈന്യങ്ങളുമായി അടുത്തറിവാൻ കഴിഞ്ഞിടത്തോളംകൊണ്ടു് മറുവശത്തിന്റെ നിറവും അവക്കു മനസ്സിലായി. അതുകൊണ്ടുതന്നെയാണ് തിരികെപ്പോകാൻ അവർ മനസ്സുകാത്തതു്." കമ്മ്യൂണിസ്റ്റുകാരതേക്കു് ഇതു വലിയ ആക്ഷേപത്തിനു വിഷയമായിട്ടുണ്ടു്. ന്യൂയോർക്കു് ടൈംസ് പത്രം പറയുന്നു: ചുവപ്പുമുഖങ്ങൾ ഇതുനിമിത്തം കടുംചുവപ്പായി പകന്നിരിക്കുന്നു.

### അമേരിക്കൻ കുട്ടികളുടെ സംഭാവന

അമേരിക്കയിലെ ഒൻപതു സ്റ്റേയിററുകളിൽനിന്നുള്ള നാനൂററിയമ്പതോളം കർഷകബാലികാബാലന്മാർ അവരുടെ സമ്മർക്യാമ്പിൽവച്ചു് ചെറിയ തുകകൾ പിരിച്ചെടുത്തു് അറുപത്തേഴുകാൽ ഡോളറുണ്ടാക്കി. മധുരപലഹാരങ്ങൾ മുതലായവ പരിത്യജിച്ചുണ്ടാക്കിയതാണ് ഈ തുകയിൽ അധികഭാഗവും. ഏറിയപങ്കും പെൺകുട്ടികളാണ് ഇതിൽ മുന്നിട്ടുനിന്നു പ്രവത്തിച്ചതു്. ഈ തുകകൊണ്ടു് നവീനരീതിയിലുള്ള രണ്ടു് യന്ത്രകലപ്പകളും വിശേഷതരത്തിലുള്ള തൂമ്പാ, കൂന്താണി മുതലായ ഏതാനും കൃഷിയായുധങ്ങളും വാങ്ങി ഇൻഡ്യൻ കർഷകവിദ്യാർത്ഥികൾക്കായി അവർ അയച്ചുകൊടുത്തിരിക്കുന്നു. ജാമിയാമില്യാ കോളേജിനാണ് ഈ സംഭാവനകൾ ലഭിച്ചതു്. ഒരമേരിക്കൻ വിദഗ്ധന്റെ സഹായത്തോടുകൂടി, കിട്ടിയ അന്നുതന്നെ കോളേജുവിദ്യാർത്ഥികൾ സാധനങ്ങൾ ഉപയോഗിച്ചുനോക്കി. രണ്ടു ക്ഷുറാൻ കാളകളെ കെട്ടി യന്ത്രകലപ്പകൊണ്ടു് ഉഴവുനടത്തിയതിൽ വളരെ ആഴത്തിലും വേഗത്തിലും മണ്ണിളകിയതായി പറയപ്പെടുന്നു. മററു സാമഗ്രികളുടെ ഉപയോഗവും അതുപോലെതന്നെ വിജയപ്രദമായിരുന്നു. കൃഷിവിദഗ്ദ്ധന്മാർ ഈ വേലകൾ നിരീക്ഷിച്ചശേഷം ഇൻഡ്യയിലെ കാർഷികപുരോഗമനത്തിനു് ഈവിധ ഉപകരണങ്ങൾ അത്യധികം സഹായിക്കുമെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു. കോളേജധികൃതന്മാർ അമേരിക്കൻ കുട്ടികളുടെ നന്മനസ്സിനു ഹാർദ്ദമായ കൃതജ്ഞത രേഖപ്പെടുത്തി അയക്കയുണ്ടായി.

### ആളുകൾ തുലഞ്ഞു, കേസു തീന്നില്ലത്രേ!

ആററംബോംബു് രഹസ്യം റഷ്യക്കു് ഒററിക്കൊടുത്ത അമേരിക്കാക്കാരായ റോസെൻബെർഗ്ഗിനെയും ഭാര്യയേയും വിസ്തരിച്ചു് മരണശിക്ഷയ്ക്കു വിധിച്ചു, വധവും നടന്നുകഴിഞ്ഞു. എന്നിട്ടും കമ്മ്യൂണിസ്റ്റുകാരുടെ ആവലാതി അവസാനിച്ചിട്ടില്ല. വല്ലവിധവും അവരെ കൊല്ലാതെ രക്ഷിച്ചെടുക്കണമെന്നു കരുതി ലോകമൊട്ടുക്കുള്ള കമ്മ്യൂണിസ്റ്റുകാർ കിടന്നു കൂക്കുവിളി നടത്തിയതാണ്. എന്നിട്ടും അമേരിക്ക നീതിനടത്തി. എന്നാൽ നീതിയല്ലായിരുന്നു നടന്നതു് എന്ന ആരോപണം ഇന്നും തുടന്നുവരുന്നു. ഇപ്പോൾ അതിലേക്കു് പ്രചരിപ്പിക്കുന്ന ഒരു ന്യായവാദം ഇതാണ്: രണ്ടാംമഹായുദ്ധത്തിനിടയ്ക്കാണ്—1944 ജൂണിനും 1945 ജനുവരിക്കും മദ്ധ്യേ—ഈ ഒററിക്കൊടുക്കൽ നടന്നിട്ടുള്ളതു്. അന്നു റഷ്യാ അമേരിക്കൻ ഭാഗത്തുനിന്നു യുദ്ധം ചെയ്തുകയായിരുന്നു. ആകയാൽ അമേരിക്കയുടെ ശത്രുവല്ല അക്കാലത്തു്. എന്നാൽ അമേരിക്കൻ നിയമം അനുശാസിക്കുന്നതു്, യുദ്ധകാലത്തു് ഈവിധ രഹസ്യങ്ങൾ ശത്രുക്കൾക്കു വെളിപ്പെടുത്തുന്നവക്കു് മരണശിക്ഷ വിധിക്കാമെന്നാണ്. അതുകൊണ്ടു് അമേരിക്കാ ഇക്കാര്യത്തിൽ നീതിവിരുദ്ധമായി പ്രവത്തിച്ചിരിക്കുന്നു. എങ്ങനെയെങ്കിലും അമേരിക്കരെ അനീതിക്കാരായി ഒന്നു ചിത്രീകരിച്ചാൽ കമ്മ്യൂണിസ്റ്റുകാർ സംതൃപ്തരായി. നീതിയായിട്ടു് പ്രവത്തിക്കുന്ന ഒരു രാജ്യമേ ഈ ലോകത്തിലുള്ളൂ. അവരുടെ അഭിപ്രായത്തിൽ— അതായതു് റഷ്യാ! തൊണ്ടിയോടുകൂടി എത്ര കേസ്സു് പിടിച്ചുകൊടുത്താലും അവർ സമ്മതിക്കുന്ന കാലമുണ്ടാകയില്ല!!

### റഷ്യൻ തടിക്കാര്യത്തിൽ അയർലണ്ടിൽ പ്രതിഷേധം

കമ്മ്യൂണിസ്റ്റുറഷ്യയിൽനിന്നു അയർലണ്ടിലേക്കു ഏതാനും തടി വ്യാപാരം നടത്തിയതിലുള്ള ജനപ്രതിഷേധം ഇനിയും അവസാനിച്ചിട്ടില്ല. ലിമെറിക്കു് നഗരസഭയുടെ ഒരു യോഗത്തിൽ ഇതേപ്പററി ഒരു പ്രതിഷേധപ്രമേയം അവതരിപ്പിച്ചുകൊണ്ടു് ഒരു മെമ്പർ ഇങ്ങനെ പ്രസംഗിച്ചു: "ഇരുമ്പഴികളിൽ നടക്കുന്ന മർദ്ദനപരിപാടികളെ നാം അപലപിക്കുന്നു. അതേസമയം മർദ്ദകന്മാരോടു നാം വ്യാപാരത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. അപ്പോൾ നമ്മുടെ പ്രതിഷേധത്തിനു എന്തു വിലയാണുള്ളതു്?" പ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു് വേറൊരു മെമ്പർ പ്രസ്താവിച്ചു: "സോവ്യററുറഷ്യയിൽനിന്നു ഒരു കപ്പൽ തടികൾ ഡബ്ലിനിൽ ഇറക്കിയതിനെപ്പററിയുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയത്തെ സർവ്വശക്തികളോടുംകൂടി ഞാൻ പിന്താങ്ങുന്നു." നാട്ടിൽ യാതൊരുത്തരും ഈ തടികൾ വാങ്ങിപ്പോകരുതെന്നുള്ള നിശ്ചയവും പല സ്ഥലങ്ങളിലും പാസ്സാക്കിവരികയാണ്. "കത്തോലിക്കാത്വത്തിന്റെ ശക്തികേന്ദ്രമെന്നു അഭിമാനിക്കുന്ന ഡബ്ലിൻ നഗരത്തിന്റെ തുറമുഖത്തു്, ഗവർമ്മെൻറിന്റെ അറിവോടുകൂടിയായിരിക്കണമല്ലോ, വോൾഗോ ക്ലോളാംസ്ക്കു് എന്ന റഷ്യൻ കപ്പലിൽനിന്നു് രക്തക്കളങ്കിതമായ രണ്ടായിരം ടൺ തടിയിറക്കിയിരിക്കുന്നതു്. അതിനെപ്പററി സത്വരമായ അന്വേഷണം നടത്തണ'മെന്നുള്ള അഭ്യർത്ഥന പാർലമെൻറിലേക്കു് രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുന്നു.

### ജർമ്മനിയുടെ വത്തിക്കാൻ പ്രതിനിധി

ജർമ്മനിയിൽ അഡെനോയറിനു് വമ്പിച്ച വിജയം സിദ്ധിച്ചതിനോടെ വത്തിക്കാനിലേക്കു് ജർമ്മൻ അംബാസിഡറെ അയക്കുന്ന ആലോചന വീണ്ടും മുറുകിത്തുടങ്ങിയിട്ടുണ്ടു്. ആരെയിരിക്കണമെന്നുള്ള കാര്യത്തിലാണ് ഇപ്പോൾ അഭിപ്രായവ്യത്യാസം. ഒരു പ്രോട്ടസ്റ്റൻറുകാരനെ അംബാസിഡറായി നിയമിക്കണമെന്നു കീഴ്നടപ്പു ഉണ്ടായിരുന്നു എന്നും പ്രോട്ടസ്റ്റൻറുകാർ വാദിക്കുന്നു. അങ്ങനെയൊരു കീഴ്നടപ്പു് വന്നിട്ടുണ്ടെന്നു പറയാനില്ലെന്നും, വത്തിക്കാനിലേക്കുള്ള പ്രതിനിധി ഒരു കത്തോലിക്കനായിരിക്കുന്നതാണ് സമീചീനമെന്നു് കത്തോലിക്കരും വാദിക്കുന്നു. ഏതായാലും രണ്ടിലൊന്നു കാലവിളംബംകൂടാതെ ഉണ്ടാകാതിരിക്കയില്ല.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

